

അധികാരം ജനങ്ങളിലേക്ക്



കേരളത്തിലെ ഗ്രാമീണ, നഗരഭരണം



ജനകീയാസൂത്രണ പ്രസ്ഥാനം


II
തെന്നിമല
X
മാട്ടുത്താവളം
I
ഉപ്പുതറ
XI
ഞണ്ടുപാറക്കുടി
IX
ചപ്പാത്ത്
V
ചിന്നാർ-കിഴക്ക്
VIII
പശുപ്പാറ
III
പൊരികണ്ണി
VII
കാവിയന്താൽ
VI
ചിന്നാർ-പടിഞ്ഞാറ്
IV
കരിന്തരുവി
വർഗീസ്.ബി.ജി
ബ്ലോയിന്തറ.

ഇനിയ ആസൂത്രണം

ഉപ്പുതറ ഗ്രാമപഞ്ചായത്ത്




പഞ്ചായത്ത് കമ്മിറ്റി




ഡെയ്സി സാബു
വൈസ് പ്രസിഡന്റ്




ഇന്ദിരാ ചന്ദ്രമോഹൻദാസ്
പ്രസിഡന്റ്




കെ.കെ. ശിവൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



പി.എം. തോമസ്
മെമ്പർ വാർഡ് II



ജോസ് മാത്യു.
മെമ്പർ വാർഡ് IV




ആർ. ശിവദാസ്
മെമ്പർ വാർഡ് III




പപ്പാ സുബ്രഹ്മണ്യം
മെമ്പർ വാർഡ് VI




അന്നമ്മാ ജോർജ്
മെമ്പർ വാർഡ് VII




ആർ. ബാലകൃഷ്ണൻ
മെമ്പർ വാർഡ് VIII



കെ.കെ. രാജപ്പൻ
മെമ്പർ വാർഡ് X



പി.പി. മാത്യു.
മെമ്പർ വാർഡ് XI



വി.എൻ. സുബാഷ്
സെക്രട്ടറി


ജില്ലാ ബ്ലോക്ക് കമ്മിറ്റി അംഗങ്ങൾ



ബീനാ സുരേന്ദ്രൻ
ജില്ലാ പഞ്ചായത്ത് മെമ്പർ




വി. എം. വർക്കി
ബ്ലോക്ക് പഞ്ചാ. സ്റ്റാന്റിംഗ്
കമ്മിറ്റി ചെയർമാൻ




അഡ്വ. കെ. വിജയൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ


പ്രസിഡന്റ് & സ്റ്റാഫ്




എഡിറ്റോറിയൽ ബോർഡ്




പി.റ്റി. തോമസ്




വി.കെ. കുഞ്ഞുമോൻ




പി.എ. ചാക്കോ



ബി.ജി. വർഗീസ്



റ്റി.ജെ. അജിത്



കെ.വി. ജോസഫ്

റിസോഴ്സ് കമ്മിറ്റി


D.R.P. List

1. പി.റ്റി. തോമസ് (കൺവീനർ).
2. ഇന്ദിര ചന്ദ്രമോഹൻദാസ് (പഞ്ചായത്ത് പ്രസിഡൻറ്).
3. പി.എം. വർക്കി (ബ്ലോക്ക് പഞ്ചായത്ത് മെംബർ).
4. അഡ്വ. കെ. വിജയൻ (ബ്ലോക്ക് പഞ്ചായത്ത് മെംബർ).
5. വി.കെ. കുഞ്ഞുമോൻ.
6. റ്റി.ജെ. അജിത്.
7. പി.എ. ചാക്കോ.
8. കെ. സി. ജോസഫ്.
9. എ. ശിവദാസ്.
10. പി.റ്റി ത്രേസ്യാമ്മ.
11. എം.എസ്. രാമൻകുട്ടി.
12. ബേബി തോമസ്.
13. ജെ. വിൻസൻറ്.
14. ജോയി കിളിറ്റു പറമ്പിൽ.
15. ജോസഫ് ചെറുയിൽ.
16. ടി. മുരളീധരൻ.

L.R.P. List

1. ഡെയ്സി സാബു.
2. കെ.കെ. ശിവൻ.
3. പി.എം. തോമസ്.
4. ജോസ് മാത്യു.
5. ആർ. ശിവദാസ്.
6. പാപ്പാസുബ്രമ്മണ്യം.
7. അന്നമ്മ ജോർജ്ജ്.
8. ആർ. ബാലകൃഷ്ണൻ.
9. കെ.കെ. രാജപ്പൻ.
10. പി.പി. മാത്യു.
11. റ്റി.കെ. രവിചന്ദ്രൻ.
12. കെ.വി. മാത്യു.
13. ഓമന രാജൻ.
14. കെ.പി. കേശവൻ.
15. റ്റി.ഇ രാജൻ.
16. വി.എൻ. രവി.
17. പി. ആർ. വേലായുധൻ.
18. ശോശാമ്മ.
19. സെബാസ്റ്റ്യൻ.
20. വി.എൻ. സോമൻ.
21. ബി.ജി. വറുഗീസ്.
22. എൻ.കെ. തങ്കച്ചൻ.
23. കെ.വൈ. ലൂയീസ്.
24. കെ.കെ.കൃഷ്ണൻ.
25. സി.ജെ. ജോണി.
26. സി.എസ്. രാജേന്ദ്രൻ.
27. എൻ. എസ്. സുരേന്ദ്രൻ.
28. ജോസ് കണിയാംപറമ്പിൽ.
29. ഓമന സോദരൻ
30. എസ്. ആർമുഖം.
31. ഇ.കെ. ബേബി.
32. പൊന്നപ്പൻ കൊച്ചുദേവൻ.
33. വത്സമ്മ അഗസ്റ്റിൻ.
34. റ്റി. എ. ബാലകൃഷ്ണൻ.
35. ആർ. സുരേഷ്.
36. വി.മണി.
37. എ. മോഹനൻ.
38. കിൻസിലി.
39. സുരേഷ്.
40. കെ.ഡി. കുഞ്ഞുമോൻ.
41. ഗോപാലകൃഷ്ണൻ.
42. കെ. വി. രാജു.
43. കെ.എം. കുര്യാക്കോസ്
44. ഏലിയാമ്മ.
45. വി.കെ.രവീന്ദ്രൻ.
46. കൊച്ചുകുട്ടി പി.കെ.
47. സദാനന്ദൻ പിള്ള.
48. അപ്പു.
49. ഷാജി.
50. വനജ.
51. ഡയ്സി.
52. ടോമി.
53. ഗ്രേസി ജോർജ്ജ്
54. ലീല സുകുമാരൻ.
55. റ്റി. എൻ. കരുണൻ.
56. ദേവസ്യാ പൈലി.
57. വി.വി. ഷൺമുഖം.
58. ശിവാനന്ദൻ.
59. കെ. എം. ലൈലാമ്മ.
60. എം.കെ പുഷ്പൻ.
61. എം.ഒ.സ്കറിയ.
62. കെ.കെ. വിശ്വംഭരൻ.
63. സി.ഡി. കുഞ്ഞുമോൻ.
64. എം. ജെ. വാവച്ചൻ.
65. ആർ.ഡി. മനോഹരൻ.
66. പി.വി.ജോസഫ്.
67. വി.കെ. ബിജു.
68. കെ.ജി. കർത്താവ്.
69. കെ.വി. ജയപ്പൻ.

പഞ്ചായത്ത് റിസോഴ്സ് കമ്മിറ്റി



വികസന റിപ്പോർട്ടിന്റെ പണിപ്പുരയിൽ

പഞ്ചായത്ത് റിസോഴ്സ് കമ്മിറ്റിയുടെ സന്ദേശം.

കഴിഞ്ഞകാലങ്ങളിലെ വികസനപ്രവർത്തനങ്ങളിൽ വന്നിട്ടുള്ള ഗുണ- ദോഷ പരിശോധനകൾക്ക് ശേഷം പുതിയ വികസന സംസ്കാരത്തിന് രൂപം നൽകുന്നതിനു വേണ്ടിയാണ് 'ജനകീയ ആസൂത്രണപ്രസ്ഥാനം വിഭാവന ചെയ്തിട്ടുള്ളത്.'

വികസനപ്രവർത്തനങ്ങളുടെ ആസൂത്രണ, രൂപീകരണ, നടത്തിപ്പിൽ യാതൊരു പങ്കുമില്ലാതിരുന്ന, സാധാരണ ജനങ്ങളെ, മുഴുവൻ കാര്യങ്ങളിലും പങ്കാളികളാക്കുക എന്ന, അതിബൃഹത്തായ ദൗത്യമാണ്, ഇതിലൂടെ നിർവ്വഹിക്കപ്പെടാൻ പോകുന്നത്.

ദരിദ്രർ കൂടുതൽ ദാരിദ്ര്യത്തിലേക്കും പണക്കാർ കൂടുതൽ ആസ്തികളിലേക്കും വളരുന്ന, നിലവിലുള്ള സംവിധാനം ഉടച്ചുവാർക്കേണ്ടിയിരിക്കുന്നു.

ആഹാരം, വസ്ത്രം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ മുഴുവൻ ആളുകളുടെയും മൗലിക അവകാശം ആകണം.

'പാമരന് കഞ്ഞി കുമ്പിളിൽ തന്നെ', 'ഒന്നും ശരിയാവുകയില്ല' എന്ന് വിശ്വസിച്ച് കഴിഞ്ഞുകൂടുന്ന, മഹാബഹുഭൂരിപക്ഷം സാധാരണക്കാരേയും, ഈ പ്രക്രിയയുടെ പങ്കാളിത്തത്തിലേക്ക് കൊണ്ടുവരുക, എന്ന ശ്രമകരമായ ഉത്തരവാദിത്വം നമ്മുടെ പഞ്ചായത്തിൽ രൂപീകരിച്ചിരിക്കുന്ന റിസോഴ്സ് കമ്മറ്റി ഏറ്റെടുത്തിരിക്കുന്നു.

ഈ സംരംഭത്തിന്റെ വിജയകരമായ നടത്തിപ്പിലൂടെ, ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളുടെയും, ജനങ്ങളുടെയും, പ്രശ്ന പരിഹാരത്തിനായി, ഒന്നിച്ചൊന്നായ്, അണിനിരക്കാൻ, മുഴുവൻ ആളുകളുടെയും സഹായ സഹകരണങ്ങൾ വിനയ പൂർവ്വം അഭ്യർത്ഥിക്കുന്നു.

എന്ന്

പി. റ്റി. തോമസ് പാഴിയാകൻ
(കൺവീനർ-റിസോഴ്സ് കമ്മിറ്റി)
ഉപ്പുതറ പഞ്ചായത്ത്

ഉപ്പുതറ പഞ്ചായത്ത് മുൻ കമ്മിറ്റികൾ

കെ. എം. മാത്യു (പ്രസിഡൻറ്)

1. ഏബ്രഹാം ചാക്കോ
2. കെ. എം. മാത്യു
3. എം. എസ്. അയ്യപ്പൻപിള്ള
4. കെ.റ്റി. മാത്യു
5. കുട്ടപ്പൻ
6. മൈഥിലി കൃഷ്ണൻകുട്ടി
7. വി.പി. രാഘവൻ

ജി. ബേബി (പ്രസിഡൻറ്)

1. പി. കെ. വാസുക്കുട്ടൻ
2. തോമസ്സ് ജോസഫ്
3. സുമതി കൃഷ്ണൻകുട്ടി
4. കെ. ജെ. ജോസഫ്
5. പി. രാജു
6. എസ്. സി. ചൊള്ളമുത്തു
7. സി. ഒ. ചാക്കോ
8. എം. മണി
9. ജി. ബേബി
10. വി.ജെ. ജോസ്


എസ്. ആർ. ജ്ഞാനയ്യ (പ്രസിഡൻറ്)

1. പി.കെ. വാസുക്കുട്ടൻ
2. കെ. എ. എബ്രഹാം
3. എൽസിമേരി
4. എം. എസ്. അസീസ്സ്
5. എസ്. ആർ. ജ്ഞാനയ്യ
6. സി. എൻ. പീർ മുഹമ്മദ്
7. സി. ഒ. ചാക്കോ
8. പാൽ രാജ്
9. പി. എ. ചാക്കോ
10. എൽസമ്മ ജോൺ

പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	ഉപ്പുതറ ഗ്രാമ പഞ്ചായത്ത്.
ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	:	1. ഉപ്പുതറ. 2. വാഗമൺ (ഭാഗികം). 3. ഏലപ്പാറ (ഭാഗികം).
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	:	1. ഉപ്പുതറ. 2. പശുപ്പാറ.
ബ്ലോക്ക് പഞ്ചായത്ത്	:	കട്ടപ്പന.
താലൂക്ക്	:	പീരുമേട്.
ജില്ല	:	ഇടുക്കി.
അസംബ്ലി മണ്ഡലം	:	പീരുമേട്.
വിസ്തീർണം	:	71.62 ച.കി.മീ.
പ്രസിഡൻറിന്റെ പേര്	:	ഇന്ദിര ചന്ദ്രമോഹൻദാസ്.
വൈസ് പ്രസിഡൻറിന്റെ പേര്	:	ഡയ്സി സാബു.
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	:	കെ.കെ. ശിവൻ.

ഗ്രാമസഭ



ഉപ്പുതറ ഗ്രാമ പഞ്ചായത്ത്

ആമുഖം — ചരിത്രം

അതിസാഹസികരായ ഏഴ് വ്യക്തികളും അവരുടെ കുടുംബാംഗങ്ങളും എൺപത്തിയഞ്ച് (85) വർഷങ്ങൾക്കുമുമ്പ് മലകയറി കാടുകൾ വെട്ടിത്തെളിച്ച് കൃഷിഭൂമിയാക്കി മാറ്റിയതോടുകൂടി ഹൈറേഞ്ചിന്റെ കുടിയേറ്റ കവാടമായ ഉപ്പുതറ ഗ്രാമത്തിന്റെ അറിയപ്പെടുന്ന ചരിത്രം ആരംഭിക്കുകയായി.

തിരുവിതാംകൂർ ഗവൺമെൻറ് തോട്ടവ്യവസായത്തിന് സ്വദേശികൾക്കും, വിദേശികൾക്കും നൽകിയ അനുവാദത്തിന്റെയടിസ്ഥാനത്തിൽ 1910-കളിൽ മീനച്ചിൽ താലൂക്കിൽനിന്നും കർഷകരായ ദേവസ്യ പുതിയാത്ത്, കുര്യൻ മേച്ചേരി, ജോസഫ് കരുവാൻപ്ലാക്കൽ, ഔസേഫ് കാണക്കാലി, ജോസഫ് കൈതക്കൽ, ഫ്രഞ്ചു പാറപ്പുറത്ത്, ചാക്കോ വാലുമ്മേൽ എന്നിവർ വാഗമൺ-ബോണാമി(മുണ്ടപ്ലാ) വഴി ഇവിടെ കുടിയേറി.

മേച്ചേരി കടഭാഗത്തുള്ള ചതുപ്പുനിലങ്ങളിൽ നിന്നും വെള്ളം കുടിക്കുന്നതിനുവേണ്ടി, പെരിയാർ നദി കടന്ന്, കാട്ടുമൃഗങ്ങൾ വരുന്നതിന്റെ രഹസ്യം അന്വേഷിച്ച് നടന്നവർക്ക്, ഈ പ്രദേശത്തെ വെള്ളത്തിന് 'ഉപ്പുരസം' ഉണ്ടെന്നു മനസിലായി.

ഉപ്പുരസം കലർന്ന വെള്ളം ഊറി വരുന്ന ഈ സ്ഥലം "ഉപ്പുതുറ" എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി പിന്നീട് അത് ഉപ്പുതറയായി മാറി.

എത്ര കുടിച്ചാലും മതിവരാത്ത രുചികരമായ വെള്ളം കുടിക്കുവാൻ കൂട്ടത്തോടെ വന്നുകൊണ്ടിരുന്ന കാട്ടുമൃഗങ്ങളും, മലേറിയ, മലമ്പനി തുടങ്ങിയ രോഗങ്ങളും ഈ ഭാഗത്തെ ജീവിതം നരകതുല്യമാക്കി.

ഇവിടെനിന്നും 20 കിലോമീറ്റർ അകലെ മുണ്ടപ്ലാവിൽ (ബോണാമി)എസ്റ്റേറ്റിൽ ഉണ്ടായിരുന്ന ആസ്പത്രിയിൽനിന്ന് വാങ്ങിക്കൊണ്ടുവന്നിരുന്ന കൊയ്നാ ഗുളികകളും മരക്കൊമ്പുകളിൽ കെട്ടി ഉയർത്തിയ ഏറുമാടങ്ങളും മാത്രമായിരുന്നു ഇതിനുള്ള പരിഹാരം. എന്നിരുന്നാലും ഫലഭൂയിഷ്ഠമായ കന്നിമണ്ണിന്റെ ചൂരും, ചുടും ഇവർക്ക് ഉത്സാഹമേകി.

കാലചക്രത്തിന്റെ ഉരുളലിനോടൊപ്പം കച്ച തോർത്ത് ഉടുത്ത് കപ്പയും, കാച്ചിലും, കാന്താരിയും, കട്ടൻകാപ്പിയും കഴിച്ച് രോഗവും മരണവും അവഗണിച്ച് മണ്ണിനോട് മല്ലിടുന്നതിനായി പാലാക്കാരായ നസ്രാണികൾ ഉപ്പുതറയിലേയ്ക്ക് പ്രവഹിച്ചുകൊണ്ടിരുന്നു.

സി. എം. എസ്. മതവിഭാഗത്തിൽപ്പെട്ടവരായിരുന്നു ഇവരിൽ ഭൂരിപക്ഷവും. "ആവശ്യത്തിന് ഔചിത്യമില്ലെന്നു" തെളിയിച്ചുകൊണ്ട് വ്യത്യസ്ഥ സമുദായ അംഗങ്ങൾ കൂടിച്ചേർന്ന് ആരംഭിച്ച കുടിപ്പള്ളിക്കൂടം 1927-ൽ മലയാളം പ്രൈമറി സ്കൂൾ എന്നപേരിൽ സർക്കാർ അംഗീകരിക്കുകയും ബഹു: ഫാദർ ഓണംകുളത്തിനെ ആദ്യത്തെ മാനേജരായും അംഗീകരിച്ചു.

1932-ൽ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നിയമം പ്രാബല്യത്തിൽ വന്നു. 1948-ൽ ഉപ്പുതറയിലെ ഗവൺമെൻറ് ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചു. 1949 -ൽ വിവിധോദ്ദേശ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

1952-ൽ കേരളത്തിൽ പഞ്ചായത്തുകൾ രൂപീകൃതമായപ്പോൾ ഉപ്പുതറ പഞ്ചായത്തും രൂപീകൃതമാവുകയും വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ഇന്നത്തെ വ്യാപാരകേന്ദ്രമായ കട്ടപ്പന അന്നത്തെ ഉപ്പുതറ പഞ്ചായത്തിൻെറ ഒരു വാർഡായിരുന്നു.

വളരെയേറെ വിസ്തൃതിയുണ്ടായിരുന്ന ഉപ്പുതറ പഞ്ചായത്തിൻെറ ആദ്യ പ്രസിഡൻറ് ശ്രീ തൊമ്മച്ചൻ ഇരുപ്പക്കാട് ആയിരുന്നു.

പ്രഥമ കമ്മിറ്റി.

1. തോമസ് വർക്കി ഇരുപ്പക്കാട്ട് (പ്രസിഡൻറ്)
2. വില്യം അന്ത്രയോസ് (വൈസ് പ്രസിഡൻറ്)
3. നേശമണി നാടാർ
4. ജോസഫ് ഔസേഫ് പൊടിപാറ
5. കുഞ്ഞു കുട്ടൻ കുട്ടി
6. ജോസഫ് കുരുവിള
7. രാമൻ കറുപ്പൻ
8. തോമസ് വർക്കി
9. ഗോപാലൻ പാപ്പു

1954-ൽ സെൻറ് ഫിലോമിനാസ് യു. പി. സ്കൂളും, 1957-ൽ ഹൈസ്കൂളും സർക്കാർഅംഗീകാരത്തോടുകൂടി പ്രവർത്തനം ആരംഭിച്ചതോടുകൂടി ഉപ്പുതറ ഗ്രാമം സംസ്ഥാന വിദ്യാഭ്യാസഭൂപടത്തിൽ സ്ഥാനം പിടിച്ചു.

1830- കളിൽ ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിൽ ആരംഭിച്ച ചീന്തലാർ എസ്റ്റേറ്റ്, 1915-ൽ ആരംഭിച്ച ലോൺട്രി എസ്റ്റേറ്റ്, 1925 കളിൽ ആരംഭിച്ച ആലംപള്ളി, പശുപ്പാറ എസ്റ്റേറ്റുകൾ (തേയില)തമിഴ്നാട്ടിൽ നിന്നും ധാരാളം തൊഴിലാളികളെ ഈ നാട്ടിലെത്തിച്ചു. ഇന്നും തമിഴ്നാട്ടിൽ വേരുകൾ സ്ഥിതിചെയ്യുന്ന ഇവർ സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു.

കങ്കാണിമാരുടെ കീഴിൽ അടിമകളെപ്പോലെ പണി ചെയ്ത് തൊഴുത്തുകളെക്കാൾ മോശപ്പെട്ട വീടുകളിൽ താമസിച്ചുവന്നിരുന്ന ഇവരെ രക്ഷപെടാനും അനുവദിച്ചിരുന്നില്ല.

1955-60 മുതൽ ഈ അസംഘടിത തൊഴിലാളികളുടെ തൊഴിൽസ്ഥിരതയ്ക്കും, സേവന-വേതന വർദ്ധനവിനും വേണ്ടി സംഘടിത വിലപേശൽ നടത്തുന്നതിനും വേണ്ടി ഈ തൊഴിലാളികളെ ട്രേഡ് യൂണിയനുകളിൽ അംഗങ്ങളാക്കി ധീരമായ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള ട്രേഡ് യൂണിയൻ നേതാക്കളായ സർവ്വശ്രീ ശ്രീകണ്ഠൻനായർ, ബി. കെ. നായർ, കെ. കരുണാകരൻ, ബേബി ജോൺ എന്നിവർ അഭിമാനത്തോടുകൂടി എന്നെന്നും സ്മരിക്കപ്പെടും.

ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന തൊഴിലാളികളും, കാലാകാലങ്ങളിൽ എത്തിച്ചേർന്നവരുടെയും ശ്രമഫലമായി സഹകരണസംഘങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഈ പ്രദേശങ്ങളിലും പ്രവർത്തനം തുടങ്ങി. ചിന്നാർ, ചീന്തലാർ,വളകോട് ഹൈസ്കൂളുകൾ വിവിധ കാലയളവുകളിൽ ഉണ്ടായിട്ടുള്ളതാണ്.

1960 മുതൽ 1980 വരെയുള്ള കാലഘട്ടം ഉപ്പുതറയ്ക്ക് ശനിദശ ആയിരുന്നു.നാണ്യവിളകളുടെ വിലതകർച്ചയും, പെരിയാറും, തേയില തോട്ടങ്ങളും കൊണ്ട് ബാഹ്യലോകവുമായി ബന്ധപ്പെടാൻ ആവാതെ ഒറ്റപ്പെട്ട പ്രദേശമായി മാറിയതും, ഇടുക്കി പദ്ധതിയുടെ പേരിൽ നിലനിന്നിരുന്ന കുടിയിറക്ക് ഭീഷണിയും ഉപ്പുതറയുടെ വളർച്ചയെ മുരടിപ്പിച്ചുകളഞ്ഞു.

വിസ്തൃതമായ കൃഷിഭൂമികൾ തുണ്ടുകളായി വിറ്റിട്ട് ആളുകൾ മറ്റ് പ്രദേശങ്ങളിലേയ്ക്ക് കുടിയേറുവാൻ ആരംഭിച്ചു. കൃഷിനിലങ്ങൾ പാഴ്ഭൂമിയായിമാറി. സാമ്പത്തികാവസ്ഥ തകർന്നു. അങ്ങനെ ജനജീവിതം മുരടിച്ചുനിന്നു.

1980 മെയ് 1-ന് അന്നത്തെ പൊതുമരാമത്ത് മന്ത്രിയായിരുന്ന ശ്രീ: പി.എം. അബൂബക്കർ ഉദ്ഘാടനം ചെയ്ത ഉപ്പുതറയെ ഉടുമ്പൻചോലയുമായി ബന്ധിപ്പിക്കുന്ന പാലം ഈ നാടിനെ ഉത്സാഹത്തിമിർപ്പിലാക്കി. അന്നത്തെ ധനകാര്യവകുപ്പ് മന്ത്രി ആയിരുന്ന ശ്രീ: കെ. എം. മാണിയുടെയും ശ്രീ: സി.എ. കുര്യൻ എം.എൽ.എ യുടേയും പ്രത്യേകതാല്പര്യം ഉണ്ടായിരുന്നത് കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

1982-83 ൽ പണി ആരംഭിച്ച ഉപ്പുതറ കോട്ടമല എം.എൽ.എ റോഡ് ഉപ്പുതറ പഞ്ചായത്തിനെ ബാഹ്യലോകവുമായി ബന്ധിപ്പിച്ചു. ഇതിനായി നേതൃത്വം നൽകിയ അന്നത്തെ എം.എൽ.എ ശ്രീ. കെ.കെ. തോമസ്സിനോട് ഉപ്പുതറ പഞ്ചായത്ത് എന്നും കടപ്പെട്ടിരിക്കുന്നു.

എറണാകുളം-തേക്കടിയായി ഏറ്റവും കുറഞ്ഞ ദൂരത്തിൽ പണിയുന്ന സംസ്ഥാന ഹൈവേ ഉപ്പുതറ വഴിയായിരിക്കും എന്ന വിശ്വാസത്തിലാണ് ഇവിടുത്തെ ജനങ്ങൾ.

അങ്ങിനെയെങ്കിൽ ഉപ്പുതറ പഞ്ചായത്ത് വികസനത്തിൻെറ പടവുകൾ ഓടിക്കയറും എന്ന കാര്യത്തിൽ സംശയമില്ല.

ഈ പഞ്ചായത്തിനെ ഇന്നത്തെ നിലയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്നതിന് കാലാകാലങ്ങളിൽ നേതൃത്വം നൽകിയ മുൻ പഞ്ചായത്തു പ്രസിഡൻറുമാരായ ശ്രീ: കെ. എം. മാത്യു ഒരപ്പാങ്കൽ, ശ്രീ: ജി. ബേബി, ശ്രീ: എസ്. ആർ. ജ്ഞാനയ്യ എന്നിവരും കാലാകാലങ്ങളിൽ ഉണ്ടായിരുന്ന പഞ്ചായത്ത് മെമ്പറന്മാരും, വിവിധങ്ങളായ പുരോഗമനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള ക്രൈസ്തവ പുരോഹിതന്മാരും ഇതര സമുദായ നേതാക്കളും, നിത്യസ്മരണീയരാണ്.

പലകാരണങ്ങളാൽ ഒട്ടേറെ പരിമിതികൾ ഉണ്ടെങ്കിലും ഇതപര്യന്തമുള്ള ഉപ്പുതറയുടെ സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക വളർച്ചയ്ക്ക് നിസ്തുലസേവനം നല്കിയിട്ടുള്ള മൺമറഞ്ഞവരും ഇപ്പോൾ പ്രവർത്തിച്ചുവരുന്നവരുമായ എല്ലാ പൊതു പ്രവർത്തകരേയും ഇത്തരുണത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

പഠന റിപ്പോർട്ട്



പഠന പര്യടന സംഘം

9-11-1996 ശനി ഒന്നാം ദിവസം

സംഘാംഗങ്ങൾ

1. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്
ഇന്ദിര ചന്ദ്രമോഹൻ ദാസ്
2. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
ശ്രീ. K.K. ശിവൻ
3. ഡി.ആർ.പി. കൺവീനർ
ശ്രീ. P.T. തോമസ്സ്
4. ഡി.ആർ.പി.
ശ്രീ. V.K. കുഞ്ഞുമോൻ
5. ഡി.ആർ.പി.
ശ്രീ. ജോസഫ്, കിളിരൂർപറമ്പിൽ
6. ഗ്രാമപഞ്ചായത്ത് മെമ്പർ
ശ്രീ.P.P. മാത്യു
7. എൽ.ആർ.പി.
ശ്രീ. M.A. കുമാരൻ

പഠന പര്യടന സംഘത്തിൻെറ ഒന്നാം ദിവസം പര്യടനം ഉപ്പുതറ - ഏലപ്പാറ പഞ്ചായത്തുകളുടെ അതിർത്തി പ്രദേശമായ ഒൻപതാം വാർഡിൻെറ ഉണ്ണിചെടിക്കാട് എന്ന സ്ഥലത്തുനിന്നും ആരംഭിച്ചു.

മണ്ണ്

മൊട്ടകുന്ന്, ഫലഭൂയിഷ്ടമല്ലാത്ത ചുവപ്പു നിറം കലർന്ന ചെമ്മണ്ണ്. ഈ പ്രദേശത്തൂക്കുടി ഏലപ്പാറ പഞ്ചായത്തിൽ നിന്നും ആരംഭിക്കുന്ന ഒരു ചെറുതോട് ഉപ്പുതറ പഞ്ചായത്തിൻെറ അതിർത്തിയിലൂടെ ഒഴുകി ഏലപ്പാറ പഞ്ചായത്തിൻെറ തന്നെ മീൻമുട്ടിപ്പാറ എന്ന സ്ഥലത്തേക്ക് ഒഴുകുന്നു.

കൃഷി

ഇതിൽ ഉൾപ്പെട്ടുകിടക്കുന്ന ചതുപ്പു നിലങ്ങളിൽ പ്രധാനമായും ഏലം കൃഷി ചെയ്തു വരുന്നു. കുന്നിൻ പ്രദേശങ്ങളിൽ ഭാഗീകമായി തേയില കൃഷിയാണ്. അവശേഷിക്കുന്ന ഭൂപ്രദേശം അങ്ങിങ്ങ് പാറക്കൂട്ടങ്ങളും പുൽമേടുകളും നിറഞ്ഞതാണ്.

വാർഡ് പ്രദേശത്തെ ആകെ ഭൂമിയിൽ എഴുപത്തിയഞ്ചു ശതമാനം (75%) വരുന്ന പ്രദേശം ഏലം, കാപ്പി, കൊടി, തേയില തുടങ്ങിയ സമ്മിശ്ര കൃഷി ചെയ്തുവരുന്നു. അവശേഷിക്കുന്ന ഇരുപത്തിയഞ്ചു ശതമാനം (25%) ഭൂമിയിൽ അഞ്ചുശതമാനം (5%) വരുന്ന പ്രദേശങ്ങൾ പാറക്കെട്ടുകളാണ്. ഇരുപതു ശതമാനം (20%) വരുന്ന ഭൂമി പുൽമേടുകളായി തരിശ്ശായി കിടക്കുന്നു. ഈ പ്രദേശം കന്നുകാലി വളർത്തലിന് അനുയോജ്യമാണ്.

ഗ്രാമപഞ്ചായത്ത് വാർഡ് - 8

ആലംപള്ളി-പശുപ്പാറ എന്നീ രണ്ട് പ്രധാന തേയിലത്തോട്ടങ്ങൾ ഈ വാർഡിൽ ഉൾപ്പെട്ടു കിടക്കുന്നു.
വിസ്തൃതിയിൽ എഴുപതു ശതമാനം തേയില-ഏലം തോട്ടവും, മുപ്പതു ശതമാനം വരുന്ന പ്രദേശം ഫലഭൂയിഷ്ഠമല്ലാത്ത മൊട്ടകുന്നുകളാണ്. ടി പ്രദേശം ഒട്ടേറെവികസന പ്രവർത്തനങ്ങൾക്ക് അർഹിക്കുന്ന പ്രദേശമാണ്.

ടി വാർഡിലൂടെ ഒഴുകുന്ന ഒരു പ്രധാന തോട് എട്ട്, പതിനൊന്ന്, ആറ്, അഞ്ച്, നാല് എന്നീ വാർഡുകളിലൂടെ ഒഴുകി ഉപ്പുതറ അയ്യപ്പൻകോവിൽ ഏലപ്പാറ പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന പെരിയാർ നദിയിൽചേരുന്നു.

എട്ട്, പതിനൊന്ന് വാർഡുകളിലൂടെ ഒഴുകുന്ന തോടിൽ പശുപ്പാറ എസ്റ്റേറ്റിന്റെയും ആലംപള്ളി എസ്റ്റേറ്റിന്റെയും അതിർത്തിയോടുചേർന്ന് ഒരു ചെക്ക് ഡാം നിർമ്മിച്ചാൽ ജലദൗർലഭ്യം നേരിടുന്ന ഭൂപ്രദേശങ്ങൾക്ക് പ്രയോജനകരമാണ്.

ഗ്രാമപഞ്ചായത്ത് വാർഡ് - 11

ആനപ്പള്ളം, മാമരത്തുംമൊട്ട പ്രദേശം ഒൻപതേക്കർ എന്നീ പ്രധാന മേഖലകൾ പതിനൊന്നാം വാർഡിൽ ഉൾപ്പെട്ടു കിടക്കുന്നു.

ആനപ്പള്ളം, മാമരത്തുംമൊട്ട പ്രദേശം ഉൾപ്പെട്ടു കിടക്കുന്ന പ്രദേശം സമ്മിശ്ര കാർഷികവിളകൾ കൃഷി ചെയ്തു വരുന്നു. (തേയില, കാപ്പി, ഏലം, കുരുമുളക്)

ആനപ്പള്ളം

ഉയർന്ന കുന്നും, താഴ്വര ചതുപ്പും, സമതല ഭൂമിയും ആണ്. ഫലഭൂയിഷ്ഠമായ കറുപ്പു നിറം കലർന്ന മണ്ണാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ അധിവസിക്കുന്ന ഒരു പ്രദേശമാണ്. I.H.D.P കോളനിയായി പ്രഖ്യാപിച്ചു. വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉയർന്ന പ്രദേശങ്ങൾ കൃഷിക്കനുയോജ്യമല്ലാതെ തരിശായി കിടക്കുന്നു. ടി പ്രദേശങ്ങളിൽ കാലിവളർത്തലിന് അനുയോജ്യമാണ്. തേയില, കാപ്പി, ഏലം, കുരുമുളക് എന്നീ സമ്മിശ്ര കൃഷിവിളകൾ ഉണ്ട്.

മാമരത്തുംമൊട്ട ഭാഗം

ഉയർന്ന കുന്നും, അതോടുചേർന്ന താഴ്വരയും ഉൾപ്പെട്ടുകിടക്കുന്നു. ടി പ്രദേശത്ത് തേയില, കാപ്പി, ഏലം, കുരുമുളക് തുടങ്ങിയ സമ്മിശ്രവിളകൾ ഉണ്ട്. ഉയർന്ന പ്രദേശങ്ങൾ കൊച്ചു കൊച്ചു പാറകെട്ടുകളും പുൽമേടുകളും ആണ്. പ്രദേശത്തെ പുൽമേടുകൾ വെട്ടിത്തെളിച്ച് തേയിലകൃഷി തുടങ്ങുവാൻ ശ്രമിച്ചുവരുന്നു.

ഒൻപതേക്കർ ഭാഗം

ടി പ്രദേശം പൊതുവേ പാറക്കെട്ടുകളും പുൽമേടുകളും കൊണ്ട് നിറഞ്ഞ ഒരു പ്രദേശമാണ്. ടി പ്രദേശങ്ങളിൽ കാപ്പി, തേയില, കുരുമുളക്, ഏലം എന്നീ കൃഷിവിളകൾ കാണുന്നു. വളരെയേറെ ജലദൗർലഭ്യം നേരിടുന്ന ഒരു പ്രദേശമാണ്. മഴക്കാലത്ത് ഒഴുകിയെത്തുന്ന വെള്ളം തടഞ്ഞു നിർത്തി കൃഷിക്കാവശ്യമായ വെള്ളം എത്തിക്കുവാൻ കഴിയുമെങ്കിലും അതിനാവശ്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ അടുത്ത നാളുകളിൽ ജനസേവ പ്രോജക്ടിന്റെയും ടി പ്രദേശത്തെ കൃഷിക്കാരുടേയും സഹകരണത്തോടുക്കൂടി (ഒൻപതേക്കർ ടോപ്പ് ജംഗ്ഷൻ) ഈരാറ്റുപേട്ട - കട്ടപ്പന റോഡിന്റെ ഉദ്ദേശം 200 മീറ്ററോളം അടുത്തായി ഒരു വാട്ടർ സ്റ്റോറേജ് നിർമ്മിച്ചിട്ടുണ്ട്.

ഗതാഗത സൗകര്യം

പ്രധാന റോഡുകളുമായി ബന്ധപ്പെടുവാനുള്ള റോഡുകളുടെ അപര്യാപ്തത വളരെയേറെയാണ്. ആനപ്പള്ളം IHDP കോളനിയിലൂടെ കടന്നുപോകുന്നതും നിർമ്മാണത്തിലിരിക്കുന്നതുമായ റോഡ് പശുപ്പാറ ജംഗ്ഷനിൽ എത്തണമെങ്കിൽ ആലംപള്ളി എസ്റ്റേറ്റുടമയുടെ സഹകരണം അത്യന്താപേക്ഷിതമാണ്. എസ്റ്റേറ്റുടമയുടെ നിസ്സഹകരണമാണ് നാളിതുവരെ ഈ റോഡിന്റെ പുരോഗതിക്ക് തടസ്സം എന്ന് ടി പ്രദേശവാസികളിൽ നിന്നും പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. പതിനൊന്നാം വാർഡിനോടു ചേർന്ന് അഞ്ചാം വാർഡിൽ ഉൾപ്പെട്ടുകിടക്കുന്ന ചിന്തലാർ 3-ാം ഡിവിഷനിൽ നിന്നും എം.സി. കവലയിലേയ്ക്കുള്ള ഒരു പ്രധാന വഴി (മാട്ടു വഴി) സഞ്ചാരയോഗ്യമല്ലാതെ കിടക്കുകയാണ്. കിഴുക്കാൻതുക്കായി കിടക്കുന്ന ഈ വഴിയിൽ കുറെ ഭാഗമെങ്കിലും നടകൾ കെട്ടിക്കൊടുക്കണമെന്ന നാട്ടുകാരുടെ ആവശ്യം പരിഗണിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് വാർഡ് - 1

പതിനൊന്നാം വാർഡിന്റെയും ഒന്നാം വാർഡിന്റെയും അതിർത്തിയിലൂടെ കടന്നുപോകുന്ന നിർമ്മാണത്തിലിരിക്കുന്ന ഉപ്പുതറ - വളകോട് റോഡിൽ എം. സി. കവലയിൽ നിന്നുമാണ് ഒന്നാം വാർഡിന്റെ തുടക്കം. കുന്നുകളും അതോടുചേർന്ന സമതലങ്ങളും ആകുന്നു. കുന്നിൻ പ്രദേശങ്ങൾ ഫലഭൂയിഷ്ഠമല്ലാത്ത ചരൽ നിറഞ്ഞ മണ്ണാണ്. ഈ പ്രദേശങ്ങളിൽ കാപ്പി, തേയില, കുരുമുളക്, ഇഞ്ചി എന്നീ വിളകൾ കൃഷി ചെയ്തുവരുന്നു.

സമതലപ്രദേശങ്ങൾ പൊതുവേ ഫലഭൂയിഷ്ഠമായ കറുപ്പുനിറം കലർന്ന വളക്കുറുള്ള മണ്ണാണ്.

റോഡുകൾ

കോട്ടയം-ഉപ്പുതറ പ്രധാന റോഡ് ഒന്നാം വാർഡിൽ കൂടി കടന്നുപോകുന്നു. മറ്റൊരു പ്രധാന റോഡായ (നിർമ്മാണത്തിലിരിക്കുന്നത്) ഈരാറ്റുപേട്ട - കട്ടപ്പന റോഡ് നാലാം വാർഡിൽ കൂടിയാണ് കടന്നു പോകുന്നത്.

ഈരാറ്റുപേട്ട - കട്ടപ്പന റോഡിൽ എം.സി. കവലയിൽ (ചീന്തലാർ മത്തായിപ്പാറ ജംഗ്ഷൻ) നിന്നും 1/2 കി. മീറ്റർ കിഴക്കോട്ട് സഞ്ചരിച്ച് വെട്ടിയാമട കലുങ്കു വഴി (ഈറ്റക്കാനം) ഒരു റോഡ് രണ്ടാം വാർഡിന്റെയും ഒന്നാം വാർഡിന്റെയും അതിർത്തിയിലൂടെ കടന്നുപോകുന്ന മറ്റൊരു പ്രധാന വഴിയായ ഉപ്പുതറ-വളകോട് റോഡുമായി ബന്ധിക്കുന്നു.

ഈരാറ്റുപേട്ട - കട്ടപ്പന റോഡ് ഒന്നാം വാർഡിലെ എം.സി. കവല, ഒൻപതേക്കർ, റ്റോപ്പ് - മറ്റപ്പള്ളി കവല വഴി പഞ്ചായത്തിന്റെ ആസ്ഥാനവും ഒന്നാം വാർഡു പ്രദേശമായ ഉപ്പുതറ ടൗണിൽ എത്തിച്ചേരുന്നു.

ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ നിന്നും (ചീന്തലാർ 3-ാം ഡിവിഷൻ) ആരംഭിക്കുന്ന ഒരു ജീപ്പ് റോഡ് 11-ാം വാർഡു പ്രദേശമായ സൂര്യകാന്തി കവലയിൽ കൂടി കടന്ന് ഒന്നാം വാർഡു പ്രദേശമായ മറ്റപ്പള്ളി ജംഗ്ഷനിൽ എത്തുന്നു.

ഈരാറ്റുപേട്ട - കട്ടപ്പന റോഡിൽ ഒൻപതേക്കർ അംഗൻവാടി ജംഗ്ഷനിൽ നിന്നും ഒൻപതേക്കർ പട്ടികജാതി കോളനിയിലൂടെ കടന്ന് ഒന്നാം വാർഡു പ്രദേശമായ ഈറ്റക്കാനത്തുള്ള വെട്ടിയാമട കലുങ്ക് റോഡുമായി ബന്ധിക്കുന്നു.

എം.സി. കവലയിൽ നിന്നും ഒരു ജീപ്പ് റോഡ് (നിർമ്മാണത്തിലിരിക്കുന്നത്) ഒന്നാം വാർഡിൽ കൂടി കടന്നുപോകുന്ന ഒരു പ്രധാന റോഡായ മത്തായിപ്പാറ - ആശുപത്രി റോഡുമായി ബന്ധിക്കുന്നു. ആകെ വിസ്തൃതിയിൽ 95% വരുന്നത് കാർഷികാവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്നു, സമ്മിശ്ര കാർഷിക വിളകൾ ആണ് കൃഷി ചെയ്യുന്നത്.

പഠന പര്യടന സംഘം

രണ്ടാം ദിവസം 11-11-1996

സംഘാംഗങ്ങൾ

1. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്
ശ്രീമതി. ഇന്ദിര ചന്ദ്രമോഹൻ ദാസ്
2. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
ശ്രീ. K.K. ശിവൻ
3. ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ
K.K. രാജപ്പൻ
4. ഡി.ആർ.പി. കൺവീനർ ശ്രീ.
ജ.T. തോമസ്സ്
5. ഡി.ആർ.പി.
ശ്രീ. V.K. കുഞ്ഞുമോൻ
6. ഡി.ആർ.പി.
ശ്രീ. T.J. അജിത്ത്
7. എൽ.ആർ.പി.
ശ്രീ. Mആ. കുമാരൻ
8. എൽ.ആർ.പി.
ശ്രീ T. ച.കരുണൻ

ഉപ്പുതറ പഞ്ചായത്തിന്റെയും, ഏലപ്പാറ പഞ്ചായത്തിന്റെയും അതിർത്തി പ്രദേശമായ കൊച്ചുകരുന്തരുവി പാലം ജംഗ്ഷനിൽ നിന്നുമാണ് പഠന സംഘത്തിന്റെ പര്യടനം ആരംഭിച്ചത്. അതിർത്തിയിലൂടെ ഒഴുകുന്നതും, ഏഴാം വാർഡിൽ നിന്നും ആരംഭിച്ച് ഏലപ്പാറ - ഉപ്പുതറ പഞ്ചായത്തുകളെ വേർതിരിച്ചുകൊണ്ട് ഒഴുകുന്ന ചെറുതോട്, ചിന്നാർ 4-ാം മൈൽ കൂടി ഒഴുകി ഏലപ്പാറ പഞ്ചായത്തിൽ ഉൽഭവിച്ച് ഒവുകിയെത്തുന്ന കാവേരി മല തോടുമായി ഉപ്പുതറ പഞ്ചായത്തിന്റെ 4-ാം വാർഡിൽ യോജിച്ച് ഒഴുകി പെരിയാർ നദിയിൽ ലയിക്കുന്നു.

പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് അതിർത്തി പ്രദേശമായ കൊച്ചുകരിന്തരുവിയിൽ നിന്നും റെഡ്ലാന്റ് ടീ ഫാക്ടറിക്ക് കിഴക്കുഭാഗത്തുകൂടി ഏഴാം വാർഡിന്റെ മലേപ്പുതുവൽ ജംഗ്ഷനിലെത്തുവാനുള്ള ഒരു നടപ്പാതയുണ്ട്. ഈ പ്രദേശം ചരൽ മണ്ണ് നിറഞ്ഞ മണ്ണാണ്. ഇടവിട്ട് പാറക്കെട്ടുകളുമുണ്ട്. താരതമ്യേന വളക്കകൂറില്ലാത്ത മണ്ണാണ്. കാപ്പി, കൊടി, കുരുമുളക് തുടങ്ങിയ കാർഷികവിളകൾ കൃഷി ചെയ്തു വരുന്നു. അങ്ങിങ്ങ് ഏലകൃഷികളും കാണാം.

മാലേപ്പുതുവൽ ജംഗ്ഷനും, അതോടു ചേർന്ന ഭൂപ്രദേശവും വളക്കുറുള്ള ഫലഭൂയിഷ്ഠമുള്ള കറുപ്പു നിറം കലർന്ന മണ്ണാണ്. തേയില, ഏലം, കാപ്പി, റബർ, തുടങ്ങിയ കാർഷീകവിളകൾ കൃഷി ചെയ്തുവരുന്നു. 7-ാം വാർഡിൽ ഒരു ഹൈസ്ക്കൂൾ ഉണ്ട് (സെന്റ് സെബാസ്റ്റ്യൂസ് H.S.) അർജുനൻ മലയുടെ അടിവാരത്തുനിന്നും ഉൽഭവിക്കുന്ന ഒരു ചെറുതോട് മലേപ്പുതുവൽ, കാപ്പിപ്പതാൽ പ്രദേശങ്ങളെ വേർതിരിച്ച് ആറാം വാർഡിന്റെ അതിർത്തിയിൽ കൂടി ഒഴുകി 4-ാം വാർഡിൽ കൂടി ഒഴുകിയെത്തുന്ന കാവേരിമല തോടുമായി യോജിച്ച് പെരിയാർ നദിയിൽ ലയിക്കുന്നു. മലേപ്പുതുവലിൽ നിന്നും രണ്ടു പ്രധാന വഴികൾ ആരംഭിച്ച് ഒന്ന് കോട്ടയം ഉപ്പുതറ റോഡിൽ ബന്ധിക്കുന്നു. ഒരു റോഡ് കാപ്പിപ്പതാൽ പട്ടിക ജാതി കോളനിയിൽ കൂടി കടന്നു വരുന്ന പ്രധാന റോഡുമായി ബന്ധിച്ച് പശുപ്പാതയിൽക്കൂടി കടന്നുവരുന്ന പ്രധാന റോഡിൽ ചോർന്ന് കോട്ടയം - ഉപ്പുതറ റോഡിൽ ബന്ധിക്കുന്നു. താരതനമ്യേന ഈ പ്രദേശം ഫലഭൂയിഷ്ഠമായ പ്രദേശമാണ്. ആറാം വാർഡിന്റേയും, ഏഴാം വാർഡിന്റെയും അതിർത്തി ജംഗ്ഷനായ കാറ്റാടിക്കവലയിൽ ഒരു അപ്പർ പ്രൈമറിസ്ക്കൂൾ പ്രവർത്തിച്ചു വരുന്നു.

ഗ്രാമപഞ്ചായത്ത് വാർഡ് - 6

ആറാം വാർഡ് പ്രദേശം പൂർണ്ണമായും ചീന്തലാർ ടീ കമ്പനി വക തേയിലത്തോട്ടം ആണ്. ടീ വാർഡിൽ വെസ്റ്റേൺ ഫോറസ്റ്റിന്റെ വക മുന്നൂറ് ഏക്കറോളം വരുന്ന തരിശു ഭൂമിയും, മുപ്പത് ഏക്കറോളം വരുന്ന ചതുപ്പു നിലവും പാഴായിക്കിടക്കുന്നു.

ഒൻപതാം വാർഡിൽ നിന്നും ഉൽഭവിച്ച് ഏഴാം വാർഡ്, പതിനൊന്നാം വാർഡിൽ കൂടി ഒഴുകിയെത്തുന്ന നദി ആറാം വാർഡിലൂടെ കടന്നു പോകുന്നു. ആറാം വാർഡിലെ പ്രധാനപ്പെട്ട ഒരു തേയില ഫാക്ടറിയും ഉണ്ട്. ഫാക്ടറിയുടെ സമീപത്തു കൂടി ഒഴുകുന്ന നദിക്ക് കുറുകെ കോട്ടയം - ഉപ്പുതറ റോഡിൽ എസ്റ്റേറ്റുകാർ നിർമ്മിച്ച ഒരു പഴയ പാലം ഉണ്ട്.

നദീതീരങ്ങളിൽ അങ്ങിങ്ങായി കാർഷിക മേഖലകൾ ഉണ്ട്. എക്കൽ മണ്ണ് അടിഞ്ഞ കറുപ്പുനിറം കലർന്ന ഫലഭൂയിഷ്ടമായ മണ്ണാണ് കാപ്പി, കുരുമുളക് തുടങ്ങിയ ദേഹണ്ഡങ്ങൾ ഉണ്ട്. താല്ക്കാലികവും, കെട്ടുറപ്പുള്ളതുമായ കെട്ടിടങ്ങളും ഉണ്ട്. കാറ്റാടിക്കവലയിൽ പഞ്ചായത്തിന്റെ വക ഒരു കിണർ ഉണ്ട്. പോസ്റ്റാഫീസും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് വാർഡ് - 5

ചീന്തലാർ 3-ാം ഡിവിഷൻ, രണ്ടാം ഡിവിഷൻ ഇവ ഉൾപ്പെട്ടതാണ് അഞ്ചാം വാർഡ്. പൂർണ്ണമായും തേയില - ഏലത്തോട്ടം ആണ്. തോട്ടത്തിന്റെ ഉൾഭാഗത്ത് പലസ്ഥലങ്ങളിലായി സമതല തരിശുഭൂമി കിടക്കുന്നു. ഇത് കൃഷിയ്ക്ക് ഉപയുക്തമായ വളക്കൂറുള്ള കറുപ്പു നിറം കലർന്ന മണ്ണാണ്. ഈ പ്രദേശങ്ങൾ പാഴായി കിടക്കുകയാണ്. 5-ാം വാർഡു പ്രദേശമായ രണ്ടാം ഡിവിഷനിൽ ഒരു പഞ്ചായത്ത് ലോവർ പ്രൈമറി സ്ക്കൂൾ (തമിഴ് - മലയാളം) പ്രവർത്തിച്ചു വരുന്നു. ചീന്തലാർ എസ്റ്റേറ്റിന്റെ നാലു ഡിവിഷനുകളുടെയും ഗ്രൂപ്പ് ആശുപത്രിയും ഇവിടെയുണ്ട്. അഞ്ചാം വാർഡിന്റെ ഏതാണ്ട് 5% വരുന്ന കാർഷിക ഭൂമി ഉയർന്ന കുന്നിൻ പ്രദേശമാണ്. സാമാന്യം ഫലഭൂയിഷ്ടമായ വളക്കൂറുള്ള മണ്ണാണ്. കാപ്പി - കുരുമുളക് - തുടങ്ങിയ സമ്മിശ്ര കൃഷികൾ ഉണ്ട്. ഈ പ്രദേശത്ത് വൈദ്യുതി എത്തിയിട്ടുണ്ട്. അഞ്ചാം വാർഡിൽ ജനസംഖ്യയിൽ പകുതിയോളം വരുന്ന ആളുകൾ ഈ പ്രദേശത്തുനിന്നും നാലു കിലോ മീറ്ററോളം അകലെ 11-ാം വാർഡിന്റെ അതിർത്തിയോടു ചേർന്നു കിടക്കുന്ന ചീന്തലാർ 3-ാം ഡിവിഷനിലാണ് താമസം.

ഗ്രാമപഞ്ചായത്ത് വാർഡ് - 3

ചീന്തലാർ റ്റീ കമ്പനിയിൽപ്പെട്ട ലോൺ ട്രീ ഡിവിഷനും, ചൊരയ്ക്കാമൊട്ടപ്പുതുവൽ, പൊരികണ്ണിപുതുവൽ, പത്തേക്കർ ഭാഗം എന്നിവ ഉൾപ്പെട്ടു കിടക്കുന്നു. കാർഷിക മേഖലയും, തേയിലത്തോട്ടവും ഈ വാർഡിൽ ഉണ്ട്. ഉയരം കുറഞ്ഞ കുന്നിൻ ചെരിവുകളും, സമതലവും ചേർന്നു കിടക്കുന്നതും ഫലഭൂയിഷ്ഠവും, വളക്കൂറുള്ളതും കറുപ്പു നിറം കലർന്ന മണ്ണുള്ള സിംഹഭാഗവും തേയില - ഏലത്തോട്ടങ്ങൾ ആണ്.

ഉയർന്ന കുന്നിൻ പ്രദേശങ്ങൾ, പാറക്കെട്ടുകൾ നിറഞ്ഞതും താരതമ്യേന ഫലഭൂയിഷ്ഠ മല്ലാത്തതുമായ പ്രദേശങ്ങളാണ്. കാർഷിക മേഖലയിൽപ്പെട്ടുകിടക്കുന്നു. കാപ്പി, കുരുമുളക്, കൊടി, തുടങ്ങിയ സമ്മിശ്ര കാർഷിക വിളകൾ ഉണ്ട്. ചീന്തലാർ ടീ കമ്പനിയുടെ പ്രധാനപ്പെട്ട ഒരു റ്റീ ഫാക്ടറി 3-ാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. ഫാക്ടറിയുടെ മുൻഭാഗത്തുകൂടി കോട്ടയം - ഉപ്പുതറ റോഡ് കടന്നു പോകുന്നു. ഈ ഭാഗത്ത് ടി റോഡിൽ നിന്നും പൊരികണ്ണി - ചപ്പാത്ത് എന്നിവിടങ്ങളിലേക്കുള്ള റോഡും ആരംഭിക്കുന്നു. കോട്ടയം - ഉപ്പുതറ റോഡിനു ചേർന്ന് 3-ാം വാർഡിൽ ഒരു പോസ്റ്റാഫീസ് പ്രവർത്തിക്കുന്നുണ്ട്.

എസ്റ്റേറ്റിന്റെ തേയില പ്ളാന്റേഷന് ഉള്ളിൽ 100ൽ അധികം ഏക്കർ ചതുപ്പു നിലവും തരിശു ഭൂമിയും വെറുതേ കിടക്കുന്നു. കൂടാതെ പത്തേക്കർ ഭാഗത്ത് 200 റോളം ഏക്കർ വെസ്റ്റസ് ഫോറസ്റ്റു വകയും പുറംപോക്കുമായ ഭൂമികൾ കിടക്കുന്നു. ടി ഭൂമിയിൽ 100 ഓളം കുടുംബങ്ങൾ 1967 - മുതൽ സ്വന്തമായി നല്ല പുരവച്ച് എല്ലാവിധ ദേഹണ്ഡങ്ങൾ സ്വന്തമായി കൃഷി ചെയ്തു അതിന്റെ ആദായം കൊണ്ട് ഉപജീവിനം കഴിഞ്ഞു വരുന്നു. ഇവരുടെ കൈവശം ഒരു ഏക്കർ മുതൽ മൂന്നും നാലും ഏക്കർ വരെ സ്ഥലങ്ങളുണ്ട്. ആയവയ്ക്ക് ഇതുവരെ പട്ടയം കിട്ടിയിട്ടില്ല എന്നത് പ്രത്യേകം പറയേണ്ടതും ബഹു: കേരള സർക്കാർ ടി കൃഷിക്കാർക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ വന്യ മൃഗങ്ങളുടെ ശല്യം വളരെ വർദ്ധിച്ചിരിക്കുന്നതു കാരണം കപ്പ, ചേന, നെല്ല് മുതലായവ കൃഷി ചെയ്യുവാൻ സാധിക്കാതെ ഇവിടുള്ള കർഷകർ വളരെ വിഷമിക്കുന്നു. ടി തരിശു ഭൂമി കേരള സർക്കാർ ഏറ്റെടുത്ത് കർഷകരുടെ സൊസൈറ്റിക്ക് നൽകുന്ന പക്ഷം കാർഷിക വിളകളുടെ അഭാവം പരിഹരിയ്ക്കാനാവും. ടി മണ്ണ് നല്ല വളക്കൂറുള്ളതാണ്.

കരിന്തരുവി, പൊരികണ്ണിപുതു വലുകൾ സമ്മിശ്ര കൃഷി ഇടങ്ങളാണ്. കൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം ഇല്ല. ഈ വാർഡിൽ രണ്ടു പട്ടിക ജാതി കോളനികൾ ഉണ്ട്. കൂടാതെ ഒരു ലക്ഷം വീടുകോളനിയും.

ഉപ്പുതറ പഞ്ചായത്തിലെ ഒരു പബ്ളിക്ക് മാർക്കറ്റും (കരുന്തരുവി മാർക്കറ്റും) നല്ല നിലയിൽ നടക്കുന്ന സൈമക്ലബ്ബും ഇവിടെ സ്ഥിതിചെയ്യുന്നു. കൂടാതെ ക്ലബ്ബിനോടു ചേർന്ന് രണ്ടു പന്തുകളി സ്ഥലവും സ്ഥിതിചെയ്യുന്നു.

കരുന്തരുവി മാർക്കറ്റിനു സമീപം 23 ലയങ്ങളുടെ അതിരിൽ നിന്നും ഒരു പഞ്ചായത്ത് റോഡ് ആരംഭിച്ച് വട്ടപ്പതാൽ പത്തേക്കർ ബ്ളായിത്തറപ്പടിയിലൂടെ പത്തേക്കർ ഹാബേൽ പടിയിലൂടെ ചെന്ന് കിഴക്കോട്ടുപോയി ഹനീഫാ പടിയിൽ ഉപ്പുതറ പൊരികണ്ണി ചപ്പാത്തു റോഡുമായി സന്ധിക്കുന്നു. ടി റോഡിന് ഉദ്ദേശം 3 കിലോമീറ്റർ നീളം ഉണ്ട്. ടി പത്തേക്കർ വനഭൂമിയിൽ മന്നാന്മാർ എന്ന ഗിരിവർഗ്ഗക്കാരായിരുന്നു മുമ്പ് താമസിച്ചിരുന്നത്.

അഞ്ചാം വാർഡിൽക്കൂടി പാനസംഘം സഞ്ചരിച്ച് പതിനൊന്നാം വാർഡിന്റേയും, പത്താം വാർഡിന്റേയും അതിർത്തിയായ സൂര്യകാന്തിപടിക്കൽ നിന്നും ഉയരം കൂടിയ കുന്നിലൂടെയുള്ള നടപ്പാതയിലൂടെ ഒൻപതേക്കർ ടോപ്പ് ജംഗ്ഷനിൽ എത്തി.

ഈ പ്രദേശം പാറക്കെട്ടുകളാൽ നിറഞ്ഞ ഒരു ഭൂപ്രദേശമാണ്. കൃഷിയുക്തമല്ലാത്ത തരിശായി കിടക്കുന്ന പ്രദേശമാണ്. ഒന്നാം വാർഡു പ്രദേശമായ ഒൻപതേക്കർ അമ്പലമേട് ഭാഗം കൃഷിക്കനുയോജ്യമല്ലാത്ത ചരൽ കല്ലുകൾ കലർന്ന ചെമ്മണ്ണു പ്രദേശമാണ്. തേയില - കാപ്പി - കുരുമുളക് കൊടി എന്നീ സമ്മിശ്ര വിളകളാണുള്ളത്. ഒന്നാം വാർഡിൽപ്പെട്ട കീഴ്ക്കാംതൂക്കായി കിടക്കുന്ന ഈറ്റക്കാനം പ്രദേശം ഫലഭൂയിഷ്ടമല്ലാത്ത ചരൽ കലർന്ന മണ്ണാണ്. ഈ പ്രദേശം വാട്ടർഷെഡ് സ്ക്കീം അനുസരിച്ചുള്ള ജോലികൾ നടന്നു വരുന്നു. കുന്നിന്റെ താഴ്വര താരതമ്യേന വളക്കൂറുള്ള പ്രദേശമാണ്. റബർ, ഏലം, കാപ്പി, തേയില കുരുമുളക് തുടങ്ങിയ കാർഷിക വിളകൾ കൃഷി ചെയ്തു വരുന്നു.

ഒന്നാം വാർഡിൽ ജോസഫ് മാത്യു പടിയിൽ നിന്നും ഉൽഭവിക്കുന്ന തോട് ഒന്നാം വാർഡിന്റെ അതിർത്തിയിലൂടെ ഒഴുകി ഉപ്പുതറ ടൗണിൽക്കൂടി കടന്ന് പെരിയാർ നദിയിൽ സന്ധിക്കുന്നു.

ഗ്രാമപഞ്ചായത്ത് വാർഡ് - 10

ഈ വാർഡ് പ്രദേശം പൂർണ്ണമായും കാർഷിക മേഖലയാണ്. സാമാന്യം ഫലഭൂയിഷ്ടമായ കറുപ്പു നിറം കലർന്ന മണ്ണാണ്. ഉയർന്ന കുന്നിൻ പ്രദേശവും ചരിവു പ്രദേശവും അങ്ങിങ്ങ് ചതുപ്പ് സമതലഭൂമിയും ആണ്.

സമതലങ്ങളിൽ (ചതുപ്പ്) നെൽകൃഷി ചെയ്തുവരുന്നു, ഉയർന്ന കുന്നിൻ മുകളിൽ തേയില - കാപ്പി - കുരുമുളക് തുടങ്ങിയ സമ്മിശ്ര കൃഷി വിളകളാണ്.

പ്രധാന റോഡായ ഉപ്പുതറ - വളകോട് റോഡ് ഈ വാർഡിൽ കൂടിയാണ് കടന്നു പോകുന്നത്.

ഈ വാർഡിന്റെ വടക്ക് അതിർത്തി അറക്കുളം പഞ്ചായത്തിനോട് ചേർന്ന വനപ്രദേശമാണ്. ഈ പ്രദേശം മൊട്ടക്കുന്നുകളും, പാറക്കെട്ടുകളും ആണ്. പത്താം വാർഡ് പ്രദേശമായ മറ്റുതാവളം ജംഗ്ഷനിൽ ഒരു ബ്രാഞ്ച് പോസ്റ്റാഫീസ് പ്രവർത്തിക്കുന്നു.

സമതല ഭൂമിയിൽ (ചതുപ്പ്) നെൽകൃഷിക്ക് ആവശ്യമായ ജലസേചനം നടത്തന്നതിനും മറ്റ് കൃഷി ആവശ്യങ്ങൾക്കുമായി പമ്പ് സെറ്റ് സ്ഥാപിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് വാർഡ് - 2

ഈ വാർഡ് പൂർണ്ണമായും കാർഷിക മേഖലയാണ് ഫലഭൂയിഷ്ടമായ വളക്കൂറുള്ള കറുപ്പു നിറം

കലർന്ന മണ്ണാണ്. കാപ്പി - ഏലം - കുരുമുളക് - റബർ തുടങ്ങിയ സമ്മിശ്ര കാർഷിക വിളകൾ കൃഷിചെയ്യുന്നു. കീഴ്ക്കാം തൂക്കായ കുന്നിൻ പുറങ്ങളും, ചരിവ് ഭൂപ്രദേശവുമുണ്ട്. സാമാന്യം കൃഷിക്കുപയുക്തമായ ഒരു പ്രദേശമാണ്. വാർഡിന്റെ കിഴക്കേ അതിർത്തി പെരിയാർ നദിയാണ്. തീര പ്രദേശം ഫലഭൂയിഷ്ടമാ.യ കറുപ്പു നിറം കലർന്ന മണ്ണുള്ള പ്രദേശമാണ്. പഞ്ചായത്തിലെ പ്രധാന ചികിൽസാ കേന്ദ്രമായ ഉപ്പുതറ പി. എച്ച്. സെന്റർ ഈ വാർഡിലാണ്. ഒ. എം. എൽ. പി. സ്ക്കൂൾ, സെന്റ് ഫിലോമിനാസ് ഹൈസ്ക്കൂൾ, ഫോറസ്റ്റ് ഓഫീസ്, പഞ്ചായത്തിലെ ഏക സിനിമാ തീയേറ്റർ (സോണി) കെ. എസ്. ഇ. ബി. ഓഫീസ്, വീ. ഇ. ഒ. ഓഫീസ്, ടെലി ഫോൺ എക്ചേഞ്ച്, മൃഗാശുപത്രി, ബസ്റ്റാന്റ്, പോലീസ് സ്റ്റേഷൻ എന്നീ സ്ഥാപനങ്ങളും ഈ വാർഡിൽ പ്രവർത്തിക്കുന്നു. ഉപ്പുതറ പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സിരാകേന്ദ്രമാണ് ഒന്നും രണ്ടും വാർഡുകളിൽ ചേർന്നു കിടക്കുന്ന ഉപ്പുതറ ടൗൺ. രണ്ടാം വാർഡിൽ കാക്കത്തോടു ഭാഗത്ത് സർക്കാരിന്റെ നാലുസെന്റ് കോളനി ഉണ്ട്. കോളനിയിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഈ വാർഡിൽ തന്നെ ആസ്പത്രിപ്പടി ജംഗ്ഷനോട് ചേർന്ന് ഒരു ലക്ഷം വീട് കോളനി ഉണ്ട്. (തേനംമാക്കൽ കോളനി). ഇതാണ് ഈ വാർഡിന്റെ പൊതു അവസ്ഥ.

ഗ്രാമപഞ്ചായത്ത് വാർഡ് - 4

പഞ്ചായത്തിന്റെ 4-ാം വാർഡ് പ്രദേശം ഏലപ്പാറ പഞ്ചായത്തിന്റെ അതിർത്തി പ്രദേശമായ ചിന്നാർ നാലാം മൈൽ ജംഗ്ഷനിൽ നിന്നുമാരംഭിക്കുന്നു.

ഈ പ്രദേശം ഉയരം കൂടിയ കുന്നിൻ പ്രദേശവും ഫലഭൂയിഷ്ടമായ കറുപ്പു നിറം കലർന്ന മണ്ണോട്കൂടിയതുമാണ്. കുന്നിൻ പ്രദേശങ്ങളിൽ കാപ്പി - കുരുമുളക് കൊടി, തേയില എന്നീ കൃഷികളുമുണ്ട്.

ചിന്നാർ നാലാം മൈലിൽ തെക്കുഭാഗം കൂടി ഒഴുകിയെത്തുന്ന ചിന്നാർ ഏലപ്പാറ പഞ്ചായത്തിൽ നിന്നും ഒഴുകിയെത്തുന്ന കാവേരിയുമായി ചേർന്ന് കിഴക്കോട്ട് ഒഴുകി ആറാം വാർഡിന്റെ വടക്കു ഭാഗത്തുകൂടി കിഴക്കോട്ട് ഒഴുകി വരുന്ന കരിന്തരുവി ആറുമായി ചേർന്ന് വീണ്ടും കിഴക്കോട്ടൊഴുകി മൂന്നാറുമുക്ക് ഭാഗത്തു വച്ച് പെരിയാറുമായി ചേരുന്നു.

കൈതപ്പതാൽ

നാലാം മൈലിൽ നിന്നും ആറ്റുതീരം ചേർന്ന് പടിഞ്ഞാട്ടു പോകുന്ന റോഡ് നാലാം മൈൽ ലക്ഷം വീട് കോളനിയിൽ കൂടി കടന്ന് വാർഡിലൂടെ തന്നെ നാലാം വാർഡിന്റെയും ഏഴാം വാർഡിന്റെയും ഇടയിലൂടെ കടന്നുപോകുന്ന ഏലപ്പാറ - ഉപ്പുതറ റോഡുമായി എസ്റ്റേറ്റു വക വാച്ചർഷെഡിന് സമീപം ചേരുന്നു.

ഇതിനോട് ചേർന്ന് എസ്റ്റേറ്റ് വക ഏലത്തോട്ടവും, അതിനോട് ചേർന്ന് ഉയരം കൂടിയ കുന്നിൻ പ്രദേശവും, സമതല തീരപ്രദേശവുമാണ്.

തീരപ്രദേശം ഫലഭൂയിഷ്ടമായ കറുപ്പുനിറം കലർന്ന കറുത്ത മണ്ണാണ്. ഈ പ്രദേശത്ത് കാപ്പി - കൊടി, ഏലം തുടങ്ങിയ കാർഷിക വിളകൾ കൃഷി ചെയ്തു വരുന്നു. പൊതുവേ ഫലഭൂയിഷ്ടമായ മണ്ണാണ്.

ഉയർന്ന കുന്നിൻ പ്രദേശങ്ങൾ

സമതല തീരപ്രദേശങ്ങളോടു ചേർന്നുള്ള ഉയർന്ന കുന്നിൻ പ്രദേശങ്ങൾ താരതമ്യേന ഫലഭൂയിഷ്ടമായ കറുപ്പു നിറം കലർന്ന മണ്ണാണ്. തേയില - കാപ്പി - തെങ്ങ് - ഏലം - റബർ - ഇഞ്ചി തുടങ്ങിയ കാർഷിക വിളകൾ കൃഷിചെയ്തു വരുന്നു.

ടി പ്രദേശത്ത് പോസ്റ്റാഫീസും, നാലാംമൈൽ ജംഗ്ഷനിൽ നിന്നും തീരത്തുകൂടി കടന്നുപോകുന്ന റോഡിന്റെ രണ്ടു കിലോമീറ്റർ അകലെയായി റോഡിനോട് ചേർന്ന് ജി.എൽ. പി. സ്ക്കൂളും പ്രവർത്തിക്കുന്നു.

കൈതപ്പതാൽ ടോപ്പ് സാമാന്യം ഫലഭൂയിഷ്ടമായ കറുപ്പ് നിറം കലർന്ന മണ്ണാണ്. സാമാന്യം നല്ല രീതിയിലുള്ള കാർഷിക വിളകൾ കൃഷിചെയ്തു വരുന്നു.

അമ്പലപ്പാറ - വടക്ക് വാലി

കൈതപ്പതാൽ ടോപ്പിൽക്കൂടി കുന്നിൻ മുകളിലൂടെയുള്ള കാർഷിക മേഖല പൊതുവേ കൃഷിയുക്തമായ പ്രദേശമാണ്. ടി പ്രദേശത്തിന്റെ താഴ്വര പ്രദേശമായ ഡെക്കാലി മിച്ച ഭൂമിയായി ഏറ്റെടുത്ത് വിതരണം ചെയ്ത പ്രദേശവുമാണ്. ഇതോടു ചേർന്ന കാർഷിക മേഖല (ചതുപ്പ്) ഭാഗീകമായി നെൽകൃഷിയും ഉണ്ട്. അതോടു ചേർന്ന ചരിവ് പ്രദേശങ്ങളിൽ കാപ്പി - ഏലം - കുരുമുളക്കൊടി - തേയില എന്നീ കാർഷിക വിളകൾ കൃഷിചെയ്തു വരുന്നു.

മിച്ചഭൂമിയിലൂടെ കടന്നുപോകുന്ന റോഡ് ചീന്തലാർ എസ്റ്റേറ്റും, കോട്ടയം കട്ടപ്പന റോഡുമായി ബന്ധപ്പെടുന്നു.

അമ്പലപ്പാറ ഐ.എച്ച്.ഡി.പി. കോളനി ഈ വാർഡിലാണ്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഭക്ത ജനങ്ങൾ സന്ദർശിക്കുന്ന ശുഭാനന്ദാശ്രമം ഈ വാർഡിൽ സ്ഥിതിചെയ്യുന്നു.

ഇതോടു ചേർന്ന് കീഴ്ക്കാം തൂക്കായ പ്രദേശം സമ്മിശ്ര കാർഷിക വിളകളാണ്. അങ്ങിങ്ങ് പാറക്കെട്ടുകളും ഉണ്ട്. ഈ പ്രദേശത്ത് സർക്കാർ അധീനതയിലുള്ള അപ്പർ പ്രൈമറി സ്ക്കൂൾ ഉണ്ട്. മാനേജ്മെന്റിന്റെ നിയന്ത്രണത്തിലുള്ള ഒരു ഹൈസ്ക്കൂളും ഈ വാർഡിലുണ്ട്.

കരുന്തരുവി എസ്റ്റേറ്റ്

വാർഡിന്റെ വിസ്തൃതിയിൽ പകുതിയോളം വരുന്ന പ്രദേശം കാപ്പി - തേയില തോട്ടമാണ്. (മലങ്കര റ്റീ കമ്പനി) പെരിയാറിന്റെ തീരത്തോടു ചേർന്ന് ആ ഫാക്ടറിയും, സ്ഥിതിചെയ്യുന്നു.

ഉപ്പുതറ ഗ്രാമ പഞ്ചായത്ത് അധീനതയിലുള്ള 16.4. ഏക്കർ ഭൂമി കുത്തക പാട്ട വ്യവസ്ഥയിൽ കരുന്തരുവി എസ്റ്റേറ്റിന് നൽകിയിട്ടുണ്ട്.

പൊതുവേ ഈ വാർഡു പ്രദേശം ഫലഭൂയിഷ്ടമായ പ്രദേശമാണ്.

നാലാം വാർഡിന്റെ കിഴക്ക് അതിർത്തി പെരിയാറിനു കുറുകെയുള്ള വളരെയേറെ പഴക്കം ചെന്ന ചപ്പാത്തുപോലെ സ്ഥിതിചെയ്യുന്നു.

ഉപ്പുതറ ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

പഞ്ചായത്തിന്റെ പേര്	:	ഉപ്പുതറ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	1. ഉപ്പുതറ 2. വാഗമൺ 3. ഏലപ്പാറ
ബ്ളോക്ക് പഞ്ചായത്ത്	:	കട്ടപ്പന
താലൂക്ക്	:	പീരുമേട്
അസംബ്ലി മണ്ഡലം	:	പീരുമേട്
പഞ്ചായത്തിന്റെ വിസ്തീർണ്ണം	:	71.62 ച.കി.മി.

അതിരുകൾ

കിഴക്ക്	:	പെരിയാർ നദി
പടിഞ്ഞാറ്	:	മീൻമുട്ടിതോടും, മിച്ചഭൂമിയും
തെക്ക്	:	ചിന്നാർ ആറും, കരിന്തരുവി ആറും
വടക്ക്	:	ഉപ്പുതറ - വളകോട് റോഡ്, കാക്കത്തോട് സംരക്ഷിത വനവും
ജനസംഖ്യ	:	24,030
വാർഡുകൾ	:	11
പ്രസിഡന്റിന്റെ പേര്	:	ശ്രീമതി ഇന്ദിര ചന്ദ്രമോഹൻദാസ് ചാലിക്കരയിൽ
വൈസ് പ്രസിഡന്റ്	:	ഡെയ്സി സാബു
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ	:	ശ്രീ. കെ. കെ. ശിവൻ

ഭൂപ്രകൃതി

അവലംബം	:	വിഭവ ഭൂപടങ്ങൾ, റെവന്യൂ രേഖകൾ, കൃഷിഭവൻ, രേഖകൾ, പഠന പര്യടനം

ഭൂപ്രകൃതിയനുസരിച്ച് ഉപ്പുതറ ഗ്രാമപഞ്ചായത്തിനെ 6 മേഖലകളായി തിരിക്കാം.

1. ഉയർന്ന മലകൾ
2. കുത്തനെ ചെരിവുള്ള ഭൂമി
3. ചെറു ചെരിവു ഭൂമി
4. താഴ്വരകൾ
5. ചതുപ്പു നിലങ്ങൾ
6. പാറക്കെട്ടുകൾ


ഇവയിൽ ഓരോന്നിന്റെയും, വിസ്തൃതി ചുവടേ ചേർക്കുന്നു.

നമ്പർ	തരം	വിസ്തീർണ്ണം (ഹെക്ടർ)	ശതമാനം
1	ഉയർന്ന ലാറ്ററൈറ്റ് മലകൾ	1866	
	പാറക്കെട്ടുകൾ	20	
	നേരിയ മൺ പാളികളുള്ള ഭാഗം	150	
2	ചെറിയ ചെരിവ്	1650	
	ഇടത്തരം ചെരിവ്	550	
	കുത്തനെ ചെരിവ്	600	
3	താഴ്വര	5000	
	ചതുപ്പു നിലങ്ങൾ	3000	
ആകെ		12,486	

ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ ആറുകൾ

1. ചിന്നാർ
2. കരിന്തരുവി ആറ്
3. പെരിയാർ നദി

ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ പ്രധാന റോഡുകൾ



By വർഗീസ് ബി.ജി
ബ്ലായിത്തറ

	ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ തോടുകളുടെ എണ്ണം	
1	അർജുനൻമല തോട്	
2	കാപ്പിപ്പതാൽ തോട്	
3	ഏറുംമ്പടം തോട്	
4	മീൻമുട്ടി തോട്	
5	പാഞ്ചാലിമല തോട്	
6	ആനപ്പള്ളം തോട്	
7	ആലംമ്പള്ളി തോട്	
8	ചീന്തലാർ തോട്	
9	ഒറ്റമരം തോട്	
10	കാക്കത്തോട് തോട്	
11	കരുന്തരുവി തോട്	
12	മേച്ചേരിക്കട തോട്	
13	പത്തേക്കർ തോട്	
14	കാപ്പിപ്പാറ തോട്	
	ഉപ്പുതറ ഗ്രാമപഞ്ചയത്തിലെ റോഡുകൾ	കി. മി.
1	താന്നിമൂട് - ഒൻപതേക്കർ	2.5
2	ഒൻപതേക്കർ - മൂന്നാം ഡിവിഷൻ റോഡ്	3
3	ഒൻപതേക്കർ - മത്തായിപ്പാറ	3
4	മേച്ചേരിക്കട - ഒൻപതേക്കർ	3
5	മേച്ചേരിക്കട - ഈറ്റക്കാനം	5
6	ആസ്പത്രിപ്പടി - മത്തായിപ്പാറ വഴി (ഈറ്റക്കാനം)	2
7	ഉപ്പുതറ - എൽ.പി.എസ്. കവല സിഎസ്.ഐ. പള്ളി	4
8	താന്നിമൂട് - തോണിത്തടി	1.2
9	വെട്ടുകുഴി - അമ്പലക്കവല	2
10	താന്നിമൂട് - എച്ച്.എസ്. കവല	3
11	എച്ച്.എസ്. - കാക്കത്തോട്	1.5
12	എച്ച്. എസ്. - ഹോസ്പിറ്റൽ പടി	3
13	ഹോസ്പിറ്റൽപടി - കാക്കത്തോട്	1
14	താന്നിമൂട് - പൊരികണ്ണി - ഉപ്പുതറ കോട്ടിരിപ്പടി	3
15	കോട്ടിരിക്കൽപടി - പൊരികണ്ണി	2
16	ഊലെയം - കരുന്തരുവി - ചപ്പാത്ത്	2
17	നാലാംമൈൽ - കൊച്ചുകരിന്തിരി - തേവർക്കട്ടിൽപ്പടി	2
18	ചപ്പാത്ത് - പൊരികണ്ണി	2


നമ്പർ	റോഡുകൾ	കി.മി
19	തേവർകാട്ട്പടി - കൊച്ചുകരിന്തരുവി	2
20	വെള്ളപ്പതാൽ - മലേപുതുവൽ	3
21	കാപ്പിപ്പതാൽ - അറപ്പുകാട് - അർജുനൻമല	3
22	കാപ്പിപ്പതാൽ - എച്ച്.എസ്. മലേപുതുവൽ	2
23	മലേപ്പുതുവൽ - അറപ്പുകാട്	1.5
24	കൂവലയറ്റം - പശുപ്പാറ - വാഗമൺ	4
25	പശുപ്പാറ - കണ്ണംകുളം	2
26	പശുപ്പാറ - പുളിങ്കട്ട	2.5
27	പുളിങ്കട്ട - മത്തായിപ്പാറ	3
28	കൂവലയറ്റം - കോട്ടമല	1.5
29	ആസ്പത്രിക്കവല - മത്തായിപ്പാറ	5
30	വളകോട് - പുളിങ്കട്ട	3
31	ഹാബേൽപ്പടി - പത്തേക്കർ	1
32	വിജയാലയം - കുമരികുളം	7
33	കാപ്പിപ്പതാൽ - അറപ്പുകാട്	8
34	പുളിങ്കട്ട - കൊമ്മനം തോട്ടം	4
35	പത്താം നമ്പർ - വാഗമൺ	4
36	ഏറമ്പടം - ചീന്തലാർ	4
37	സി.എസ്.ഐ. പള്ളി - വളകോട്	4
38	കുമരികുളം - പുളിങ്കട്ട	3
39	പശുപാറ - അർജുനൻമലയിലെ ലക്ഷംവീട്	5
40	കാപ്പിപ്പതാൽ - ഇഞ്ചിമല	3
41	താന്നിമൂട് - കാക്കത്തോട്	7
42	വൈപ്പനപ്പടി - കൊച്ചീറ്റക്കാനം	7
43	കൊച്ചുകരുന്തരുവി - മലേപ്പുതുവൽ	2
44	മേച്ചേരിക്കട - സെന്റ് ഫിലോമിനസ് എച്ച്.എസ്. പടി	1
45	മാട്ടുത്താവളം - കാപ്പിപ്പാറ	1.2
46	വാഴക്കാലപ്പുരയിടം - ഏറമ്പടം ലെക്കവാലി (ചീന്തലാർ)	3.5
47	ഏറമ്പാടം - ചീന്തലാർ (കൈതപ്പതാൽ വഴി)	2
48	ഈറ്റക്കാനം - മാട്ടുത്താവളം	2
49	മാട്ടുത്താവളം - പാറപ്ലാക്കൽപടി	0.75
50	മാട്ടുത്താവളം - കുഞ്ഞൻപടി	0.92

	പ്രധാന റോഡുകൾ	
1	കോട്ടയം - കട്ടപ്പന (നാലാം മൈൽ മുതൽ ചപ്പാത്ത്)	4
2	ഏല - ഉപ്പുതറ (കൊച്ചുകരുന്തരുവി - ഉപ്പുതറ)	11
3	ഉപ്പുതറ - കുവലയറ്റം	13
4	കാറ്റാടിക്കവല - പശുപ്പാറ - കുമരികുളം	10
5	ഉപ്പുതറ - ഒൻപതേക്കർ - എം.സി. കവല - മത്തായിപ്പാറ	7
6	ഉപ്പുതറ - പൊരികണ്ണി - ചപ്പാത്ത്	4.5
7	ഉപ്പുതറ - കാക്കത്തോട് - ഒ.എം.എൽ.പി.എസ്.	5.5
8	ഹോസ്പിറ്റൽപടി - ഈറ്റക്കാനം - മത്തായിപ്പാറ	4.5
9	നാലാം മൈയിൽ - കൊച്ചുകരുന്തരുവി	4
10	ചപ്പാത്ത് - കരുന്തരുവി മാർക്കറ്റ് - ഒറ്റമരം - ഊലെയം	4
11	കാറ്റാടിക്കവല - അർജുനൻമല - മലൈപുതുവൽ	5
12	കനിയപ്പാപടി - 10 ഏക്കർ 23 കരിന്തരുവി. മാർക്കറ്റ്	3
	ഉൾപ്പെടുത്തേണ്ട റോഡുകൾ	
1	ഉപ്പുതറ - ഒൻപതേക്കർ മത്തായിപ്പാറ റോഡിൽ നിന്നും ചെട്ടിപ്പതാൽ വഴി - ആനപ്പള്ളം ഐ.എച്ച.ഡി.പി. റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്	
2	ഞാറയ്ക്കൽപ്പടി - കൈതപ്പതാൽ ടോപ്പ് വഴി	2.5
3	മലേപ്പുതുവൽ - അറപ്പുകാട് റോഡ് മിച്ചഭൂമി റോഡുമായി ചേർത്ത് മീൻമുട്ടിപ്പാലത്തിൽ ചേർക്കുക	
4	പശുപാറ ആലംമ്പള്ളി ആനപ്പള്ളം റോഡ്	2
5	ഉപ്പുതറ - ഒൻപതേക്കർ - മത്തായിപ്പാറ റോഡിൽ എം.സി. കവലയിൽനിന്നും 5-ാം വാർഡായ ചീന്തലാർ മൂന്നാം ഡിവിഷനിലേക്കുള്ള മാട്ടുവഴി ജീപ്പുറോഡാക്കി മാറ്റണം.	
6	കടപ്ലാക്കൽപടി അമ്പലപ്പാറ റോഡ്	1.5

ഈ റോഡുകളുടെ താഴെപ്പറയുന്നവ വളരെ അടിയന്തിര പ്രാധാന്യത്തോടുകൂടി പണി പൂർത്തീകരിക്കേണ്ടതാണ്.

1. ഉപ്പുതറ - പൊരിക്കണ്ണി പട്ടികജാതി കോളനി ചപ്പാത്ത്
2. പൊരികണ്ണി - കരിന്തരുവി മാർക്കറ്റ് റോഡ്
3. 23 - കരിന്തരുവി മാർക്കറ്റ് വഴി ചപ്പാത്ത്
4. സൂര്യകാന്തിക്കവല - 3-ാം ഡിവിഷൻ
5. O.M.L.P.S. - കാക്കത്തോട് പുനരധിവാസ കോളനി റോഡ്
6. 6-ാം മൈൽ - 27 പുതുവൽ വഴി - മാമരത്തുംമൊട്ട - No II ഡിവിഷൻ
7. ചെട്ടിപ്പതാൽ - ആനപ്പള്ളം - I.H.D.P. കോളനി റോഡ്
8. മലൈ പുതുവൽ - അറപ്പുകാട് - മീൻമുട്ടിപ്പാലം റോഡ്
9. പശുപ്പാറ - ആലംപള്ളി - ആനപ്പള്ളം
10. ആശുപത്രിപ്പടി - ഈറ്റക്കാനം - മത്തായിപ്പാറ റോഡ്
11. വളക്കോട് - പുളിംകട്ട
12. പുളിംകട്ട - കൊമ്മനംതോട്ടം
13. പശുപ്പാറ - അർജുനൻ മല
14. കാപ്പിപ്പതാൽ - ഇഞ്ചിമല
15. ഉപ്പുതറ - മറ്റപ്പള്ളിക്കവല - M.C കവല - മത്തായിപ്പാറ
16. ഈറ്റക്കാനം - മാട്ടുതാവളം വഴി - പാറപ്ലാക്കൽ
17. മാട്ടുതാവളം - കാപ്പിപ്പാറ
18. വെള്ളപ്പതാൽ - മലൈപ്പുതുവൽ - അർജുനൻമല പുതുവൽ
19. കുര്യൻകണ്ടം - പ്ലാമൂട് - പുളിംകട്ട വഴി - കൂവലയറ്റം റോഡ്
20. ഹനീഫപ്പടി - പത്തേക്കർ ബ്ലായിത്തറ പടി - കരിംന്തരുവി മാർക്കറ്റ്
21. മാട്ടുതാവളം - വട്ടപ്പാറ - മത്തായിപ്പാറ
22. O.M.L.P.S - St ഫിലോമിനാസ് H.S
23. വളകോട്ട - മാമരത്തും മൊട്ട - ആഴംകാല
24. മഞ്ഞനാമറ്റം പടി - ഈറ്റക്കാനം - ഗോപിപ്പടി.
25. ഏറുമ്പടം - അമ്പലപ്പാറ - I.H.D.P. കോളനി.
26. കാപ്പിപ്പതാൽ പട്ടികജാതി കോളനി - അർജുനൻമല പുതുവൽ
27. എരുമേലിപ്പടി - ആറ്റുമാൽ - കാക്കത്തോട് കോളനി.

ഉപ്പുതറ ഗ്രാമപഞ്ചായത്ത്
കാർഷിക ഭൂപടം



കൃഷിയും ജലസേചനവും

ഉപ്പുതറ ഗ്രാമപഞ്ചായത്ത് തുണ്ടുകൃഷിഭൂമികളും, വൻകിട എസ്റ്റേറ്റുകളുമടങ്ങുന്ന ഒരു കാർഷിക ഗ്രാമപ്രദേശമാണ്.

കുത്തനെയുള്ള നൂറുകണക്കിന് കുന്നുകളും, അവയുടെ ചെറുതും ഇടുങ്ങിയതുമായ താഴ്വരകളും, വിസ്തൃതി കുറഞ്ഞ ഏതാനും നിരപ്പു ഭൂമികളും, ചെറുതും വലുതുമായ പാറക്കെട്ടുകളും നിറഞ്ഞതാണ് ഇവിടുത്തെ ഭൂപ്രദേശം.

മുഖ്യ കൃഷി തേയില, ഏലം, കാപ്പി, കുരുമുളക്, തെങ്ങ്, കമുക്, റബർ,ഇഞ്ചി,കപ്പ,പച്ചക്കറി മുതലായവയാണ്.

നാമ മാത്രമായ കണ്ടങ്ങളിൽ നെല്ല്, വാഴ, ഇഞ്ചി, കപ്പ എന്നിവ കൃഷി ചെയ്തുവരുന്നു.

പഞ്ചായത്തിന്റെ പകുതിയോളം ഭാഗം, ഉദ്ദേശം എണ്ണായിരത്തോളം ഏക്കർ വൻകിട തേയിലത്തോട്ടങ്ങളാണ്.

ഈ പഞ്ചായത്തുമായി ബന്ധപ്പെട്ട് പെരിയാർ,ചിന്നാർ, കരിന്തരുവി തുടങ്ങിയ ആറുകളും തോടുകളും ഉണ്ടെങ്കിലും വേനൽക്കാലങ്ങളിൽ ഇവ വരണ്ടുപോകുന്നു.

വൻകിട തേയിലത്തോട്ടങ്ങൾ കഴിച്ചാൽ ബാക്കിവരുന്ന പ്രദേശം ഒരു ഹെക്ടറിൽ കൂടാത്ത ചെറുകിട കർഷകരുടെ ഭൂമിയാണ്.

ഇവിടുത്തെ ചെറുകിട കാർഷികമേഖല ഹൈറേഞ്ചിലെ ആദ്യത്തെ കുടിയേറ്റ പ്രദേശമാണ്. ഇവിടുത്തെ കാർഷികമേഖലയ്ക്ക് എൺപതു വർഷത്തിലേറെ പഴക്കമുണ്ട്. കൃഷിക്കാരിൽ മഹാഭൂരിപക്ഷവും മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്ത് വരുന്നു.

പശ്ചിമഘട്ടത്തിൽപ്പെട്ട ഇവിടുത്തെ കൃഷിഭൂമികൾ ഭൂരിഭാഗവും കുത്തനെയുള്ള ചെരിവുകളായതിനാൽ അവിശ്വസനീയമായ വേഗതയിലുള്ള മണ്ണൊലിപ്പ് ഇവിടുത്തെ പ്രത്യേകതയാണ്.

ഇത്തരത്തിലുള്ള മണ്ണൊലിപ്പുമൂലം കാർഷികമേഖലയുടെ ഫലഭൂയിഷ്ഠിപാടേ നഷ്ടപ്പെട്ടു എന്ന് മാത്രമല്ല ഇങ്ങനെ ഒലിച്ചിറങ്ങുന്ന ടൺ കണക്കിന് മണ്ണ് ഇടുക്കി റിസർവോയറിൽ ചെന്നടിഞ്ഞ് ജലസംഭരണിയുടെ ആഴം കുറഞ്ഞുകൊണ്ടിരിക്കുന്നു. കാലവർഷത്തെക്കാൾ കൂടുതൽ മണ്ണൊലിപ്പ് തുലാവർഷക്കാലത്താണ്.

തുടർച്ചയായ രാസവള, കീടനാശിനി പ്രയോഗങ്ങൾ മണ്ണിന്റെ ഘടനയിലും പി. എച്ച്. നിലയിലും മാറ്റങ്ങൾ വരുത്തിയതും വിളവുകൾ കുറയുവാൻ കാരണമായിട്ടുണ്ട്.

കപ്പ, ചേന, ചേമ്പ്, കാച്ചിൽ, വാഴ, തുടങ്ങിയ കൃഷികളും ലാഭകരമായി വിളവു ലഭിക്കാത്തതിനാൽ കുറഞ്ഞു വരികയാണ്.

പഞ്ചായത്തിന്റെ ഒട്ടുമിക്ക പ്രദേശങ്ങളിലും അനുഭവപ്പെടുന്ന കാട്ടുപന്നി ശല്യം, കുറുകുമ്പു കൃഷിയിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു. തുരപ്പൻ, പന്നി എലി തുടങ്ങിയ എലികളുടെ ശല്യവും ഇപ്പോൾ വർദ്ധിച്ചുവരികയാണ്.

ഈ വക കാരണങ്ങളാൽ തന്നെ വളരെയേറെ കർഷകരെ തേയില കൃഷിയിലേക്ക് തിരിച്ചിട്ടുണ്ട്. വളരെയേറെ വ്യാപകമായി തേയില കൃഷി ആരംഭിച്ചതിനാൽ കൊളുന്തിന്റെ വിപണനത്തിൽ ബുദ്ധിമുട്ടുണ്ടായിത്തുടങ്ങി. കൊളുന്ത് കൊടുക്കുന്നതിന് സ്വകാര്യ വ്യക്തികളെ ആശ്രയിക്കുക മാത്രമാണ് നിലവിലുള്ള സ്ഥിതി.

ഇതിന് പരിഹാരമെന്ന നിലയിൽ ഉപ്പുതറ പഞ്ചായത്ത് പ്രവർത്തനമേഖലയായി ഒരു സഹകരണ തേയില ഫാക്ടറി ആരംഭിക്കണമെന്ന ആവശ്യം മിക്കവാറും എല്ലാ ഗ്രാമസഭകളിൽനിന്നും ഉയർന്നിട്ടുള്ളത് പ്രത്യേകം ഓർമ്മിക്കുന്നു.

ഭൂവിനിയോഗം.

കുത്തനെയുള്ള വലിയ കുന്നുകൾ, ചെരിവു കുറഞ്ഞ ചെറിയ കുന്നുകൾ, വിസ്തൃതി കുറഞ്ഞ ചെറിയ താഴ്വരകൾ, ചതുപ്പു നിലങ്ങൾ എന്നിവയാണ് ഭൂമിയുടെ പൊതു സ്വഭാവം. ചെറുതും വലുതുമായ തോടുകളുടെ സമീപമുള്ള കണ്ടങ്ങളിൽ നെല്ല്(നാമമാത്രമായി), ഇഞ്ചി, വാഴ, കപ്പ, മഞ്ഞൾ, ചേന, ചേമ്പ്, പച്ചക്കറികൾ എന്നിവയും ഏലവും കൃഷിചെയ്തു വരുന്നു.

വലിയകുന്നുകളുടെ താഴെ ഭാഗങ്ങളിലും ചെരിവുകുറഞ്ഞ ചെറിയകുന്നുകളിലും കുരുമുളക്, കാപ്പി, തെങ്ങ്, കമുക്, റബർ, കൊക്കോ, വാഴ എന്നിവ കൃഷിചെയ്തുവരുന്നു. തേയില കൃഷിയും വ്യാപിച്ചിട്ടുണ്ട്. വലിയ കുന്നുകളുടെ ഉയർന്ന സ്ഥലങ്ങളിൽ വളരെയേറെ തരിശുഭൂമികൾ നിലവിൽ ഉണ്ട്.

നാണ്യവിളകൾ മുഴുവൻ തന്നെ രോഗങ്ങളാൽ നാൾക്കുനാൾ നശിച്ചുകൊണ്ടിരിക്കുന്നു. ദ്രുതവാട്ടരോഗം മൂലം കുരുമുളക് കൃഷി നാമമാത്രമായി തീർന്നിരിക്കുന്നു. ഗവൺമെന്റ് നടത്തിവരുന്ന രോഗ പ്രതിരോധ നടപടികളൊന്നും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ചാലെ പച്ചക്കറി കൃഷി ആദായകരമാവുകയുള്ളു.

തേയില കൃഷി

പഞ്ചായത്തിന്റെ 3, 4, 5, 6, 8 വാർഡുകളിലായി വൻകിട തേയിലത്തോട്ടങ്ങൾ നിലനിൽക്കുന്നു. ഇതിൽ പീരുമേട് ടീ കമ്പനി, ലോൺ ടീ എസ്റ്റേറ്റ്, കരിംതരുവി എസ്റ്റേറ്റ്, പശുപ്പാറ എസ്റ്റേറ്റ്, ആലംപള്ളി എസ്റ്റേറ്റ് എന്നിവ അടങ്ങുന്നു.

ഈ തേയില കമ്പനികൾക്കെല്ലാം സ്വന്തമായി ടീ ഫാക്ടറികൾ സ്ഥാപിച്ചിട്ടുള്ളതിനാൽ, കൊളുന്ത്, തേയില പ്പൊടിയാക്കി വിപണനം ചെയ്യുന്നു.

തികച്ചും ശാസ്ത്രീയമായ മാനേജ്മെന്റ് -കൃഷി-വ്യവസായ - വാണിജ്യ മാർഗ്ഗങ്ങളാണ് ഈ എസ്റ്റേറ്റുകൾക്കുള്ളത്.

ഈ തോട്ടങ്ങളോട് ചേർന്ന് ഇവർ, കാപ്പി, ഏലം, കുരുമുളക് മുതലായ വകകളും കൃഷിചെയ്തുവരുന്നു.

ചെറുകിട തേയിലകൃഷി.

പഞ്ചായത്തിന്റെ 1, 2, 3,4, 7, 9,10,11 വാർഡുകളിലായി ഉദ്ദേശം 1500 ഹെക്ടർ ചെറുകിട തേയില തോട്ടങ്ങൾ ഉണ്ട്. അര ഏക്കർ മുതൽ രണ്ടര ഏക്കർ വരെ വരുന്ന തുണ്ടുകളായാണ് ഇവ കൃഷിചെയ്തുവരുന്നത്.

ഈ തോട്ടങ്ങളിൽ ശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങൾ വളരെ കുറവാണ്. ടീ ബോർഡിന്റെ നിരവധിയായുള്ള സേവനങ്ങൾ ഈ കൃഷിക്കാർക്ക് കിട്ടുന്നില്ല. ഇവരെ സഹായിക്കാൻ ഉപയുക്തമായ നിയമനിർമ്മാണം ബോർഡ് നടത്തേണ്ടതാണ്. കൊളുന്ത് വിപണന സൗകര്യം ഇല്ലാത്തത് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. തേയില സംസ്ക്കരണ ഫാക്ടറി ഇല്ലാത്തത് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

ഏലം

അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ പ്രചരിക്കുവാൻ തുടങ്ങിയിട്ടുണ്ടെങ്കിലും, വ്യാപകമല്ല. കാലാവസ്ഥ, മണ്ണിന്റെ വളക്കുറവ്, രോഗബാധ, കൂലി കൂടുതൽ എന്നിവ മൂലം കൃഷി ലാഭകരമാകുന്നില്ല. വിലയിൽ സ്ഥിരതയില്ലാത്തത് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. രജിസ്ട്രേഷൻ ഉള്ളവർ വളരെകുറവായതിനാൽ സ്പൈസസ് ബോർഡിൽ നിന്നുമുള്ള സേവനങ്ങൾ മിക്കവാറും കർഷകർക്ക് കിട്ടുന്നില്ല. സ്പൈസസ് ബോർഡ് നൽകുന്ന സഹായങ്ങൾ, കയ്യാല വെയ്ക്കുന്നതിനും, ജലസേചനത്തിനും മറ്റും പര്യാപ്തമല്ല. ഇവ പരിമിതവും, കാലഹരണപ്പെട്ട നിരക്കിലും ആണ്. മിക്ക ഉദ്യോഗസ്ഥരും കൃഷിക്കാരുടെ മിക്ക പ്രശ്നങ്ങളിലും നിസ്സഹായതയാണ് പ്രകടിപ്പിക്കുന്നത്.

കുരുമുളക്

ഈ രംഗത്ത് സ്പൈസസ് ബോർഡിൽ നിന്നും കാര്യമായ സേവനങ്ങൾ കിട്ടുന്നില്ല. കുരുമുളക് സംരക്ഷണ സമിതികളിൽക്കൂടി കൃഷിഭവനിലൂടെ കിട്ടുന്ന സാഹായങ്ങൾ മതിയാവുന്നില്ല.

കുരുമുളക് കൃഷി നശിച്ചുകൊണ്ടിരിക്കുന്നു. മണ്ണൊലിപ്പ് മൂലം ഫലഭൂയിഷ്ഠി നഷ്ടപ്പെടുന്നത്, മണ്ണിന്റെ രാസഘടന മാറുന്നതും, കാലാവസ്ഥവ്യതിയാനങ്ങളും ജലസേചന സൗകര്യം ഇല്ലാത്തതും, സർവ്വോപരി, കുമിൾ-കീടബാധകളുമാണ് കുരുമുളക് കൃഷി നശിക്കാൻ കാരണം.

പന്നിയൂർ -1 പോലുള്ള ആധുനിക ഇനങ്ങൾ കൃഷിക്കാർ പരിക്ഷിച്ച് തള്ളിക്കളഞ്ഞിരുന്നു. നാടൻ ഇനങ്ങളാണ് കുറേയെങ്കിലും പിടിച്ചു നിൽക്കുന്നത്.

കുരുമുളക് കൃഷിക്ക് വായ്പ നൽകിയ 'SADU' പദ്ധതി കർഷകർക്ക് വിനയായി മാറി.

തെങ്ങ് - കമുക് - റബർ

പഞ്ചായത്തിലുള്ള കാർഷിക മേഖലയിൽ മിക്കവാറും സ്ഥലത്ത് തെങ്ങ്, കവുങ്ങ്, റബർ എന്നിവ കൃഷി ചെയ്തു വരുന്നു.

പച്ചക്കറി കൃഷി

പാവൽ, മുട്ടക്കൂസ്, തക്കാളി, കോളീഫ്ളവർ, കുമ്പളം, മഞ്ഞൾ, ചീര, പയർ, പച്ചമുളക്, വഴുതന, തുടങ്ങിയ പച്ചക്കറികൾ ഇവിടുത്തെ പ്രത്യേകതകളും ഇണങ്ങുന്നതാകായാൽ ഇവയുടെ കൃഷിക്ക് ആവശ്യമായ സഹായങ്ങളും പ്രോത്സാഹനവും നൽകണം.

രാസ കീടനാശിനി പ്രയോഗം പച്ചക്കറി കൃഷിക്ക് കഴിവതും ഒഴിവാക്കാൻ പരിശീലിപ്പിക്കണം. ഈ പ്രദേശത്തെ തക്കാളിയിൽ നിലനിൽക്കുന്ന 'ചുന' ചുവ ഇല്ലാതാക്കാൻ വേണ്ടത് ചെയ്യണം.

നൂതന കൃഷിരീതികൾ

വൻ മുതൽ മുടക്ക് ആവശ്യമായ പൂ കൃഷി വൻ നഷ്ടമായി തീർന്നിരിക്കുകയാണ്. ഈ നഷ്ടം ഒഴിവാക്കാൻ ആവശ്യമായ എല്ലാവിധ പ്രോത്സാഹനങ്ങളും, ലാഭകരമായ മാർക്കറ്റിംഗ് സൗകര്യങ്ങളും ലഭ്യമാക്കണം.

ഓർക്കിഡ്, ആന്തൂറിയം, നേഴ്സറികൾക്ക് സബ്സിഡിയോടുകൂടിയുള്ള വായ്പകൾ ലഭ്യമാക്കണം.

വിള ഇൻഷ്വറൻസ്

കാർഷിക മേഖലയിൽ യഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണം. ഇപ്പോൾ വിള നഷ്ടത്തിന് പരമാവധി കിട്ടുന്നത് 10,000/- രൂപയാണ്. പകരം നഷ്ടം സംഭവിച്ചാൽ നഷ്ടത്തിന് പരിധി വയ്ക്കരുത്.

ഉല്പാദനം കൂടുതലുള്ള ആധുനിക ഇനങ്ങൾ പ്രചാരത്തിൽ ആയി എങ്കിലും വ്യാപകമായില്ല. നാടൻ വർഗ്ഗത്തിലുള്ളവയാണ് ഏറെയും.

കൃഷി ഭവനുകളിൽകൂടി വിതരണം ചെയ്തു വരുന്ന തൈകൾ ആവശ്യത്തിന് തികയുന്നില്ല. കൂടുതൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

വളം, കീടനാശിനികൾ സമയാസമയങ്ങളിൽ ചെയ്യുന്നതിന് ഭൂരിപക്ഷം കർഷകർക്കും സാധിക്കുന്നില്ല. മണ്ണൊലിപ്പും, ജലസേചന സൗകര്യം ഇല്ലായ്മയും വിളവ് കുറയുന്നതിന് കാരണമാകുന്നു. ഇവകൾക്കു പരിഹാരം ഉണ്ടാക്കിയാൽ, ലാഭകരമായി ഇവ കൃഷിചെയ്യുന്നതിന് വലിയ സാധ്യത ഉണ്ട്.

കപ്പ, ചേമ്പ്, ചേന.

പഞ്ചായത്തിന്റെ മുഴുവൻ കാർഷിക മേഖലയിലും കപ്പ, ചേന, മുതലായവ കിഴങ്ങുവർഗ്ഗങ്ങൾ കൃഷിചെയ്തു വരുന്നു.

മണ്ണൊലിപ്പ് നിവാരണ മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ, ഓരോ വർഷവും, ഇളകുന്ന മണ്ണ് നഷ്ടപ്പെടുന്നതിനാൽ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്നതിനാലും വിളവ് ഓരോ വർഷവും കുറഞ്ഞുകുറഞ്ഞു വരുന്നു. ഇരുപതു വർഷങ്ങൾക്കു മുമ്പ് ശരാശരി 25 കിലോഗ്രാം കിട്ടിയിരുന്ന സ്ഥലത്ത് ഇപ്പോൾ ശരാശരി 1/2 - 2 വരെ കിലോഗ്രാം ആണ് വിളയുന്നത്.

ഈ പ്രദേശങ്ങളിലെല്ലാം മണ്ണൊലിപ്പ് നിവാരണ മാർഗ്ഗങ്ങൾ അടിയന്തിര പ്രാധാന്യം നൽകി നടത്തേണ്ടതാണ്.

നെൽകൃഷി

പഞ്ചായത്തിൽ 100-150 ഹെക്ടറോളം കണ്ടങ്ങൾ ഉണ്ടെങ്കിലും

കേവലം 15 – 20 ഹെക്ടർ മാത്രമാണ് നെൽകൃഷി നടത്തുന്നത്. ജലസേചന സൗകര്യം ഇല്ലാത്തതിനാലും, കൂലി ചിലവിന്റെ കൂടുതലും മൂലം നെൽകൃഷി ലാഭകരമല്ലാത്തതിനാൽ ആണ് കൃഷിയിൽ താൽപര്യമില്ലാത്തത്. നിലവിലുള്ള കൃഷി തന്നെ തുടരണമെങ്കിൽ ട്രില്ലർ പോലുള്ള ഉപകരണങ്ങൾ ആവശ്യമാണ്. ഇതിനാവശ്യമുള്ള നടപടികൾ സ്വീകരിക്കണം. കൃഷിവകുപ്പിൽ നിന്നും, ഈ പഞ്ചായത്തിലെ നെൽ കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ ഒന്നും കിട്ടുന്നില്ല.

വളം – കീടനാശിനി

ഉപ്പുതറ SCB യുടെ വളം ഡിപ്പോ പ്രവർത്തിക്കാതിരിക്കുന്നതിനാൽ, ഒരു സ്വകാര്യ വളക്കട മാത്രമാണ് ചെറുകിടക്കാർക്ക് ആശ്രയം.

മണ്ണ് പരിശോധന നടത്താതെ അശാസ്ത്രീയമായി രാസവസ്തുക്കളുപയോഗിക്കുന്നതിനാൽ, അനാവശ്യമായി കൃഷിച്ചിലവ് കൂടുന്നു.

കുരുമുളക്, തെങ്ങ്, സമിതികൾക്കും പട്ടികജാതി, പട്ടിക വർഗ്ഗ കോളനികൾക്കും നൽകുന്ന ഗുണനിലവാരം കുറഞ്ഞ രാസവളങ്ങൾ 'കണ്ണടച്ച്' പ്രയോഗിക്കുന്നതിനാൽ, മണ്ണിനേയും, കൃഷിയേയും ഇത് തകർക്കുന്നു.

17: 17: 17: കോംപ്ലക്സ്, ഫാക്ടം ഫോസ്, പൊട്ടാഷ്, വേപ്പിൻ പിണ്ണാക്ക്, ചാണകം, എല്ലുപൊടി, ചാരം തുടങ്ങിയ വളങ്ങളാണ് കർഷകർ ഉപയോഗിക്കുന്നത്. ബോർഡോ മിശ്രിതം പോലുള്ള കുമിൾ നാശിനികളും ഉപയോഗിക്കുന്നു.

മൃഗങ്ങളെ വളർത്തൽ കുറവായതിനാലും, സാമ്പത്തിക ബുദ്ധിമുട്ട് മൂലം ചെറുമരങ്ങൾ മുറിച്ചു വിൽക്കുന്നതിനാലും ജൈവ വളങ്ങളുടെ ലഭ്യത കുറവാണ്.

വൻകിട തോട്ടങ്ങൾ വളക്കമ്പനികൾ നിന്നോ പ്രധാന ഏജന്റിൽ നിന്നോ നേരിട്ട് വളം – കീടനാശിനികൾ വാങ്ങുന്നു. തേയിലത്തോട്ടങ്ങളിൽ കള നാശിനികളും ഉപയോഗിക്കുന്നു.

തൊഴിലാളികൾ കീടനാശിനികൾ ഉപയോഗിക്കുമ്പോൾ, കൈയുറ, മുഖാവരണം തുടങ്ങിയ മുൻകരുതലുകൾ ഉപയോഗിക്കാറില്ല. അപകടമുന്നറിയിപ്പില്ലായ്മയും അറിവില്ലായ്മയും ആണ് ഇതിന് കാരണം.

കാർഷിക ഉപകരണങ്ങൾ

പഴയ കൃഷിയായുധങ്ങളാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ആധുനിക ഉപകരണങ്ങൾ ഉപയോഗത്തിലായിട്ടില്ല. കലപ്പ ഉപയോഗം നിലവിൽ ഇല്ല. കൃഷി ഭവനിലൂടെ പട്ടികജാതി കോളനിയ്ക്കു നൽകിയ ട്രില്ലറിനെ സംബന്ധിച്ച് യാതൊരു വിവരവുമില്ല.

കുരുമുളക് സംരക്ഷണ സമിതികളും കേരവികസന സമിതിയും

ഈ പഞ്ചായത്തിൽ 12 കുരുമുളക് സംരക്ഷണ സമിതികളും ഒരു കേരവികസന സമിതിയും കൃഷി ഭവനുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് വരുന്നു.

ഈ സമിതികളുടെ പ്രവർത്തനങ്ങളിൽ മുഴുവൻ ജനങ്ങളും തൃപ്തരല്ല. കൂടുതൽ സുതാര്യത വേണം എന്നാണ് പൊതുവേ ഉള്ള അഭിപ്രായം. ഇതിനാവശ്യമുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

ഉപ്പുതറ പഞ്ചായത്തിലുള്ള നെൽകൃഷിക്കാർക്കും പച്ചക്കറി കൃഷിക്കാർക്കും പാടശേഖര കർഷക സമിതികൾ ഉണ്ടായിട്ടില്ല. ഇതുണ്ടാക്കിയാൽ കൂടുതൽ പ്രയോജനം ഈ കർഷകർക്ക് കിട്ടുന്നതിനും ഈ കൃഷികൾ വികസിപ്പിക്കുന്നതിനും കഴിയും.

കൂലിനിരക്ക്

പൊതുവേ വർദ്ധിച്ച കൂലിനിരക്ക് നിലനിൽക്കുന്നു. (പുരുഷൻ 70–45, സ്ത്രീ 55–40) വേതനത്തിൽ പുരുഷനും സ്ത്രീകളും തമ്മിൽ തുല്യത ഇല്ല.

ചെറുകിട കൃഷി ലാഭകരമല്ലാതായതും കർഷകന് സമൂഹത്തിൽ വേണ്ടത്ര മാന്യത ലഭിക്കാത്തതും, പുത്തൻ വിദ്യാഭ്യാസ സമ്പ്രദായം പുതിയ തലമുറയിൽ വരുത്തിയ മാറ്റങ്ങളും, കാർഷിക മേഖലയിൽ ജോലി ചെയ്യുന്നതിന് ആളെ കിട്ടാതാക്കിയിട്ടുണ്ട്. കർഷക തൊഴിലാളികളുടെ കുറവും, കൂലിയിലെ വർദ്ധനയും, തുണ്ടു ഭൂമികൾ കൃഷി ചെയ്യാതെ ഇടുന്ന നിലയിൽ കർഷകരെ എത്തിച്ചിരിക്കുന്നു.

കാർഷിക വായ്പ

കർഷകർക്ക് അവരുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് വായ്പ നൽകുന്നതിന് മിക്കവാറും ബാങ്കുകൾ തയ്യാറാകുന്നില്ല. വായ്പ നൽകുന്നത്, തങ്ങളുടെ ഔദാര്യം കൊണ്ടാണ് എന്ന് മിക്ക ബാങ്ക് ഉദ്യോഗസ്ഥന്മാരും കരുതുന്നു.

ഫെഡറൽ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, മലനാട് സർവ്വീസ് സഹകരണ ബാങ്ക്, ഉപ്പുതറ സർവ്വീസ് സഹകരണ ബാങ്ക്, മലനാട് കാർഷിക വികസന ബാങ്ക് എന്നീ ബാങ്കുകളാണ് ഉപ്പുതറ പഞ്ചായത്തിൽ പ്രധാനമായും കാർഷിക വായ്പ നൽകുന്നത്. C.D.B. യുടെ ഒരു ബ്രാഞ്ചും സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നു. കാർഷികേതര വായ്പകൾ നൽകുന്നുണ്ട്.

പ്രാദേശിക അടിസ്ഥാനത്തിൽ ആവശ്യങ്ങളും പ്രശ്നങ്ങളും മനസിലാക്കി പദ്ധതികൾ തയ്യാറാക്കി വായ്പ കൊടുക്കുന്നതിന് ആവശ്യമുള്ള അധികാരം അതാത് ബാങ്ക് ഉദ്യോഗസ്ഥന്മാർക്ക് നൽകേണ്ടതാണ്.

ഈ പഞ്ചായത്തിലെ വളരെയേറെ കർഷകർക്കും, കൈവശഭൂമിക്ക് പട്ടയം ഇല്ലാത്തവരാണ്. ഇവർക്ക് യാതൊരു വിധത്തിലും ഉള്ള വായ്പകൾ കൊടുക്കുന്നതിന് മിക്ക ബാങ്കുകളുടെയും നിയമം അനുവദിക്കുന്നില്ല. ഇതിന് പരിഹാരം എന്ന നിലയിൽ, കർഷകർക്കും കൈവശ ഭൂമിക്ക് കൈവശ രേഖ നൽകുന്നതിനും ഈ രേഖ അനുസരിച്ച് വായ്പ നൽകുന്നതിനും ബാങ്കുകൾക്ക് അധികാരം നൽകേണ്ടത് ജനങ്ങളുടെ പൊതു ആവശ്യം ആണ്.

യൂണിയൻ ബാങ്ക്, SBI, SBT, തുടങ്ങിയ ബാങ്കുകൾ നൽകണം. (ഉപ്പുതറ പഞ്ചായത്താകെ ഈ ബാങ്കുകളുടെ സർവ്വീസ് ഏരിയാ ആക്കണം.)

മണ്ണ് ജല സംരക്ഷണം

ഉപ്പുതറ കാർഷിക മേഖല മണ്ണൊലിപ്പും, വളക്കുറില്ലായ്മയും, ജലസേചന സൗകര്യം ഇല്ലായ്മയും മൂലം മരിച്ചുകൊണ്ടിരിക്കുകയാണ്.

ഭൂരി ഭാഗവും, ചെരിവ് ഭൂമി ആയതിനാൽ വ്യാപകമായ മണ്ണൊലിപ്പ്

നിവാരണ പദ്ധതികൾ നടപ്പാക്കാതെ ഉപ്പുതറ കാർഷിക ഗ്രാമം രക്ഷപെടുത്താൻ കഴിയുകയില്ല.

മണ്ണൊലിപ്പ്, ജലസേചന സൗകര്യങ്ങൾ എന്നിവ കർഷകരുടെ വ്യക്തിപരമായ ആവശ്യം ആയികണക്കിലെടുക്കാതെ ഇത് ഒരു പൊതു പ്രശ്നം ആയി കാണണമെന്നാണ് പൊതുവേയുള്ള അഭിപ്രായം.

നിർദ്ദേശങ്ങൾ

1. ഉപ്പുതറ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ വാട്ടർ ഷെഡ് (Water shed) പദ്ധതിയിൽപ്പെടുത്തി, മണ്ണൊലിപ്പ് നിവാരണത്തിന് അടിയന്തിര നടപടി സ്വീകരിക്കുക.

2. മണ്ണു പരിശോധന നടത്തി വള പ്രയോഗത്തിനുള്ള സൗകര്യം ഉണ്ടാക്കണം.

3. ഈ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും ജലസേചനത്തിനുള്ള സൗകര്യം ഉണ്ടാക്കണം. നീർമതി പദ്ധതി നടപ്പിലാക്കണം.

4. കർഷകർക്കും ജൈവ വളം നിർമ്മിക്കുന്നതിനുള്ള സാങ്കേതിക – സാമ്പത്തിക സഹായം ലഭ്യമാക്കണം.

5. രാസ വളങ്ങളും, കീടനാശിനികളും ന്യായവിലയ്ക്ക് സുലഭമാക്കണം.

6. ടീ ബോർഡ്, സ്പൈസസ് ബോർഡ് എന്നിവയുടെ പ്രതിനിധികൾ പഞ്ചായത്തുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ ആവശ്യമുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കണം.

7. തേയില കർഷകർക്ക് വിപണന സൗകര്യകത്തിനും, പ്രദേശിക തെഴിൽ സാദ്ധ്യതയ്ക്കും വേണ്ടി വളകോട് കേന്ദ്രീകരിച്ച് ഈ പഞ്ചായത്തു മുഴുവൻ പ്രവർത്തന പരിധി വരത്തക്ക വിധത്തിൽ സഹകരണ മേഖലയിൽ ഒരു തേയില ഫാക്ടറി സ്ഥാപിക്കണം.

8. കൂട്ടു കൃഷി സംമ്പ്രദായം നടപ്പിലാക്കണം.

9. ഈ പ്രദേശത്തിന്റെ കാലാവസ്ഥയ്ക്കും, മണ്ണിന്റെ ഘടനയ്ക്കും പറ്റിയ വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കണം.

10. ഔഷധസസ്യ കൃഷി നടപ്പിലാക്കണം.

11. വളം, കീടനാശിനികൾ, ശാസ്ത്രീയമായും സുരക്ഷിതമായും ആവശ്യത്തിനും, ആവശ്യമുള്ള സമയത്തും ഉപയോഗിക്കുന്നതിന് പരിശീലനം കൊടുക്കണം.

12. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം.

13. വൻ നഷ്ടത്തിൽ കലാശിച്ചിരിക്കുന്ന മൾബറി കൃഷി, കൂൺ കൃഷി, ഇവ ലാഭകരമായി ചെയ്യുന്നതിന് ആവശ്യമുള്ള പരിശീലനവും സാഹായവും നൽകണം.

14. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ഉൾപ്പെടുത്താൻ, സഹകരണാടിസ്ഥാനത്തിൽ വിപണന കേന്ദ്രങ്ങൾ ഉണ്ടാക്കണം.

15. കൃഷി പണികളും, വ്യായാമമുറകളും കൂട്ടിയിണക്കി, പ്രചരണം നടത്തി, യുവജനങ്ങളെ കൃഷി പണികളിലേക്ക് ആകർഷിപ്പിക്കണം.

16. തുമ്പ (മൺ വെട്ടി)യ്ക്ക് പകരം കുറഞ്ഞ അദ്ധ്വാനം കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന ഉപകരണങ്ങൾ വികസിപ്പിച്ചെടുത്ത് ലഭ്യമാക്കണം.

17. വായ്പ കിട്ടുന്നതിനുള്ള നിയമ നടപടികൾ ലഘുകരിക്കുകയും, കൈവശ ഭൂമിക്ക് വായ്പകൾ ലഭ്യമാക്കുകയും, ആവശ്യത്തിന് മതിയായ നിരക്കിൽ ലഭ്യമാക്കുകയും ചെയ്യണം. (അമിത പലിശക്കാരിൽ നിന്നും കർഷകരെ രക്ഷിക്കണം) വായ്പയുടെ പലിശ നിരക്ക് കുറക്കണ-



ജനകീയ ആസൂത്രണം രണ്ടാംഘട്ട പരിശീലന ക്യാമ്പ് ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി. എം. വർക്കി ഉദ്ഘാടനം ചെയ്യുന്നു.

കൃഷികൾ

സമ്മിശ്ര കൃഷിയിൽ നിന്നുമുള്ള ഉദ്ദേശ കണക്ക്

തേയില	7060 ഏക്കർ
ഏലം	460 ഏക്കർ
കാപ്പി	960 ഏക്കർ
കുരുമുളക്	2010 ഏക്കർ
നെല്ല്	50 ഏക്കർ
തെങ്ങ്	240 ഏക്കർ
കമുക്	150 ഏക്കർ
റബ്ബർ	175 ഏക്കർ
വാഴ	305 ഏക്കർ
കപ്പ	250 ഏക്കർ
ഇഞ്ചി	160 ഏക്കർ
കശുമാവ്	15 ഏക്കർ
പച്ചക്കറികൾ	45 ഏക്കർ


രാസവളം

	93-94	94-95	95-96
സഹകരണം	78 M.T	92.5 M.T.	42.5 M.T
സ്വകാര്യം	328.5 M.T	415.5 M.T	378.1 M.T

കീടനാശിനി

സഹകരണം	- 310.5	- 48.2	- 78.2
സ്വകാര്യം	42.5 4120.1	71 2401.5	691.4 7425.2

ഉപ്പുതറ ഗ്രാമപഞ്ചായത്ത് മേഖലാ മാപ്പ്



മൃഗ സംരക്ഷണം

ഈ പഞ്ചായത്തിന്റെ പതിനൊന്ന് വാർഡുകളിലും കർഷകരും, തൊഴിലാളികളും മൃഗങ്ങളെ വളർത്തി വരുന്നു. പ്ലാന്റേഷൻ മേഖലകളിലെ തൊഴിലാളികളും ഉപതൊഴിലായി മൃഗങ്ങളെ വളർത്തുന്നു. ഭൂരിഭാഗം ജനങ്ങളുടെയും പ്രധാന തൊഴിലാണ് മൃഗസംരക്ഷണം.

പശു, എരുമ, ആട്, പന്നി, മുയൽ എന്നിവയാണ് വളർത്തുമൃഗങ്ങൾ. കോഴി, താറാവ് എന്നിവയാണ് പ്രധാന വളർത്തു പക്ഷികൾ.

മിക്കവാറും പശുക്കൾ സങ്കര ഇനത്തിൽപ്പെട്ടവയാണ്. എന്നാലും ഉല്പാദനക്ഷമത കൂടിയ ഇനത്തിൽപ്പെട്ടത് വളരെ കുറവാണ്.

പന്നി, മുയൽ എന്നിവയിൽ നാടനും സങ്കരഇനവും ഉണ്ടെങ്കിലും നാടൻ വർഗ്ഗത്തിൽപ്പെട്ടതാണ് അധികവും.

പശു, ആട് എന്നിവ നാടൻ വർഗ്ഗത്തിലുള്ളതാണ് ബഹുഭൂരിപക്ഷവും.

കാലിത്തീറ്റയുടെ വില വർദ്ധനവും തീറ്റപ്പുല്ലിന്റെ ലഭ്യത കുറവും കാലി വളർത്തലിന്റെ ആദായത്തിൽ കുറവ് വരുത്തിയിരിക്കുന്നു.

കോഴി മിക്കവാറും സങ്കരയിനത്തിൽപ്പെട്ടതാണ്. പക്ഷെ താറാവ് നാടൻ വർഗ്ഗത്തിലുള്ളതാണ്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി മാത്രമാണ് പ്രവർത്തിക്കുന്നത്. ഇത് കാലിവളർത്തലിന് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. കുത്തിവെയ്പ്പിക്കുന്നതിന് 7-10 മൈലുകൾ വരെ അകലത്തിൽ നടത്തിക്കൊണ്ടുപോകണം. ഇത് സമയാസമയങ്ങളിലുള്ള പ്രസവം തടയുന്നതിന് കാരണമാകുന്നു. ഇത് വരുമാനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്നു.

മൃഗസംരക്ഷണത്തിലൂടെ ഈ പഞ്ചായത്തിലെ ജനങ്ങളുടെ വരുമാനത്തിൽ അത്ഭുതപൂർവ്വമായ വർദ്ധനവ് വരുത്താൻ കഴിയുന്നതാണ്.

ഈ പഞ്ചായത്തിലെ നൂറുകണക്കിന് മൊട്ടക്കുന്നുകളിലായി ഉദ്ദേശം രണ്ടായിരത്തിലേറെ ഏക്കർ തരിശുഭൂമികൾ ഉണ്ട്.

വളരെയേറെ കർഷകരുടെ കൈവശത്തിലിരിക്കുന്ന ഈ സ്ഥലങ്ങളിൽ ഏതെങ്കിലും കൃഷികൾ ചെയ്യുണമെങ്കിൽ മണ്ണൊലിപ്പ് നിവാരണ മാർഗ്ഗങ്ങളും ജലസേചന സൗകര്യങ്ങളുമുണ്ടാകണം. ഇതിന് കർഷകർക്ക് കഴിവ് ഇല്ല.

ഈ തരിശ് ഭൂമികളിൽ ജലസേചന സൗകര്യത്തോടുകൂടി പുല്ല് കൃഷിചെയ്താൽ ഉദ്ദേശം 7000 - 8000 പശുക്കളെ വളർത്താൻ കഴിയുന്നതാണ്.

ഇപ്രകാരം മൃഗങ്ങളെ വളർത്താൻ സാധിച്ചാൽ കിട്ടുന്ന പാല് ഇവിടെ തന്നെ സംസ്കരിക്കത്തക്കരീതിയിൽ സംസ്ക്കരണ ശാലകളും, അതുപോലെ തന്നെ വളരെയേറെ ബയോഗ്യാസ് പ്ലാന്റുകളും ഉണ്ടാകുന്നതിനും, ഇവയുടെ ആവശ്യത്തിനായി ഒരു കാലിത്തീറ്റ ഉല്പാദന ഫാക്ടറി ആരംഭിക്കാൻ കഴിയുന്നതുമാണ്.

ഇത് ഈ പ്രദേശത്തെ തൊഴിലില്ലായ്മ ഉൾപ്പെടെയുള്ള പ്രധാന പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം ഉണ്ടാക്കാൻ കഴിയുന്നതുമാണ്.

ആടു വളർത്തൽ രംഗത്ത് വളരെയേറെ സാദ്ധ്യത ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇത് വേണ്ടത്ര വിജയിച്ചിട്ടില്ല.

പന്നി, മുയൽ വളർത്തലുകളിലും സ്ഥിതി വിഭിന്നമല്ല.

പ്രശ്നങ്ങൾ

1. ഉല്പാദനക്ഷമത കൂടിയ നല്ല ഇനം പശുക്കളെയും എരുമകളേയും കിട്ടുവാൻ ഇല്ല.

2. മിതമായ വിലയ്ക്ക് മായം കലരാത്ത കാലിത്തീറ്റ കിട്ടുന്നില്ല.

3. മൃഗങ്ങളെ കുത്തിവെയ്പ്പിക്കാൻ മൈലുകൾ അകലെയുള്ള മൃഗാശുപത്രിയിലേക്ക് നടത്തിക്കൊണ്ടുപോകണം. മുൻപ് ഇൻഡോസ്വിസ് പ്രോജക്ട്രിന്റെ ഇൻസെമിനേഷൻ സെന്ററുകൾ പ്രധാന കേന്ദ്രങ്ങളിൽ ഉണ്ടായിരുന്നു.

4. പാൽ വിതരണത്തിനുള്ള സൗകര്യം വേണ്ടത്രയില്ല.

5. വേണ്ടത്ര മൃഗങ്ങളെ വാങ്ങുന്നതിനും കൂടുവെയ്ക്കുന്നതിനും ആവശ്യത്തിനുള്ള ലോൺ കിട്ടുന്നില്ല.

6. വേണ്ടത്ര തീറ്റപുൽ ഉല്പാദിപ്പിക്കാൻ കഴിയുന്നില്ല.

പരിഹാരങ്ങൾ

1. ഉല്പാദനക്ഷമതയുള്ള നല്ലയിനം പശുക്കളെ കിട്ടുന്നതിന് നടപടി സ്ഥീകരിക്കണം.

2. കാലിത്തീറ്റ നിർമ്മാണ ഫാക്ടറി ആരംഭിക്കണം.

3. ഗ്രാമപ്രദേശങ്ങളിൽ ഇൻസെമിനേഷൻ സെന്ററുകൾ സ്ഥാപിക്കണം.

4. ലോൺ ട്രീ വളക്കോട് പശുപ്പാറ എന്നിവിടങ്ങളിൽ മൃഗാശുപത്രി ആരംഭിക്കണം.

5. നിലവിലുള്ള മുഴുവൻ തരിശുഭൂമികളിലും തീറ്റപ്പുൽ കൃഷിക്ക് ആവശ്യത്തിനുള്ള നടപടികൾ ആരംഭിക്കണം.

6. നിലവിലുള്ള ധനസഹായം വർദ്ധിപ്പിച്ച് 50% സബ്സിഡി അനുവദിക്കണം.

7. ഉൽപ്പാദനക്ഷമതകൂടുതലുള്ള ആടുകളെ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണം.

8. മോഡൽ ഡയറി യൂണിറ്റിന് നിലവിൽ 2 പശുക്കളും അതിന് രൂപാ 7000/ഉം പശുക്കൂടിന് രൂപാ 1250/ എന്നതിന് പകരം പശുക്കളുടെ എണ്ണം 5 ആയിട്ട് ഉയർത്തുകയും ആയതിന് രൂപാ 125000/- ആയിട്ടും കൂടിന് രൂപാ 25000/- ഉം കൂടി ആകെ രൂപാ 150000/- ആയി ഉയർത്തുക. ഈ തുകയുടെ 50% സബ്സിഡി അനുവദിക്കുക. ധാതുലവണങ്ങളുടെയും വിറ്റാമിനുകളുടെയും സബ്സിഡി 75% ആക്കി വർദ്ധിപ്പിക്കുക.

9. നീർതട പദ്ധതി പ്രദേശത്ത് നൽകുന്ന തൊഴുത്ത് നിർമ്മാണ സബ്സിഡി രൂപാ 5000/- ആക്കി വർദ്ധിപ്പിക്കുക.

10. ആടു വളർത്തലിന് തെരഞ്ഞെടുക്കുന്ന കുടുംബങ്ങൾക്ക് 50% സബ്സിഡിയോടുകൂടി 10 ആടുകൾ ഉൾക്കൊള്ളുന്ന യൂണിറ്റ് അനുവദിക്കുകയും, കൂടുവയ്ക്കുന്നതിന് 15000/- രൂപാ അനുവദിക്കുകയും വേണം.

11. മുയൽ, പന്നി, കോഴി എന്നിവകളെ വളർത്താൻ ആഗ്രഹിക്കുന്ന (വനിതകൾക്ക് മുൻഗണന നൽകി) വർക്കു ഉല്പാദനക്ഷമത കൂടിയവകളെ കിട്ടുന്നതിനും 50% സബ്സിഡിയോടുകൂടി രൂപാ 60000/- വായ്പ അനുവദിക്കുകയും ചെയ്യുക.

12. എരുമ വളർത്താൻ ആഗ്രഹിക്കുന്നവർക്ക് 5 എരുമകളുടെ യൂണിറ്റ് തുടങ്ങുന്നതിന് കൂടുവയ്ക്കുന്നതിനുമായി രൂപാ 50,000/- 50% സബ്സിഡിയോടുകൂടി അനുവദിക്കുക.

13. ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ആവശ്യമുള്ള ചിലവിന്റെ 75% സബ്സിഡി അനുവദിക്കുക.

14. മൃഗാശുപത്രിയിലെ സ്റ്റാഫിന് താമസിക്കുവാൻ സർക്കാർ വക സ്റ്റാഫ് കോർട്ടേഴ്സ് പണിതു കൊടുക്കുക

മത്സ്യ കൃഷി

ഉപ്പുതറ പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുള്ള പെരിയാർ ഇടുക്കി ജലസംഭരണിയാണ്. ഇവിടെ വൻ മത്സ്യങ്ങൾ വളരുന്നു. 50 കിലോഗ്രാം വരെയുള്ള കട്ല ഇവിടുത്തെ പ്രത്യേകതയാണ്.

ഈ പഞ്ചായത്തിൽ നിലവിൽ മത്സ്യകൃഷി വളരെ കുറവാണ്. എന്നാൽ വളരെയേറെ വിജയ സാധ്യതയുള്ള മേഖലയാണ്.


ഉപ്പുതറ പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും ചതുപ്പു നിലങ്ങൾ തരിശായി കിടക്കുന്നു. പ്രത്യേകിച്ച് ഇവിടെ പ്രവർത്തിച്ചു വരുന്ന വൻകിട തേയില തോട്ടങ്ങളിൽ നൂറുകണക്കിന് ഏക്കർ ചതുപ്പു നിലങ്ങൾ തരിശാണ്.

ഈ സ്ഥലങ്ങളിൽ വലിയ കുളങ്ങൾ കുഴിച്ചാൽ മുഴുവൻ സമയത്തും വളരെയേറെ വെള്ളം ലഭിക്കുന്നതാണ്.

കാർഷിക മേഖലയിലും വളരെയേറെ കർഷകർക്ക് ആവശ്യത്തിനുള്ള പരിശീലനവും, സാമ്പത്തിക സഹായവും നൽകിയാൽ വളരെയേറെ വിജയസാധ്യയുണ്ട്.


ഇപ്രകാരം മത്സ്യകൃഷിയ്ക്ക് തയ്യാറാകുന്നവർക്ക് നല്ല മത്സ്യ കുഞ്ഞുങ്ങളേയും ആവശ്യത്തിന് തീറ്റ സാധനങ്ങളും 75% സബ്സിഡി നൽകുകയും സൗജന്യ പരിശീലനം നൽകുകയും വേണം.

മത്സ്യകൃഷി നടത്തുന്നവർക്ക് ആട്, പന്നി, കോഴി, ഫാം ആരംഭിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.



പത്താം വാർഡ് ഗ്രാമസഭ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അഡ്വ. കെ. വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ കെ.കെ. രാജപ്പൻ, ഫാ. പയസ് തെക്കേവയലിൽ എന്നിവർ സമീപം.

ഉപ്പുതറ ഗ്രാമപഞ്ചായത്ത്
ആറുകൾ, തോടുകൾ



വർഗീസ് ബി. ജി.

കുടിവെള്ളം

ഈ പഞ്ചായത്തിലെ 50% ജനങ്ങളും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നവരാണ്. കുടിവെള്ള ക്ഷാമം അനുഭവിക്കുന്നതിൽ ബഹുഭൂരിപക്ഷവും പാവപ്പെട്ട തൊഴിലാളികളും കർഷകരുമാണ്. ഇവരിൽ കൂടുതൽ പേരും ഉയർന്ന പ്രദേശങ്ങളിൽ താമസിച്ചു വരുന്നു.

പ്രാദേശികമായി, ഒൻപതേക്കർ, ഈറ്റക്കാനം, പൊരിക്കണ്ണി, മാമരത്തുംമൊട്ട, 27 പുതുവൽ, അമ്പലപ്പാറ, മലയിൽ പുതുവൽ, M.C. കവല, ആനപ്പള്ളം, മാട്ടുതാവളം ഉൾപ്പെടെ വളരെയേറെ സ്ഥലങ്ങളുണ്ട്.

പഞ്ചായത്തിൽനിന്നും ഏഴ് കുളങ്ങളും 44 കിണറുകളും കുഴിച്ചുക്കൊടുത്തിട്ടുണ്ടെങ്കിലും വേനൽക്കാലത്ത് ജലം കിട്ടുന്നത് വളരെ കുറവാണ്. സ്വകാര്യ കിണറുകളുടെ സ്ഥിതിയും വ്യത്യസ്തമല്ല. 6 മാസത്തിൽ കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന ആളുകൾ പ്രധാനമായിട്ടും വെള്ളത്തിനു വേണ്ടി ആശ്രയിക്കുന്നത് ആറുകളെയാണ്.

വേനൽക്കാലത്ത് പുഴവെള്ളം ശേഖരിച്ച് 2 മുതൽ 5 വരെ കിലോമീറ്റർ ദൂരത്തിൽ കൊണ്ടുപോയി ഉപയോഗിക്കുന്നതിനാൽ വളരെയേറെ ആളുകൾ പകർച്ചവ്യാധികളെ നേരിടേണ്ടതായി വരുന്നുണ്ട്. ജലം മലിനമാകുന്നതാണ് കാരണം.

പഞ്ചായത്തിന്റെ വിവിധ മേഖലകളിലൂടെ ഒഴുകുന്ന വളരെയേറെ തോടുകളിലും പെരിയാർ, ചിന്നാർ എന്നീ നദികളിലും ചെക്ക് ഡാമുകളും, തടയിണകളും കെട്ടി വെള്ളം തടഞ്ഞു നിർത്തിയാൽ വളരെയേറെ കിണറുകൾക്കും കുളങ്ങൾക്കും പ്രയോജനകരമായിരിക്കും എന്നുമാത്രമല്ല കാർഷികമേഖലയ്ക്കും പ്രയോജനകരമായിത്തീരുന്നതാണ്.

നിലവിലുള്ള ജല പദ്ധതികളായ ഉപ്പുതറ, മത്തായിപ്പാറ, പശുപ്പാറ എന്നീ വാട്ടർ സപ്ലൈസ്കീമുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നില്ല. മിക്ക സമയങ്ങളിലും പൈപ്പുകളിൽ ജലം ഉണ്ടാകാറില്ല. ജലം ഉള്ള സമയത്ത് പൊട്ടിക്കിടക്കുന്ന പൈപ്പിലൂടെ നഷ്ടപ്പെടുന്നത് സർവ്വസാധാരണമാണ്. ഈ വാട്ടർ സപ്ലൈ സ്കീമുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കിത്തീർക്കേണ്ടതാണ്.

പൊരികണ്ണി പട്ടികജാതി കോളനി വാട്ടർ സപ്ലൈസ്കീമിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുപോയിട്ടുള്ളതാണ്. ഈ സ്കീമിന്റെ പ്രവർത്തനം പൂർത്തീകരിച്ചാൽ ഈ പഞ്ചായത്തിലെ 3, 5, 6 വാർഡുകളിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരം ഉണ്ടാക്കുവാൻ കഴിയും. ഈ സ്കീമിന് അടിയന്തിര പ്രാധാന്യം നൽകി പൂർത്തീകരിക്കേണ്ടതാണ്. ചെട്ടിപ്പതാലിൽ പുത്തേറ്റ്പടി, M.C. കവലയിൽ ബ്രൈറ്റ് പടിഎന്നിവിടങ്ങളിൽ കുളങ്ങൾ നിർമ്മിക്കാവുന്നതാണ്. ഉപ്പുതറ പഞ്ചായത്തിലെ ഹൗസിംഗ് കോളനി (രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി) യിൽ ഒരു കുഴൽകിണർ തീർത്താൽ കോളനി നിവാസികൾ ഒരുപ്പെടെ അറുപതോളം കുടുംബങ്ങൾക്ക് പ്രയോജനപ്രദമായിരിക്കും. ഉപ്പുതറ കോളനിയുടെ സമീപത്തുള്ള ബ്ലായിത്തറ ബി.ജി. വർഗ്ഗീസിന്റെ സ്ഥലത്ത ഒരു കുളം കുഴിച്ചാൽ പത്തേക്കർ കോളനി നിവാസികൾക്ക് ഇത് ഒരു അനുഗ്രഹമായിരിക്കും.

ഈറ്റക്കാനം, മേച്ചരിക്കട എന്നിവിടങ്ങളിൽ കുളങ്ങൾ കുഴിക്കേണ്ടതാണ്.

ചിന്നാർ (നാലാം മൈൽ) ആറ്റിൽ നിന്നും ജലംശേഖരിച്ച് അമ്പലപ്പാറയിൽ ടാങ്ക് നിർമ്മിച്ച് പൈപ്പിലൂടെ ജലം വിതരണം ചെയ്താൽ ചപ്പാത്ത്, കരിന്തരുവി എസ്റ്റേറ്റ് തൊഴിലാളികൾ ഉൾപ്പെടെ ഈ വാർഡിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ കഴിയും.

അർജുനൻ മലയിൽ നിലവിലുള്ള ടാങ്കിൽ നിന്നും പൈപ്പുലൈൻ നീട്ടിയാൽ, മലയൽപുതുവൽ ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ ശുദ്ധജലം എത്തിക്കുവാൻ കഴിയും.

ഈ വാർഡിൽ നിലവിലുള്ള 20 കിണറുകൾ ആഴം കൂട്ടുകയും,10 കുളങ്ങൾ, പുതിയതായി നിർമ്മിക്കുകയും ചെയ്താൽ ഈ പ്രദേങ്ങളിലെ ശുദ്ധജലക്ഷാമം പൂർണമായി പരിഹരിക്കാവുന്നതാണ്. പശുപ്പാറ വാട്ടർ സപ്ലൈ സ്കീമിന്റെ നിലവിലുള്ള പാകപ്പിഴകൾ പരിഹരിക്കുകയും ആവശ്യത്തിന് ഹൗസ് കണക്ഷൻ നൽകുകയും വേണം. വാർഡിന്റെ വിവിധഭാഗങ്ങളിലായി 20 കിണറുകൾ പുതിയതായി നിർമ്മിക്കേണ്ടതാണ്.

ആലംപള്ളി ആറ്റിൽ നിന്നു ജലം ശേഖരിച്ച് ഗംഗൻ മൊട്ടയിൽ ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ ഇട്ടാൽ ഈ പ്രദേശത്തെ ജലക്ഷാമം പൂർണമായി പരിഹരിക്കാവുന്നതാണ്.

മാട്ടുതാവളത്തിൽ കുളം കുത്തി വട്ടപ്പാറമേട്ടിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്താവുന്നതാണ്.

ചോറ്റാനിക്കര പറമ്പിൽ കുളം കുത്തി കത്തിപ്പറമ്പ്മേട്ടിൽ ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ ഇടണം.

ആസ്പത്രിപ്പടി, ഈറ്റക്കാനം, ചാലിൽപ്പടി, മാക്കുന്നേൽ, ഗോപിപ്പടി, മത്തായിപ്പാറ ഒമേഗകവല, കാനക്കാലിപ്പടി, മത്തായിപ്പാറ, മാളികപ്പറമ്പ് എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കണം.

തട്ടുങ്കൽപ്പടി, ഉണ്ണിമേട് എന്നിവിടങ്ങളിൽ കുളങ്ങൾ കുഴിക്കേണ്ടതാണ്.

കുടിവെള്ളം

ഒറ്റമരം ഭാഗത്തുനിന്നും, പത്തേക്കർ വഴി പെരിയാറ്റിൽ (ഹാബേൽപ്പടി) ചേരുന്ന തോട്ടിൽ കോടിരിപ്പടി,ബ്ലായിത്തറപ്പടി, കാരപ്ലാക്കൽപ്പടി, തുണ്ടത്ത് കുന്നിൽപ്പടി, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ തടയണകൾ കെട്ടി ജലം തടഞ്ഞുനിർത്തിയാൽ വളരെയേറെ ജലസ്രോതസുകൾക്കും സമീപപ്രദേശങ്ങളിലെ കൃഷികൾക്കും പ്രയോജനപ്രദമാണ്.

3-ാം വാർഡിൽ ചിറ്റടിമേട്ടിൽ നിലവിലുള്ള കുളം കൂടുതൽ വിസ്താരം കൂട്ടിയാൽ വളരെയേറെ കുടുംബങ്ങൾക്ക് ഉപകാരപ്രദമാകും.

മൂന്നാം വാർഡിൽ വട്ടപ്പതാലിൽ നിന്നും ഒഴുകി പത്തേക്കറിലെത്തുന്ന തോട്ടിൽ വട്ടപ്പാറ ഭാഗത്ത് ചെക്കഡാം തീർത്താൽ പത്തേക്കറിലെയും സമീപ പ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും.

ആസ്പത്രിപ്പടി - ഈറ്റക്കാനം തോട്ടിൽ ആസ്പത്രിപ്പടി ഭാഗത്ത് തടയണകൾ നിർമ്മിക്കേണ്ടതാണ്.

മാട്ടുതാവളം - കാപ്പിപ്പാറ തോട്ടിൽ കാപ്പിപ്പാറ ഭാഗത്ത് ചെക്ക് ഡാമും കണ്ണിമലപ്പടി ഭാഗത്ത് തടയണയും ഉണ്ടാക്കണം.

മാട്ടുത്താവളം - പുളിക്കൽപ്പടി തോട്ടിൽ തട്ടുങ്കൽപ്പടിക്കൽ, കോൺവെൻറ് പടിക്കൽ, കുറ്റിക്കാട്ട് പടിക്കൽ, പുതുക്കൽപ്പടി, മൈലാടും പാറപ്പടി, പുനപുളിക്കൽപ്പടി എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിക്കേണ്ടതാണ്. ഇതിന് അനുബന്ധമായി പുഞ്ചത്തറപ്പടിക്കലും തടയണ വേണം. കാപ്പിപ്പതാൽ തോട്ടിൽ കാപ്പിപ്പതാൽ ഭാഗത്ത് ഒരു തടയണ തീർക്കേണ്ടതാണ്. ഏറുമ്പടം തോട്ടിൽ ഏറുമ്പടത്തിന് മുകൾ ഭാഗത്ത് ഒരു തടയണ തീർക്കേണ്ടതാണ്.

ഉപ്പുതറ വാട്ടർ സപ്ലൈ സ്കീമിൻെറ അനുബന്ധമായിട്ടുള്ള മത്തായിപ്പാറ, വളകോട്, മാട്ടുതാവളം ഭാഗങ്ങളിലേക്കുള്ള ജലവിതരണസംവിധാനം ഭൂരിഭാഗം പണിയും തീർന്നെങ്കിലും, പൂർത്തീകരിച്ചിട്ടില്ല.

ഇതിന് അടിയന്തിര പ്രാധാന്യം നല്കി പൂർത്തീകരിക്കണം. അതോടൊപ്പം ഹൗസ് കണക്ഷനുകൾ കൊടുക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

1.4. കുളങ്ങളെയും കിണറുകളെയും സംബന്ധിച്ച വിവരങ്ങൾ (പഞ്ചായത്ത് വക) റഫർ എ.2ജെ.

വാർഡ്	കുളങ്ങളുടെ എണ്ണം (വിസ്തീർണ്ണത്തിനനുസരിച്ച് - സെന്റിൽ)						കിണറുകൾ
	10 സെന്റിന് താഴെ	10 - 20	20 - 30	30 - 40	40 - 50	50 ന് മുകളിൽ	
1	2	3	4	5	6	7	8
I	1	---	---	---	---	---	4
II	3	---	---	---	---	---	2
III	NIL	---	---	---	---	NIL	7
IV	NIL	---	---	---	---	NIL	5
V	NIL	---	---	---	---	NIL	1
VI	NIL	---	---	---	---	NIL	1
VII	NIL	---	---	---	---	NIL	6
VIII	NIL	---	---	---	---	NIL	3
IX	NIL	---	---	---	---	NIL	7
X	NIL	---	---	---	---	NIL	2
XI	3	---	---	---	---	---	6
ആകെ എണ്ണം	7	NIL	NIL	NIL	NIL	NIL	44

ഊർജ്ജം

നവീന ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കുന്നതിൽ പഞ്ചായത്തിലെ ജനങ്ങൾ ഇന്നും വളരെ പിന്നിലാണ്.

പഴയ രീതിയിലുള്ള വിറകടുപ്പുകളും ഇതര സ്രോതസ്സുകളുമാണ് ഉപയോഗത്തിലുള്ളത്. 85% ജനങ്ങളും പാചകത്തിന് വിറകിനെ ആശ്രയിക്കുന്നു. വിറകിന്റെ ലഭ്യതക്കുറവും വിലക്കുടുതലും വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

വിറകിന്റെ ഉപയോഗം കുറയ്ക്കുവാനുള്ള ബോധവൽക്കരണം നടത്തേണ്ടതാവശ്യമാണ്.

അനേർട്ട് പോലുള്ള സർക്കാർ - സർക്കാർ ഇതര ഏജൻസികളുടെ സഹായം ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല. ഇത്തരം ഏജൻസികളുടെ പ്രവർത്തനം വ്യാപകമാക്കുകയും ഇവരുടെ പ്രവർത്തനങ്ങളെസംബന്ധിച്ച് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ ജനങ്ങളെ പങ്കെടുപ്പിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.

വിറകുലാഭം ഉള്ളതും പുകയില്ലാത്തതുമായ അടുപ്പുകൾ വ്യാപകമായി സ്ഥാപിക്കണം.

പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്ന സ്കൂളുകളിൽ പലതും വിറകിന്റെ വിലക്കൂടുതൽകൊണ്ടും ലഭ്യതകുറവുമൂലം വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഇത്തരത്തിലുള്ള മുഴുവൻ സ്കൂളുകളിലും അനേർട്ടിന്റെ നേതൃത്വത്തിൽ വിറകുലാഭമുള്ള അടുപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ വളരെയേറെ കുടുംബങ്ങൾ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ജീവിച്ചുവരുന്നു.ഇനിയും വളരെയേറെ വികസനസാധ്യതകൾ ഉള്ള മേഖലയാണ് മൃഗസംരക്ഷണം.

ഈ വീടുകളിൽ വളരെ കുറച്ച് ആളുകളെ ബയോഗ്യാസ് പ്ലാൻറുകൾ ഉപയോഗിക്കുന്നുള്ളു.

കാലിവളർത്തലുമായി ബന്ധപ്പെട്ട് ജീവിക്കുന്നതും, ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുവാൻ സാധിക്കുന്നവരുമായ മുഴുവൻ കുടുംബങ്ങളിലും ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ ആവശ്യമുള്ള സാമ്പത്തികസഹായം ഗ്രാൻറായി നൽകണം.(നിലവിലുള്ള ഗ്രാൻറ് ഭൂരിപക്ഷം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് അപര്യാപ്തമാണ്.)

പഞ്ചായത്തിലെ വളരെയേറെ കുടുംബങ്ങൾ L.P.G (ഗ്യാസ് സ്റ്റൗ) സൗകര്യം ലഭിക്കണമെന്ന് ആഗ്രഹം ഉള്ളവരാണ്.ഇവരിൽ പലരും രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരുമാണ്. എന്നാൽ L.P.G സൗകര്യം ഇവർക്ക് ലഭിച്ചിട്ടില്ല. L.P.G സൗകര്യം ലഭ്യമാക്കുവാൻ നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കുകയും, രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുകയും ചെയ്യണം.

സോളാർ കുക്കർ

(Solar cooker)

വ്യാപകമായി ഉപയോഗിക്കുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിൽ നാളിതുവരെ എത്തിച്ചേർന്നിട്ടില്ല.

ആവശ്യമുള്ളവർക്ക് ഇത് ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് ആളുകളെ സഹായിക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കണം.

വൈദ്യുതി സൗകര്യങ്ങൾ ഉള്ള പ്രദേശങ്ങളിൽ വളരെയേറെ പാവപ്പെട്ട കുടുംബങ്ങൾ വൈദ്യുതി കണക്ഷൻ ലഭിക്കാത്തവരുണ്ട്. ഇവരുടെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് സബ്സിഡി നിരക്കിൽ കണക്ഷനുകൾ നൽകുവാൻ നടപടി സ്വീകരിക്കണം.

ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ചീന്തലാർ No- 1, ചീന്തലാർ No- 2, ചീന്തലാർ No- 3, ലോൺട്രീ, കരിന്തരുവി, എന്നീ എസ്റ്റേറുകളിലെ 5000 ത്തോളം തൊഴിലാളികൾ താമസിച്ചുവരുന്ന ലയങ്ങളിൽ ഇന്നും വൈദ്യുതി എത്തിയിട്ടില്ല.

സർക്കാരിന്റെ ശക്തമായ തീരുമാനം ഉണ്ടെങ്കിലും തൊഴിലാളികൾക്ക് വൈദ്യുതി സൗകര്യം നിഷേധിച്ചിരിക്കുന്ന ടി തോട്ടഉടമകൾക്ക് ശക്തമായ നിർദ്ദേശം നൽകി തൊഴിലാളികളുടെ ലയങ്ങൾ അടിയന്തിരമായി വൈദ്യുതീകരിക്കണം.

ഇലക്ട്രിസിറ്റി സൗകര്യം ലഭിച്ചിട്ടുള്ള ഒട്ടുമിക്ക പ്രദേശങ്ങളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. ഇത് ഓരോ ദിവസവും വർദ്ധിച്ച് വരികയുമാണ്.

ഇതിന് പരിഹാരം ആയിട്ട് ഉപ്പുതറ അമ്പതേക്കർ, പൊരികണ്ണി, ഏറുമ്പടം, കാപ്പിപ്പതാൽ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും, സിംഗിൾ ഫേസ് ലൈനുകളും 2-ഫേസ് ലൈനുകളും, 3-ഫേസ് ലൈനുകളാക്കി മാറ്റണം.

ഉപ്പുതറ ഹൗസിംഗ് കോളനി, വാണിയപ്പുര, പശുപ്പാറ, ചിന്നാർ ആശുപത്രിപ്പടി എന്നീ ലക്ഷം കോളനികളിലും, കാക്കത്തോട് ഹൗസിംഗ് കോളനികളിലും സോഡിയം വേപ്പർ ലാംപുകൾ

സ്ഥാപിക്കണം. ഒറ്റമനം സി.എസ്.ഐ. പള്ളി ജംഗ്ഷൻ, ഓപ്പൺ ഡോർ ചർച്ച് ജംഗ്ഷൻ, മലയിൽ അഴികത്ത് പടി, ഹാബേൽ പടി ജംഗ്ഷൻ ആയിലുമാലിപടി, 3-ാം ഡിവിഷൻ, എം. സി. കവല, കാറ്റാടിക്കവല, പഴയ ചന്ത, മലയിൽ പുതുവൽ മാട്ടുതാവളം ഗുരുമന്ദിരം ജംഗ്ഷൻ, ഓർത്തോഡൊക്സ് ചർച്ച് ജംഗ്ഷൻ, ഈറ്റക്കാനം മാക്കുന്നേൽ പടി, കണ്ടത്തിൽ പടി, എന്നി ജംഗ്ഷനുകളിൽ ട്യൂബുലൈറ്റുകൾ സ്ഥാപിക്കണം.

പുളിങ്കട്ട, കുമരികുളം, കുവലയറ്റം മലേപുതുവൽ 10-ാം നമ്പർ, സൂര്യകാന്തികവല, മാമരത്തും മൊട്ട, കൊടൈക്കനാൽ പടി, പീടികയ്ക്കൽ പടി, ചാരുകല്ലിൽ പടി, എന്നീ കവലകളിൽ സൗരോർജ വിളക്കുകൾ സ്ഥാപിക്കണം.

ഈ പഞ്ചായത്തിൽ കേവലം 1, 2, 7 വാർഡുകളിലായി 75 തെരുവു വിളക്കുകൾ മാത്രമണ് ഉള്ളത്.

ഒറ്റമരം - ചപ്പാത്ത് റോഡ്, ഉപ്പുതറ - പൊരികണ്ണി ചപ്പാത്ത്, മലേപ്പുതുവൽ - കൊച്ചുകരിന്തരുവി, ആസ്പത്രിപടി ഈറ്റക്കാനം - മത്തായിപ്പാറ, കാറ്റാടിക്കവല - പഴയ ചന്ത, ഒറ്റമരം - പൊരികണ്ണി, പൊരികണ്ണി - വള്ളക്കടവ് ചിന്നാർ 4-ാം മൈൽ എന്നീ റോഡുകളിൽ അടിയന്തിരമായി തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

ഒൻപതേക്കർ പട്ടികജാതി കോളനി, പൊരികണ്ണി മാമരത്തുംമൊട്ട പട്ടികജാതി കോളനി, പുളിങ്കട്ട, ആഴംക്കല, മലയിൽ പുതുവൽ, പ്ലാമുട്, പശുപ്പാറ കാർഷിക മേഖല, കുമരികുളം കുവലയറ്റം, പത്താം നമ്പരും ഉൾപ്പെടെ വൈദ്യുതി എത്തിക്കണം.

ഉപ്പുതറയിൽ പ്രവർത്തിച്ചുവരുന്ന ഓവർസീയർ ഓഫീസ് വർശങ്ങൾക്ക് മുമ്പ് (ഏ.ഇ) അസിസ്റ്റന്റ് എൻജിനീയർ ആഫീസായി ഉയർത്തിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ഈ ആഫീസിൽ ഏ.ഇ. ഉൾപ്പടെ ആവശ്യത്തിന് ജീവനക്കാരെ കിട്ടിയിട്ടില്ല.

ഈ പ്രദേശത്തെ ആവശ്യങ്ങൾ പരിഗണിച്ച് ടി ഏ.ഇ. ആഫീസിന്റെ പ്രവർത്തനത്തിന് ആവശ്യമുള്ള ജീവനക്കാരെ നിയമിക്കണം.

പശുപ്പാറ പ്രദേശത്തുള്ള വൈദ്യുതി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ഒരു കളക്ഷൻ സെന്റർ ആരംഭിക്കണം.

കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദനം.

ഈ പഞ്ചായത്തിന്റെ പതിനൊന്നാം വാർഡിൽ പാഞ്ചാലിമലയിൽ, (കല്ലുമലയ്ക്ക് മുകളിൽ) ഒൻപതാം വാർഡിന്റെ കുവലയറ്റം ഭാഗത്ത് അമ്പലമേട്ടിൽ അർജുനൻ മലയിൽ മൂന്നാം വാർഡിന്റെ അബ്ബാസ് മൊട്ടയിൽ എന്നിവിടങ്ങളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്നതാണ്.

ഉപ്പുതറ ഗ്രാമപഞ്ചായത്ത്

1.6 തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ
റഫൽ എ4ടി

വാർഡ്	വിളക്കുകളുടെ എണ്ണം				ആകെ
	വേപ്പർ ലാമ്പ്	ഫ്ളൂ. റ്റ്യൂബ്	ബൾബ്	മറ്റുള്ളവ	
1	2	3	4	5	6
I			24	---	24
II			36	---	36
VII					
ആകെ			75		75

1 ആകെ വൈദ്യുത ലൈനിന്റെ നീളം	
2. തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ തൻ വർഷം ചിലവഴിച്ച തുക.	Rs 16836
3. വരുമാനത്തിന്റെ എത്ര ശതമാനം.	3

വ്യവസായം

വ്യവസായികമായി വളരെയേറെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് ഉപ്പുതറ പഞ്ചായത്ത്. വിദ്യാഭ്യാസമുള്ള തൊഴിൽ രഹിതരായ വളരെയേറെ യുവജനങ്ങൾ ഉണ്ടെങ്കിലും തൊഴിൽ പരിശീലനം ലഭിച്ചവർ വളരെ കുറവാണ്. ഇത്തരത്തിൽ ഉള്ളവരിൽ തന്നെ വ്യവസായം തുടങ്ങുന്നതിന് സാമ്പത്തിക കഴിവ് ഉള്ളവർ വളരെ വിരളമാണ്.

സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായവും കിട്ടിയാൽ വ്യവസായ രംഗത്തേക്ക് കടന്നു വരുവാൻ താല്പര്യമുള്ള വളരെയേറെ യുവജനങ്ങൾ ഉണ്ട്.

ഉപ്പുതറ ആറ്റുചാലിൽ പ്രവർത്തിച്ചു വരുന്ന ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റും, 7-ാം വാർഡിൽ മലയിൽ പുതുവലിൽ പ്രവർത്തിച്ചു വരുന്ന ചാക്ക് നിർമ്മാണ ശാലയും, ഉപ്പുതറ ടൗണിലെ എലിപ്പെട്ടി നിർമ്മാണ യൂണിറ്റും ഒരു വിധം തൃപ്തികരമായി പ്രവർത്തിച്ചു വരുന്നു. സ്വകാര്യമേഖലയിൽ പ്രവർത്തിച്ചു വരുന്ന ഈ സ്ഥാപനങ്ങളിൽ 13 ജീവനക്കാർ ജോലി ചെയ്തു വരുന്നു.

വ്യവസായ വകുപ്പിൽ നിന്നും 91 മുതൽ 96 വരെ സഹായം കിട്ടിയിട്ടുള്ളത് 20 പേർക്ക് മാത്രമാണ്. ഇതിൽ 3 എണ്ണം വനിതാ വ്യവസായ യൂണിറ്റുകൾക്കാണ്.

PMRY, സ്വയം തൊഴിൽ, മുതലായ സ്കീം-കൾക്ക് അപേക്ഷ അയച്ച് സാമ്പത്തിക സഹായം കൊടുക്കാൻ ആംഗീകാരം കിട്ടിയിട്ടുള്ള വളരെയേറെ യുവജനങ്ങൾക്ക് ഇവിടെ പ്രവർത്തിച്ചു വരുന്ന ബാങ്കുകളുടെ നിസഹകരണം മൂലം 'പണം' കിട്ടാത്ത അവസ്ഥയാണ്. സ്വന്തം ജാമ്യത്തിൽ ലോൺ കൊടുക്കണമെന്ന സർക്കാർ നിർദ്ദേശത്തിന് യാതൊരു വിലയും കല്പിക്കാത്ത് ബാങ്കുകളുടെ പ്രവർത്തനം ഇത്തരത്തിലുള്ള സഹായങ്ങൾ സാധാരണക്കാർക്ക് ലഭിക്കാത്ത സ്ഥിതിയിലെത്തിച്ചിരിക്കുന്നു.

5 വൻകിട വ്യവസായങ്ങൾ നിലവിലുള്ളത് പ്ലാന്റേഷൻ മേഖലയിൽ ആണ്. ഈ വ്യവസായത്തിൽ എല്ലാം കൂടി 3100-ൽ ഏറെ തൊഴിലാളികൾ ജോലിചെയ്തു വരുന്നു. ഇവരിൽ 60-65% സ്ത്രീ തൊഴിലാളികൾ ആണ്. ഈ മേഖലയിൽ സ്ത്രീ തൊഴിലാളികളുടെ പങ്ക് കൂടുതലാണ്.

പ്ലാന്റേഷൻ മേഖലയിൽ വേതന തുല്യത ഉണ്ടെങ്കിലും, തൊഴിലാളികളുടെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ നടപ്പിലാക്കുന്നതിൽ മാനേജ്മെന്റുകൾ കുറ്റകരമായ അനാസ്ഥയാണ് കാണിച്ചു വരുന്നത്.

തൊഴിലാളികൾ അനുഭവിച്ചുവരുന്ന അവകാശ നിഷേധത്തിനെതിരെ ബന്ധപ്പെട്ട ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും വേണ്ടത്ര താത്പര്യവും, ഉത്തരവാദിത്വവും ഉണ്ടാകുന്നില്ല. ഇതിനെതിരെ ശക്തമായ നിയമ നടപടികൾ സ്ഥീകരിക്കേണ്ടതാണ്.

വളരെയേറെ ചെറുകിട തേയില കർഷകർ ഉള്ള ഈ പഞ്ചായത്തിൽ, കൊളുന്തിന് ന്യായവില ലഭിക്കുന്നതിന് സൗകര്യം ഇല്ല. ഏതാനും ചെറുകിട കച്ചവടക്കാരും, ഏജന്റുമാരും കർഷകരിൽ നിന്നും കൊളുന്ത് എടുത്ത് വളരെ അകലെയുള്ള ഫാക്ടറികളിൽ എത്തിച്ചു വരുന്നു. ഇത് വിലകുറയുന്നതിന് കാരണമാകുന്നു എന്ന് മാത്രമല്ല, ഉള്ള തുക സമയത്ത് കിട്ടുന്നതിനും പലപ്പോഴും സാധിക്കുന്നില്ല.

ഇതിന് പരിഹാരം എന്ന നിലയിൽ വളകോട് മേഖല കേന്ദ്രീകരിച്ച്, സഹകരണ മേഖലയിൽ ഒരു ടീ ഫാക്ടറി ആരംഭിക്കേണ്ടതാണ്. ദിവസേന 10,000 കിലോയിൽ കൂടുതൽ തേയില കൊളുന്ത്, അസംകൃത സാധനമെന്ന നിലയിലും പരിശീലനം ഉള്ള തൊഴിലാളികളും മറ്റു വിഭവങ്ങളും ലഭ്യമാണ് എന്നനിലയിലും വളരെ ലാഭകരമായി നടത്താവുന്ന വ്യവസായമാണ്. ഈ വ്യവസായത്തിന് മുന്തിയ പരിഗണന നൽകി നടപടിസ്ഥീകരിക്കേണ്ടതാണ്.

9 ഏക്കർ കേന്ദ്രീകരിച്ച് വനിതകളുടെ സഹകരണ സംഘം രൂപികരിച്ച് അച്ചാറുകൾ, ചിപ്സ്, കറി പൗഡറുകൾ, കാപ്പിപ്പൊടി, മുതലായവ ഉണ്ടാക്കി വിതരണം ചെയ്യുന്ന വ്യവസായം ആരംഭിക്കാവുന്നതാണ്. വളരെയേറെ തൊഴിലാളികൾ ഉൾപ്പെടുന്ന ഈ പഞ്ചായത്തിനുള്ളിൽ ലാഭകരമായി നടത്താവുന്നതുമാണ് ഈ വ്യവസായം.

ലോൺട്രി പൊരികണ്ണി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സുഗന്ധ ദ്രവ്യ സത്ത് എടുക്കുന്ന ഒരു ഫാക്ടറി ആരംഭിക്കാൻ കഴിയുന്നതാണ്. വളരെയേറെ, ചെറുകിട, പരിമിത കർഷകർ ഉൽക്കൊള്ളുന്ന ഈ പ്രദേശത്ത് കർഷകർ, കുരുമുളക് ഏലം, ഇഞ്ചി, മഞ്ഞൾ, ജാതി, മുതലായവ സുഗന്ധ ദ്രവ്യങ്ങൾ കൃഷി ചെയ്തുവരുന്നു. 1 ഏക്കറിൽ താഴെ ഭൂമിയുള്ള ഇവരുടെ വിളകൾക്ക് ന്യായ വില ലഭിക്കുന്നില്ല എന്നതിനും ഈ വ്യവസായം പരിഹാരം ആകും. മാത്രമല്ല എസ്റ്റേറ്റുകളും ആയി ബന്ധപ്പെട്ട്, തൊഴിൽ രഹിതരായ വളരെയേറെ യുവജനങ്ങൾ ഉള്ളതിനാൽ ജോലിക്ക് ആളെ കിട്ടുന്നതിനും വളരെയേറെ സാധ്യതയുണ്ട്., മാത്രമല്ലാ, ഇത്തരത്തിലുള്ള വ്യവസായം, സമീപ ജില്ലയിൽ പോലും ഇല്ലാത്തതിനാൽ, വളരെയേറെ വിപണന സാധ്യതയും, കയറ്റുമതി സാധ്യതയും ഉള്ള വ്യവസായം എന്ന നിലയിൽ വളരെ അടിയന്തിര പ്രാധാന്യത്തോടുകൂടി നടപ്പിലാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

വളരെയേറെ പാഴ്വസ്തുക്കൾ മൂലം പരിസരം മലിനീകരണം ഉണ്ടാകുന്ന ഒരു സ്ഥിതിയാണ് സമീപ പ്രദേശങ്ങളിൽ ഉൾപ്പെടെ നിലനിൽക്കുന്നത്. ഇത്തരത്തിലുള്ള പഴയ കടലാസ് ചാക്ക്, പഴയ തുണികൾ, ഉൾപ്പടെയുള്ള പാഴ്വസ്തുക്കൾ ശേഖരിച്ച് 'പൾപ്പ്' ഉണ്ടാക്കി കടലാസ് ഹാർഡ്ബോർഡ്, ഫയലുകൾ, എന്നിവയുണ്ടാക്കുന്നതിന് സാധിക്കുന്ന വ്യവസായം ആരംഭിക്കാവുന്നതാണ്. ഇതുമൂലം പാഴ്വസ്തുക്കൾ മൂലമുള്ള പരിസര മലിനീകരണത്തിൽ നിന്നും, തൊഴിലില്ലായ്മയിൽ നിന്നും, രക്ഷപെടാൻ കഴിയും. ആയതിനാൽ ഈ വ്യവസായം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

കരകൗശല വസ്തുക്കൾക്ക് വളരെയേറെ പ്രിയം ഉള്ളതാണ്. പരിമിതമായ കഴിവുകളിലും ഇത്തരത്തിലുള്ള ആകർഷണീയ സാധനങ്ങൾ ഉണ്ടാകുന്ന പല ആളുകളും നിലവിൽ ഉണ്ട്.

വളരെയേറെ പഴക്കം ചെന്നതും, പലരൂപത്തിലുള്ളതുമായ, തേയില കുറ്റികൾ, കാപ്പി കുറ്റികൾ എന്നിവയ്ക്ക് ലഭ്യതയുള്ള പ്രദേശമാണ് ഇത്. യാതൊരു സാങ്കേതികവിദ്യയും ഇല്ലാതെതന്നെ ഇതൊക്കെ ആകർഷണീയ രൂപത്തിൽ ആക്കി എടുക്കുന്ന ആളുകൾക്ക്, ഈ വക കാര്യങ്ങളിൽ ആധുനിക പരിശീലനം നൽകി, കര, കൗശല വ്യവസായം തുടങ്ങുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിക്കണം.

ലോൺട്രി, പുതുക്കട, കാറ്റാടിക്കവല, 4-ാം മൈൽ, കരുംന്തരുവി, എന്നീ പ്ലാന്റേഷനുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ, വനിതകളുടെ നേതൃത്വത്തിൽ, റെഡിമെയ്ഡ് ഗാർമെന്റുകളും, കമ്പനി നെയ്ത്തു ശാലകളും നടത്താൻ നല്ല സാധ്യതയുണ്ട്. ഈ പ്രദേശങ്ങളിലെല്ലാം വളരെയേറെ യുവതികൾ തയ്യൽ പരിശീലനം ലഭിച്ചവരും, നെയ്ത്ത് അറിയാവുന്നവരുമായിട്ടുണ്ട്. ഇവർക്ക് ആവശ്യമുള്ള ഉപകരണങ്ങളുടെ അഭാവമാണ്, ജോലി ചെയ്യാൻ കഴിയാതെ വരുന്നതിന് കാരണം. ഇതിന് പരിഹാരം എന്ന നിലയിൽ, ഇവർക്ക് ആവശ്യമുള്ള സാമ്പത്തിക സഹായം നൽകണം.

വളരെയേറെ ഭവന രഹിതരും പുതിയ ഭവനം ഉണ്ടാകേണ്ടതുമായ ഈ പഞ്ചായത്തിൽ, ഭവന നിർമ്മാണ സാമഗ്രികളുടെ ലഭ്യതയില്ലായ്മ വലിയ പ്രശ്നമാണ്. അകലെ നിന്ന് സാധനങ്ങൾ എത്തിക്കുന്നതിന് വളരെയേറെ സാമ്പത്തികവും കായിക അദ്ധ്വാനവും ആവശ്യമാണ്.

ഇതിന് പരിഹാരം എന്ന നിലിയിൽ ഒറ്റമരം, മാട്ടുതാവളം, പുളിം കട്ട എന്നീ സ്ഥലങ്ങളിൽ, കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കി വിൽക്കുന്ന ഫാക്ടറി തുടങ്ങാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള വിദഗ്ദ്ധ തൊഴിലാളികളെ ഈ പ്രദേശങ്ങളിൽ ലഭ്യമാണ്. ഇവർക്ക് ആവശ്യമുള്ള സാമ്പത്തിക സഹായം നൽകി വ്യവസായം ആരംഭിക്കണം.

ഈ പഞ്ചായത്തിൽ ഒരു സോപ്പു നിർമ്മാണ വ്യവസായത്തിന് വളരെയേറെ വിജയ സാധ്യതയുണ്ട്. 3,5, വാർഡുകൾ കേന്ദ്രീകരിച്ചു ഒരു സോപ്പു നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് വേണ്ടി, പരിശീലനം നൽകുകയും, ഫാക്ടറി ആരംഭിക്കുകയും ചെയ്യണം.

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കോഴിവളർത്തൽ, മുയൽ വളർത്തൽ എന്നിവയിലൂടെ കിട്ടുന്ന മുട്ടയും, ഇറച്ചിയും ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിനും വളരെയേറെ സാധ്യതയുണ്ട്.

പഞ്ചായത്തിലെ ജന സംഖ്യയിൽ 51% വനിതകളാണ്. ഇവരിൽ ഭൂരിപക്ഷവും ഗൃഹജോലികളിൽ മാത്രം ഒതുങ്ങി കഴിഞ്ഞുകൂടുന്നു. 50% വനിതകളും വീടുകളിൽ കോഴിവളർത്തൽ, മുയൽ വളർത്തൽ എന്നീ വ്യവസായം ആരംഭിക്കാൻ തൽപരരാണ്. ഇവർക്ക് ഇതിന് ആവശ്യമുള്ള സാങ്കേതിക, പരിജ്ഞാനവും, സാമ്പത്തിക സഹായവും നൽകണം.

ഈ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ദിവസം ഒരു മുട്ടവീതം കണക്കാക്കിയാൽ ഒരു വർഷം (24000 X 365) 87,60,000 മുട്ട വേണം. എന്നാൽ ഇവിടെ ഉല്പാദിപ്പിക്കുന്നത് മൊത്തം 5 ലക്ഷം മുട്ടയിൽ താഴെയാണ്. ഉദ്ദേശം 3- - 35 ലക്ഷം മുട്ട ഈ പഞ്ചായത്തിലേക്ക് സമീപസ്ഥലങ്ങളിൽ നിന്നും എത്തിച്ചേരുന്നു. ഇത് മിക്കവാറും സമീപസ്ഥലത്തുനിന്നും വരുന്നതാണ്. ഇവിടെ മുട്ട ഉൽപ്പാദിപ്പിച്ചാൽ സമീപ പഞ്ചായത്തുകളിലും പ്ളാന്റേഷൻ മേഖലയിലും വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. ഈ പഞ്ചയത്തിൽ ഇനിയും 70-75 ലക്ഷം ഉല്പാദിപ്പിക്കാൻ വിതരണത്തിന് സൗകര്യം ഉണ്ട്. അതുകൊണ്ട് മുപ്പതിനായിരം കോഴികളെ വളർത്തുന്നതിനുള്ള, നല്ല കോഴിക്കുഞ്ഞുങ്ങളേയും, കോഴിക്കൂടും, സാങ്കേതിക പരിജ്ഞാനവും ഈ പഞ്ചായത്തിലെ ഗൃഹജോലി ചെയ്തു വരുന്ന വനിതകൾക്ക് നൽകണം.

ഈ പഞ്ചായത്തിലെ 11 വാർഡുകളിലായി 20 സ്ഥലങ്ങളിൽ സ്ഥിരമായി ഇറച്ചി കച്ചവടം ചെയ്തുവരുന്നു. ഇവിടങ്ങളിലെല്ലാം 75 മുതൽ 200 വരെ കിലോഗ്രാം ഇറച്ചി വിൽക്കപ്പെടുന്നു. അങ്ങനെ 3000 കിലോഗ്രാം ഇറച്ചി ഒരു ആഴ്ചയിൽ വെച്ച് (3000 X 52) - (1,56,000) കിലോഗ്രാം ഇറച്ചി ഒരു വർഷം വിൽക്കുന്നതിന് ഉദ്ദേശം 70 ലക്ഷം രൂപാ വരും. ഈ രൂപാ മുഴുവൻ സമീപ സംസ്ഥാനങ്ങളിലേക്കും ഒഴുകുന്നു.

കോഴി, മുയൽ, മൃഗസംരക്ഷണത്തിലൂടെ ഈ പണം മുഴുവൻ ഇവിടെ തന്നെ ഉപയോഗിക്കാവുന്നതാണ്.

അതിന് വേണ്ടി മാംസത്തിന് വേണ്ടിയുള്ള മുയൽ വളർത്തലിന് വലിയ സാദ്ധ്യതയുണ്ട്. അതുകൊണ്ട് 1.5 - 2 ലക്ഷം കിലോ മാംസം ഉല്പാദിപ്പിക്കത്തക്ക രീതിയിൽ ആവശ്യത്തിനുള്ള മുയൽ വളർത്തൽ നടത്തുന്നതിന് ഗ്രാമീണ വനിതകൾക്ക് സാമ്പത്തിക, സാങ്കേതിക സഹായം നൽകണം.

മൃഗ സംരക്ഷണത്തിലും, പാൽ ഉല്പാദനത്തിലും പഞ്ചായത്ത് വളരെ പിന്നിലാണ്. വളരെയേറെ വികസനവും വിജയ സാധ്യതയുമുള്ള മേഖലയാണ് ഇത്.

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഉദ്ദേശം 1200 ഹെക്ടർ തരിശ് ഭൂമിയിൽ 9000 ഹെക്ടറും ജലസേചനത്തോടുകൂടി പുൽ കൃഷി ചെയ്യുന്നതിന് സാധിക്കുന്നതാണ്. ഈ ഭൂമിയിൽ പുൽകൃഷി നടത്തിയാൽ 5000 - 7000 നല്ല പശുക്കളെ വളർത്താൻ കഴിയും.

ഇവയിൽ നിന്നും ലഭിക്കുന്ന പാൽ സംഭരിക്കുന്നതിനു വേണ്ടി എല്ലാ

വാർഡുകളിലും 2ഉം 3 ഉം പാൽ സംഭരണ കേന്ദ്രം തുടങ്ങുന്നതിന് സാധിക്കും. ഇത് മൂലം 100 – 120 പേർക്ക് തൊഴിൽ കിട്ടും.

ഇപ്രകാരം സംഭരിക്കുന്ന പാൽ സംസ്കരിച്ച് പാൽ ഉല്പന്നങ്ങളാക്കുന്നതിന് ഉപ്പുതറ കേന്ദ്രീകരിച്ച് ഒരു പാൽ സംസ്ക്കരണ ഫാക്ടറി ആരംഭിക്കാവുന്നതാണ്.

കന്നുകാലികൾക്ക് ആവശ്യമുള്ള പോഷകാഹാരം നൽകുന്നതിന് വേണ്ടി ഒരു കാലി തീറ്റ ഫാക്ടറി ആരംഭിക്കേണ്ടതാണ്.

പാലും, പാൽ ഉൽപന്നങ്ങളും ഇറച്ചിയും വിൽക്കുന്നതിന് വേണ്ടി കോൾഡ് സ്റ്റോറേജ് സൗകര്യത്തോടുകൂടി ബിസിനസ് ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകേണ്ടതാണ്.

കൈതപ്പനാൽ ആനപ്പള്ളം എന്നീ സ്ഥലങ്ങളിൽ ഈറ്റ മുള എന്നിവ ഉപയോഗിച്ചുള്ള പരമ്പാഗത തൊഴിൽ ചെയ്യുന്ന വളരെയേറെ തൊഴിലാളികൾ ഉണ്ട്. ഇവർക്ക് ആവശ്യമുള്ള അസംസ്കൃത സാധനങ്ങളും തൊഴിൽ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായവും നൽകണം.

ഉപ്പുതറ – മാട്ടുതാവളം കേന്ദ്രീകരിച്ച് ഖാദി വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിന് നല്ല സൗകര്യവും സാധ്യതയും ഉണ്ട്. ഇതിന് സാമ്പത്തിക സഹായം നൽകണം.

പഞ്ചായത്തിന്റെ ഒരു അത്യാധുനിക സൗകര്യങ്ങളുള്ള ഉണക്ക മാട്ടിറച്ചി ഫാക്ടറി സ്ഥാപിക്കുവാൻ വേണ്ട പദ്ധതികൽ തയ്യാറാക്കണം. ഇതിനാവശ്യമായ യന്ത്ര സംവിധാനങ്ങളും സാങ്കേതിക വിദ്യകളും ഇറക്കുമതിയ്ക്കും മറ്റുമായി മതിയായ വായ്പയും സബ്സിഡിയും ലഭ്യമാക്കണം.

ഫർണിച്ചർ വ്യവസായം

ഉപ്പുതറ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും വിലപിടിപ്പുള്ള തേക്ക്, ഈട്ടി, പ്ലാവ്, ആഞ്ഞിലി, കാറ്റാടി, ചന്ദനവേമ്പ്, മാവ്, കുളമാവ് തുടങ്ങിയ തടികൾ ധാരാളം ലഭിക്കുന്ന സ്ഥലങ്ങളാണ്. സുലഭമായ ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഉപ്പുതറ ടൗൺ മേഖലയിൽ എവിടെയെങ്കിലും ഒരു തടി ഫർണ്ണിച്ചർ വ്യവസായം തുടങ്ങണം.

ഇതിനാവശ്യമായ വിവിധ സർക്കാർ വകുപ്പുകളുടെ അനുവാദവും സബ്സിഡി അടക്കമുള്ള ആവശ്യമായ സാമ്പത്തികം ലഭ്യമാക്കണം.

വ്യവസായം – ടൂറിസം

ഉപ്പുതറ പഞ്ചായത്ത് വൻകിട തേയിലത്തോട്ടങ്ങളും ചെറുകിട സമ്മിശ്ര കാർഷിക മേഖലയും അടങ്ങുന്ന മലഞ്ചെരുവുകൾ നിറഞ്ഞ മനോഹരമായ പ്രദേശമാണ്.

പഞ്ചായത്തിന്റെ കിഴക്കുവശം ഇടുക്കി ജലസംഭരണിയുടെ ഭാഗമായ പെരിയാർ നദിയാണ്.

ഇടുക്കി ഡാമിൽ ജലനിരപ്പുയരുന്നതോടെ കുളമാവിൽ നിന്ന് ഡാമിലൂടെ ഉപ്പുതറയിലേക്ക് ബോട്ട് സർവ്വീസ് നടത്താവുന്ന പദ്ധതി ആവിഷ്ക്കരിച്ചാൽ തേക്കടിയേക്കാൾ വിനോദസഞ്ചാര സാദ്ധ്യതകളുണ്ടാകും.

ഉപ്പുതറ ടൗണിനു സമീപം കാക്കത്തോട് അമ്പലക്കടവിൽ ബോട്ടുജട്ടി നിർമ്മിക്കുകയും അവിടുത്തേക്ക് ഉപ്പുതറ ടൗണിൽ നിന്ന് റോഡു സൗകര്യമുണ്ടാക്കുകയും വേണം.

സഹ്യപർവ്വതത്തിന്റെ ഉത്തുംഗശൃംഗങ്ങളെ കോർത്തിണക്കുന്ന വന്യ മൃഗങ്ങളും പക്ഷികളുമടങ്ങുന്ന ഇടുക്കി ജല സംഭരണിയിലൂടെ വിദേശികൾക്കും സ്വദേശികൾക്കുമായി വിനോദയാത്രകളും വാണിജ്യപരമായ യാത്രകളും നടത്താവുന്നതാണ്.

ഇടുക്കി ഡാം പ്രദേശത്തുനിന്നോ, കുളമാവ് കുയിലു മലപ്രദേശങ്ങലിൽ നിന്നോ വരുന്ന ബോട്ടുയാത്രക്കാർക്ക് ഉപ്പുതറയിലെത്തി നിർദ്ദിഷ്ട കൊച്ചി – തേക്കടി ഹൈവേയിലൂടെ തേക്കടിക്കോ മധുരയ്ക്കോ എറണാകുളത്തിനോ പോകാവുന്നതാണ്.

ഉപ്പുതറയോടു ചേർന്നു കിടക്കുന്ന മത്തായിപ്പാറ, കല്ലുമല, പാഞ്ചാലി മല, കോതപാറ, വാകവനം, കണ്ണംപടി, മേമാരി തുടങ്ങിയ സ്ഥലങ്ങളും വിനോദ സഞ്ചാര പ്രാധാന്യമുള്ളവയാണ്.

ഇടുക്കി ജലസംഭരണിയിൽ ബോട്ടു സർവ്വീസും വിനോദ സഞ്ചാരവും തുടങ്ങുന്നതോടെ ഹോട്ടൽ വ്യവസായത്തിനും സാദ്ധ്യതകളുണ്ട്.

ഹൈറേഞ്ചു മേഖലയിലേക്ക് ആലുവായിൽ നിന്നോ കോട്ടയത്തു നിന്നോ ഹിൽട്രെയിൻ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

പാർപ്പിടം

ഉപ്പുതറ പഞ്ചായത്തിലെ ജനങ്ങളിൽ (കുടുംബങ്ങൾ) പകുതിയിൽ ഏറെപ്പേരും സ്വന്തമായി വാസയോഗ്യമായ വീടുകൾ ഇല്ലാത്തവരാണ്.

ഈ പഞ്ചായത്തിലുള്ള 5486 കെട്ടിടങ്ങളിൽ കുടുംബ താമസമുള്ളത് 4293 ആണ്. ഇതിൽ 2224 കെട്ടിടങ്ങൾ താമസസൗകര്യങ്ങൾ ഉള്ളതും പഞ്ചായത്തിൽനിന്നും നികുതി ഈടാക്കുന്നതുമാണ്. നികുതി ഇല്ലാത്തതും, വാസയോഗ്യമല്ലാത്തതുമായ 2069 വീടുകൾ ഉണ്ട്. ഇതിൽ 1081 എണ്ണം യാതൊരു സൗകര്യങ്ങൾ ഇല്ലാത്തതും, ഏതു സമയത്തും നിലംപതിക്കാവുന്നതുമാണ്. ഈ കുടിലുകൾ ഈ പഞ്ചായത്തിലെ 5, 6, 7 വാർഡുകൾ ഒഴിച്ചുള്ള മറ്റെല്ലാ വാർഡുകളിലുമായി സ്ഥിതിചെയ്യുന്നു. ഇവയിൽ 1 -ാം വാർഡിൽ 152 ഉം 2 ൽ 98 ഉം, 3 ൽ 184 ഉം, 4 ൽ 24 ഉം, 7 ൽ 107, 8 ൽ 23 ഉം, 9 ൽ 106 ഉം, 10 ൽ 183 ഉം, 11 ൽ 214 ഉം സ്ഥിതിചെയ്യുന്നു.

ഈ പഞ്ചായത്തിലെ 504 വീടുകൾ വളരെ മോശമായ നിലയിലുള്ളതാണ്. മഴ പെയ്യുമ്പോൾ ചോർന്നൊലിക്കുകയില്ല എന്നതു മാത്രമാണ് ഇവരുടെ ജീവിത സൗകര്യം, കാലവർഷക്കെടുതികൾ മൂലം ഏതവസരത്തിലും നിലംപതിക്കാവുന്ന അവസ്ഥയിലാണ് ഈ വീടുകളുടെ സ്ഥിതി.

ഇവയിൽ 1 ൽ 55 ഉം 2 ൽ 57 ഉം, 3 ൽ 62 ഉം, 4 ൽ 52 ഉം, 7 ൽ 56, 8 ൽ 54 ഉം, 9 ൽ 56 ഉം, 10 ൽ 57 ഉം, 11 ൽ 55 ഉം സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിലെ 484 വീടുകൾ തരക്കേടില്ലാത്തതാണെങ്കിലും വാസയോഗ്യമായ രീതിയിൽ പുതുക്കി പണിയേണ്ടതാകുന്നു. ഇതിൽ 1 ൽ 40 ഉം 2 ൽ 48 ഉം, 3 ൽ 42 ഉം, 4 ൽ 46 ഉം, 5 ൽ 44, 6 ൽ 43 ഉം, 7 ൽ 45 ഉം, 8 ൽ 40 ഉം, 9 ൽ 48 ഉം 10 ൽ 45 ഉം 11 ൽ 43 ഉം സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിലുള്ള 514 കുടുംബങ്ങൾക്ക് ഒരു കൂടിലുപോലും ഇല്ലാത്തവരാണ്. ഇവർ സ്വന്തമായി ഒരുതുണ്ടു ഭൂമിപോലും ഇല്ലാത്ത അസംഘടിത തൊഴിലാളികളുമാണ്. ഓരോ ദിവസങ്ങളിലും ലഭ്യമാകുന്ന ഏതെങ്കിലും തൊഴിലുകൾ ചെയ്തുവരുന്ന ഇവർ മറ്റുള്ളവരുടെ ഔദാര്യത്തിൽ കഴിഞ്ഞുകൂടുന്നു. സ്വന്തമായി വാസസ്ഥലം ഇല്ലാത്ത ഇവരിൽ പലർക്കും റേഷൻ കാർഡുപോലും ഇല്ല.

ഈ പഞ്ചായത്തിലുള്ള 5486 കെട്ടിടങ്ങളിൽ 27 എണ്ണം ഒന്നിൽ കൂടുതൽ നിലകൾ ഉള്ളതാണ്. 162 എണ്ണം കോൺക്രീറ്റ് മേൽക്കൂരയും 2699 എണ്ണം ഓടുമേഞ്ഞതും 2277 എണ്ണം പുല്ല് മേഞ്ഞതും 348 എണ്ണം ആസ്ബറ്റോസ് മേഞ്ഞതും ആണ്.

ഈ പഞ്ചായത്തിൽ പുതുതായ് വീട് ഉണ്ടാകേണ്ടതായ 514 കുടുംബങ്ങൾക്ക് സ്ഥലവും വീടും കിട്ടുന്നതിനുള്ള നടപടികൾ ഉണ്ടാകണം. അതിനുവേണ്ടി അതാതു വാർഡുകളിൽതന്നെ രണ്ടോ, മൂന്നോ സ്ഥലങ്ങളിലായി (ഓരോ വാർഡിലും) സ്ഥലം വാങ്ങി ഹൗസിംഗ് കോളനികൾ ഉണ്ടാക്കി വീടുകൾ വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

നിലവിലുള്ള ഹൗസിംഗ് കോളനികളിലെ വീടുകളുടെ വിതരണ സമ്പ്രദായത്തിനു വ്യത്യസ്തമായി വീടുകളുടെ എണ്ണം കോളനികളിൽ ചുരുക്കിയും, കോളനികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്ത് ജീവിത തൊഴിൽ സാഹചര്യങ്ങൾക്ക് ഭംഗം വരാത്ത രീതിയിൽ പ്രാവർത്തികമാക്കണം.

ഈ പഞ്ചായത്തിൽ, വീടുകൾ പുതുക്കിപണിയേണ്ടതായ 2069 കുടുംബങ്ങളിൽ 50% കുടുബങ്ങൾക്കും ഹൗസിംഗ് ലോൺ കിട്ടിയാൽ സ്വന്തമായി വാസയോഗ്യമായ വീടുകൾ പണിയുന്നതിനും. ലോൺ നിയമാനുസൃതം തിരിച്ചടയ്ക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നവരല്ല.

എന്നാൽ നിലവിലുള്ള നിയമം അനുസരിച്ച് ലോൺ കിട്ടുന്നതിന് ആവശ്യമുള്ള പട്ടയഭൂമി ഇല്ലാത്തവരാണ്. ഇവർക്ക് സ്വന്തമായി കൈവശഭൂമി ഉണ്ടെങ്കിലും പട്ടയം ഇല്ലായെന്നുള്ളതാണ് പ്രശ്നം.

പഞ്ചായത്തിൽ ഉള്ള 4800 ൽ ഏറെ കുടുംബങ്ങളിൽ 3000 ൽ താഴെ കുടുംബങ്ങൾക്കു മാത്രമാണ് പട്ടയം ഉള്ളത്. ബാക്കി വരുന്ന 1800 ൽ ഏറെ കുടുംബങ്ങൾക്ക് പട്ടയഭൂമി സ്വന്തമായി ഇല്ലായെന്ന കാരണത്താൽ ഇത്തരത്തിലുള്ള ലോൺ കിട്ടുന്നതിന് അർഹത ഇല്ലാത്ത സ്ഥിതിയാണ്.

ഇതിനു പരിഹാരമായി പട്ടയത്തിനു പകരമായി കൈവശാവകാശ രേഖ അനുസരിച്ച് ലോൺ കിട്ടുന്ന രീതിയിൽ ആവശ്യമായ നിയമ ഭേദഗതികൾ വരുത്തുകയും, വസ്തു ഉടമകൾക്ക് കൈവശാവകാശ രേഖ നൽകുവാനുള്ള അധികാരം ബന്ധപ്പെട്ട പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടെ ഉള്ള ജന പ്രതിനിധികൾക്ക് നൽകേണ്ടതുമാണ്.

അവശേഷിക്കുന്ന 25% കുടുംബങ്ങൾക്ക് 25 സെന്റിൽ താഴെ കൈവശഭൂമി ഉള്ളവരാണ്., ഇവർക്ക് ഇവരുടെ കൈവശഭൂമിയിൽ വീടുവയ്ക്കുന്നതിന് സൗജന്യ ധനസഹായം ചെയ്തുകൊടുത്ത് സഹായിക്കേണ്ടതാണ്.

ഭവനനിർമ്മാണ രംഗത്ത് വളരെയേറെ പ്രതിസന്ധികൾ ഇവിടെ നിലനിൽക്കുന്നു. ഇതിൽ പ്രധാനപ്പെട്ടത് ഭവനനിർമ്മാണ സാമഗ്രികളുടെ

വർദ്ധിച്ച വില, ലഭ്യതയില്ലായ്മ കടത്ത് കൂലികളിന്മേലുള്ള വർദ്ധനവ്, വിദഗ്ദ തൊഴിലാളികളുടെ ലഭ്യതകുറവ് മുതലായവയാണ്.

ഇതിനു പരിഹാരമായി ലോൺട്രീ, മാട്ടുതാവളം, വളകോട്, എം. സി. കവല എന്നീ പ്രദേശങ്ങളുമായി ബന്ധപ്പെട്ട് കെട്ടിടനിർമ്മാണ സാമഗ്രികൾ ഉണ്ടാക്കി വിൽക്കുന്ന വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തികസഹായം നൽകേണ്ടതാണ്.

ആഗ്രഹമുള്ള യുവജനങ്ങൾക്ക് കെട്ടിടനിർമ്മാണ രംഗത്ത് ആവശ്യമുള്ള പരിശീലനം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

ദാരിദ്ര രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന ഗ്രാന്റ് 30,000 രൂപയായി വർദ്ധിപ്പിക്കണം.

താഴ്ന്ന വരുമാനക്കാർക്ക് നൽകിവരുന്ന ലോൺതുക 50,000 ആയിരം, സബ്സിഡി 20,000 ആക്കിയും തിരിച്ചടയ്ക്കേണ്ട കാലാവധി 240 മാസ തവണകളാക്കിയും വർദ്ധിപ്പിക്കണം.

നമ്പർ	കുടിൽ	വളരെ മോശം	മോശം	ഇല്ല
1	152	55	40	48
2	98	57	48	39
3	184	62	42	95
4	24	52	46	43
5			44	62
6			43	58
7	107	56	45	45
8	23	54	40	20
9	106	56	48	34
10	183	57	45	27
11	214	55	43	43
ആകെ	1081	504	484	514

ആകെ വീടുകൾ	5486	റെക്കോർഡ്5375
താമസം ഉള്ളത്	4293 –	4134
നികുതി ഉള്ളത്	2224	
നികുതി ഇല്ലാത്തത്	2069	
വീട് ഇല്ലാത്തത്	514	
കുടിൽ	1081	
വളരെ മോശം	504	
മോശം	484	
	2069	(പുതുക്കിപ്പണിയേണ്ട വീടുകൾ)
പട്ടയം ഉള്ളത്	25%	
പട്ടയം ഇല്ലാത്തത്	51%	
സ്ഥലം ഇല്ലാത്തത്	24%	

കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995 -96)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം					വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം
		ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	ഒരു നിലയുള്ള കെട്ടിടങ്ങൾ				
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
I	805	6	47	372	360	26	3
II	626	4	24	387	144	71	1
III	630	3	13	296	301	20	6
IV	652	6	21	304	306	21	5
V	153	---	---	112	33	8	---
VI	151	1	1	136	12	2	---
VII	662	3	22	221	367	52	4
VIII	301	3	7	201	56	37	---
IX	688	---	14	280	371	23	34
X	314	---	7	141	132	34	6
XI	504	1	6	249	193	54	31
ആകെ.	5486	27	162	2699	2277	348	90

സഹകരണം

ഈ പഞ്ചായത്തിലെ കർഷകരിൽ ഭൂരിപക്ഷവും ഏതെങ്കിലും സഹകരണ സ്ഥാപനവുമായി ബന്ധപ്പെട്ടു വരുന്നു.

ഇവരിൽ കൂടുതലും ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഉപ്പുതറ സർവ്വീസ് സഹകരണ ബാങ്ക് Ltd No. 2985, മലനാട് സർവ്വീസ് സഹകരണ ബാങ്ക്, Ltd No. K. 340 എന്നിവയിലെ അംഗങ്ങളാണ്.

പഞ്ചായത്തിന്റെ 1, 2, 3, 4, 5, 10, 11, എന്നീ വാർഡുകൾ ഉപ്പുതറ S.C.B. ന്റെ പരിധിയിലും 6, 7, 8, 9 വാർഡുകൾ മലനാട് S.C.B ന്റെ പരിധിയിലും ആണ്.

ഉപ്പുതറ S.C.B. കൊല്ലവർഷം 15 - 3 - 1125 -ൽ ആരംഭിച്ചു. ബാങ്കിൽ നിലവിൽ 2966 അംഗങ്ങൾ ഉണ്ട്. രൂപാ 10 ന്റെ ഓഹരി വിലയും 15 ലക്ഷം രൂപ അംഗീകൃത മൂലധനവും ഉള്ള ബാങ്കിൽ പിരിഞ്ഞുകിട്ടിയ മൂലധനം 6,400,15 ആണ്. രൂപാ 2,60, 000 സർക്കാർ ഓഹരി ലഭിച്ചിട്ടുള്ള ടി ബാങ്കിന് 1,61, 75, 925 /- രൂപാ പരമാവധി കടം എടുക്കാവുന്നതാണ്.

പൊതുജനങ്ങളിൽ നിന്നും സ്ഥിരനിക്ഷേപമായി 3,79,795 രൂപയും, ഹൃസ്വകാല നിക്ഷേപമായി 8,56,117 രൂപയും സ്വീകരിച്ചിട്ടുണ്ട്.

ടി ബാങ്കിൽ നിന്നും കാർഷിക ആവശ്യങ്ങൾക്കായി 19,53,603 രൂപയും മറ്റു വായ്പകൾക്കായി 19,53,045/- ഉം മൊത്തം രൂപാ 25,08,645/- വിതരണം ചെയ്തിട്ടുണ്ട്.

ജില്ലാ സഹകരണ ബാങ്കിൽ നിന്നും രൂപാ 31,92,505/- ഉം I.C.D.P.-ൽ നിന്നും രൂപാ 1,80,000/- ഉം വായ്പ എടുത്തിട്ടുണ്ട്.

ടി ബാങ്കിന് ഹൃസ്വകാല വായ്പ ഇനത്തിൽ രൂപാ 5,33,913 ഉം മദ്ധ്യകാല വായ്പ ഇനത്തിൽ രൂപാ 60,023/- ഉം ദീർഘ കാല വായ്പ ഇനത്തിൽ രൂപാ 9,550/- ഉം മൊത്തം രൂപാ 6,03,486/- കാലാവധി കഴിഞ്ഞിട്ടും പിരിഞ്ഞു കിട്ടാനുണ്ട്.

ഈ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ, ടെക്സ്റ്റയിൽ ബിസിനസും വളം കീടനാശിനി ബിസിനസും നടത്തി വരുന്നു.

ഇത്രയും കാലം വാടകയ്ക്ക് നടത്തി വന്നിരുന്ന ഈ സ്ഥാപനത്തിന് പ്രവർത്തിക്കുന്നതിനായി സ്വന്തമായി ഒരു ഇരുനില കെട്ടിടം ഉണ്ടാക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെ 6, 7, 8, 9 വാർഡുകൾ മലനാട് S.C.B. ന്റെ പ്രവർത്തന പരിധിയിൽ വരുന്നതാണ്. ഈ ബാങ്കിൽ നിന്നും ഈ പ്രദേശത്തെ കർഷകർക്ക് ഉദ്ദേശം 25 ലക്ഷം രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന മറ്റൊരു പ്രധാന സഹകരണ സ്ഥാപനം മലനാട് സഹകരണ റബ്ബർ വിപണന സംഘം Ltd. I.167 ഉപ്പുതറ ആണ്.

1984-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിലെ അംഗസംഖ്യ 316 മാത്രം ആണ്.

രൂപാ 25/- ഓഹരി വിലയും 50 ലക്ഷം രൂപാ അംഗീകൃത ഓഹരി മൂലധനവും ഉള്ള ടി സ്ഥാപനത്തിന് പിരിഞ്ഞു കിട്ടിയ മൂലധനം രൂപാ 65.750/- മാത്രം ആണ്. എങ്കിലും രൂപാ 4 ലക്ഷം സർക്കാർ ഓഹരി മൂലധനമായി ലഭിച്ചിട്ടുണ്ട്. പൊതു ജനങ്ങളിൽ നിന്നും രൂപാ 35,000/- സ്ഥിര നിക്ഷേപം സ്വീകരിച്ചിട്ടുള്ള ടി സ്ഥാപനം (റബ്ബർ 6,42,685/- രൂപയുടെയും സ്ക്രാപ് 3,87,182 ഉം, ആസിഡ് 2594/-) രൂപാ 10,32,461 -ടെ ബിസിനസ് ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ, ഉപ്പുതറ കാറ്റാടി കവല, പശുപ്പാറ എന്നീ സ്ഥലങ്ങളിൽ ആപ്കോസിന്റെ പാൽ സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇവയിൽ കൂടി ഒരു ദിവസം 680 ലിറ്റർ പാൽ സംഭരിക്കുന്നതിൽ 180 ലിറ്റർ പഞ്ചായത്തിൽ തന്നെ വിൽക്കുകയും 500 ലിറ്റർ പുറത്തേക്ക് കൊണ്ടു പോവുകയും ചെയ്യുന്നു. പുളിംകട്ട, മാട്ടുതാവളം, ഉപ്പുതറ എന്നീ സ്ഥലങ്ങളിൽ M.D.S. ന്റെ പാൽ സംഭരണ കേന്ദ്രങ്ങളിൽ കൂടി 600 ലിറ്റർ പാൽ സംഭരിക്കുന്നതിൽ എഴുപത് ലിറ്റർ ഇവിടെ വിൽക്കുന്നത് കഴിച്ച് 530 ലിറ്റർ പാൽ പഞ്ചായത്തിന് വെളിയിലേക്ക് കൊണ്ടുപോകുന്നു.

ഉപ്പുതറ S.C.B. ൽ ന്യായമായ ജനബന്ധം ഉണ്ടെങ്കിലും ബാങ്ക് മെമ്പർന്മാരുടെ ആവശ്യത്തിന് ലോൺ കൊടുക്കുന്നതിന് കഴിയുന്നില്ല. ലോൺ കിട്ടാതിരിക്കുന്നതിൽ ഭൂരിപക്ഷവും പുതിയ മെമ്പർമാർക്കാണ്. ടി ബാങ്കിന് ജില്ലാ ബാങ്കിൽ കുടിശിഖ നിലനിൽക്കുന്നതിനാലാണ് പുതിയ ലോൺ കൊടുക്കാൻ സാധിക്കാതെ വരുന്നത്. വായ്പക്കാരുടെ കുടിശിഖ പരിഹരിക്കത്തക്ക രീതിയിൽ സേവനം ചെയ്യുന്നതിനാവശ്യമുള്ള നിക്ഷേപം ഇല്ലാത്തതും ഒരു പ്രശ്നമാണ്.

അംഗങ്ങളിൽ വളരെയേറെ പേരും, കൈവശ ഭൂമി ഉടമകളാണ്. ഇവർക്ക് പരസ്പര ജാമ്യത്തിൽ മാത്രമേ ലോൺ എടുക്കാൻ സാധിക്കുകയുള്ളു. ബാങ്കിന്റെ ബൈലോ അനുസരിച്ച് ഇവർക്ക് കിട്ടുന്ന പരമാവധി വായ്പ്പത്തുക രൂപാ 5,000/- മാത്രമാണ്. അംഗങ്ങൾക്ക് പരസ്പര ജാമ്യത്തിൽ രൂപാ 25,000/- വരെ ലോൺ കിട്ടത്തക്ക രീതിയിൽ ആവശ്യമുള്ള നിയമ ഭേദഗതികൾ ചെയ്യേണ്ടതാണ്.

ബാങ്കിന്റെ പരിധിയിൽ പതിനായിരത്തിലേറെ വോട്ടർമാർ ഉണ്ടെങ്കിലും മൂവായിരത്തിൽ താഴെ മാത്രമാണ് അംഗത്വമെടുത്തിട്ടുള്ളത്. ബാങ്കിൽ അംഗത്വമെടുത്താൽ ലോൺ കിട്ടുമെന്ന് യാതൊരു ഉറപ്പു മില്ലാത്തതിനാലാണ്

70% ആളുകളും മാറിനിൽക്കുന്നത്. (പുതുതായി അംഗത്വമെടുത്തവർക്ക് ലോൺ കിട്ടിയിട്ടില്ല എന്നതാണ് കാരണം) ഉടനെയൊന്നും ഇതിന് പരിഹാരം ഉണ്ടാകുമെന്ന വിശ്വാസവുമില്ല.

ഇതിനു പരിഹാരമെന്ന നിലയിൽ ഈ പഞ്ചായത്തിലെ 3, 4, 5 വാർഡുകൾ പരിധി വരത്തക്ക രീതിയിൽ ഒരു വിവിധോദ്ദേശ സഹകരണ സംഘം (**Credit** മേഖല) രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന്, സ്വകാര്യവ്യക്തികളെയാണ് ഇപ്പോൾ ആശ്രയിക്കുന്നത്. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയിലൂടെ സാധനങ്ങൾ വില്പന നടത്തുന്നതിന് സൗകര്യം ഇല്ല. ഇതിന് പരിഹാരം എന്ന നിലയിൽ ഒരു മാർക്കറ്റിംഗ് സൊസൈറ്റി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കണം.

പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യസാധനങ്ങൾ വാങ്ങുന്നത് സ്വകാര്യ കച്ചവടക്കാരിൽ നിന്നുമാണ്. ഇത് മൂലം ഉപഭോക്താക്കളായ പഞ്ചായത്ത് നിവാസികൾക്ക് വളരെയേറെ സാമ്പത്തിക നഷ്ടം സംഭവിക്കുന്നു. ഇതിന് പരിഹാരം എന്ന നിലയിൽ ഈ പഞ്ചായത്തിലെ ഒറ്റമരം, പുതുക്കട, കാറ്റാടിക്കവല, പശുപ്പാറ, വാളകോട് എന്നീ മേഖലകളിൽ ഓരോ മാവേലി സ്റ്റോർ ആരംഭിക്കണം.

മലനാട് **S.C.B** എന്റെ പരിധിയിൽ വരുന്ന 6, 7, 8, 9 വാർഡുകളിലെ അംഗങ്ങൾ ബാങ്കുമായി ബന്ധപ്പെടുന്നത് ഏലപ്പാറ ബ്രാഞ്ചും ആയിട്ടാണ്. ഇത് വളരെയേറെ സാമ്പത്തിക സമയ, നഷ്ടങ്ങൾക്ക് കാരണമാകുന്നു. ഇതിന് പരിഹാരമായി വളകോട് കേന്ദ്രീകരിച്ച് മലനാട് **S.C.B** ന്റെ ഒരു ശാഖ ആരംഭിക്കണം.

ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി വളരെയേറെ ചെറുകിട തേയില കൃഷി നടത്തി വരുന്നു. ഇവർക്ക് കൊളുന്ത് വിൽപനയ്ക്ക് സ്വകാര്യ വ്യക്തികളെ ആശ്രയിക്കേണ്ടിവരുന്നു. ഇത് കർഷകർക്ക് വളരെയേറെ സാമ്പത്തിക നഷ്ടം വരുത്തുന്നതാണ്.

ഇതിന് പരിഹാരം എന്ന നിലയിൽ വളകോട് കേന്ദ്രീകരിച്ച്, ഈ പഞ്ചായത്ത് പ്രവർത്തന പരിധി വരത്തക്ക രീതിയിൽ ഒരു സഹകരണ തേയില ഫാക്ടറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

അനുബന്ധം 13

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1. സ്ഥാപനത്തിന്റെ പേര്	ഉപ്പുതറ സർവ്വീസ് സഹകരണ ബാങ്ക് **Ltd No.** 2985
2. പ്രവർത്തന പരിധി	ഉപ്പുതറ പഞ്ചായത്ത് (6, 7, 8, 9, എന്നീ വാർഡുകൾ ഒഴികെ)
3. ക്രഡിറ്റ് / നോൺ ക്രെഡിറ്റ്	ക്രഡിറ്റ്
4. പ്രവർത്തനം ആരംഭിച്ച വർഷം	15 – 3 – 1125 (**ME**)
5. ആകെ അംഗങ്ങൾ	2966
6. ഒരു ഓഹരിയുടെ വില	10 രൂപ
7. അംഗീകൃത ഓഹരി മൂലധനം	15,00000
8. പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	640015
9. സർക്കാർ ഓഹരിയുണ്ടോ?	ഉണ്ട്
10. ഉണ്ടെങ്കിൽ ലഭിച്ച തുക	2,60,000
11. പരമാവധി കടം എടുക്കാവുന്ന തുക	16175925

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥിരം	3,79,795
b) ഹ്രസ്വകാലം	8,56,117

III നൽകിയിട്ടുള്ള വായ്പകൾ

a) കാർഷികവായ്പകൾ

1. **S.T.L.**	15,74,450
2. **LT Drought**	3200
3. **LT Will**	20300
4. **IRDP (P)**	6000
5. **M.T. Cow & Goat**	177653

b) മറ്റ് വായ്പകൾ **L.T Tax** 172000

ഇനം	തുക	1953603/–
1. **G.L.**	77720	
2. **O.F.L**	360798	
3. **O.L.**	107196	
4. **IRDP**	9331	

c) പ്രത്യേക വായ്പകൾ

ഇനം	തുക	555045/–

IV സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

നമ്പർ	സ്ഥാപനം	സ്വഭാവം	തുക
1	ജില്ലാ സഹകരണ ബാങ്ക്	മദ്ധ്യകാല, ദീർഘകാല,ഹ്രസ്വകാല വായ്പ	3197505
2	I.C.D.P.	Building Loan	180000
	ആകെ തുക		3377505

V നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

നമ്പർ	വായ്പാസ്വഭാവം	തുക
1	ഹ്രസ്വകാല വായ്പകൾ	533913
2	മദ്ധ്യകാല വായ്പകൾ	60023
3	ദീർഘകാല വായ്പകൾ	9550
	ആകെ തുക	603486

V നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

1. Establishments charges	174161
2. Contingennies	76104

VII വായ്പ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. ടെക്സ്റ്റയിൽസ് ബിസിനസ്
2. വളം കീടനാശിനി ബിസിനസ്.

അനുബന്ധം 13

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1) സ്ഥാപനത്തിന്റെ പേര് : മലനാട് സഹകരണ റബ്ബർ വിപണന സംഘം ക്ലിപ്തം നമ്പർ ഐ. 167 ഉപ്പുതറ
2) പ്രവർത്തന പരിധി : പീരുമേട്, ഉടുമ്പൻചോല താലൂക്ക്
3) ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് : നോൺ ക്രെഡിറ്റ്
4) പ്രവർത്തനം ആരംഭിച്ച വർഷം : 1984
5) ആകെ അംഗങ്ങൾ : 316
6) ഒരു ഓഹരിയുടെ വില : രൂപാ 25/-
7) അംഗീകൃത ഓഹരി മൂലധനം : 50,00,000/-
8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം : രൂപാ 65750
9) സർക്കാർ ഓഹരിയുണ്ടോ : ഉണ്ട്, രൂപാ 4,00,000/-
10) ഉണ്ടെങ്കിൽ ലഭിച്ച തുക : "
11) പരമാവധി കടം എടുക്കാവുന്ന തുക : പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനത്തിന്റെയും റിസർവ് ഫണ്ടിന്റേയും 30 ഇരിട്ടി.

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥിരം : Rs 35,000/-
b) ഹ്രസ്വകാലം : Nil

III ബിസിനസ്സുകൾ

ഇനം	തുക
1. റബ്ബർ	6,42,685
2. സ്ട്രാപ്പ്	3,87,182.15
3. ആസിഡ്	2594

b) മറ്റ് വായ്പകൾ

ഇനം	തുക
Nil	

c) പ്രത്യേക വായ്പകൾ

ഇനം	തുക
Nil	

	അളക്കുന്നത്	പ.വി.	
APCOS Pasupara	240	100	140
APCOS Kattadikdkavala	220	60	160
APCOS Upputhara Valakkottu	220	20	200
	680	180	500
MDS			
MDS Pulinkatta	120		120
MDS Mattuthavalam	140	10	130
MDS Upputhara	340	60	280
	600	70	530

ആരോഗ്യം

ഉപ്പുതറ പ്രൈമറി ഹെൽത്ത് സെന്ററും അതിന്റെ സബ് സെന്ററുകളും മാത്രമാണ് ഈ പഞ്ചായത്തിലെ ഏക സർക്കാർ ആരോഗ്യ ശൃംഖല. ഹോമിയോ, ആയുർവേദ, പാരമ്പര്യ ചികിത്സാ സൗകര്യങ്ങളൊന്നും സർക്കാർ ഉടമസ്ഥതയിൽ ഈ പഞ്ചായത്തിൽ ഇല്ല.

ചില കന്യാസ്ത്രീ മഠങ്ങളോട് ചേർന്നുള്ള ഡിസ്പൻസറികളും, രണ്ട് സ്വകാര്യ ഡിസ്പൻസറികളും അടങ്ങുന്നതാണ് ഉപ്പുതറ പഞ്ചായത്തിലെ ആരോഗ്യ രക്ഷാസംവിധാനങ്ങൾ. ഇവയിൽ രണ്ട് ഡിസ്പൻസറികൾ പ്ലാന്റേഷൻ മേഖലയിൽ സ്ഥിതിചെയ്യുന്നു.

ഈ സംവിധാനങ്ങളുടെ അപര്യാപ്തത കൊണ്ടുതന്നെ ഭൂരിപക്ഷം ജനങ്ങളും ആശ്രയിക്കുന്നത് തൊട്ടടുത്തുള്ള അയ്യപ്പൻ കോവിൽ പഞ്ചായത്തിലോ, 30 കിലോമീറ്റർ അകലത്തിലുള്ള കട്ടപ്പനയിലോ ഉള്ള സ്വകാര്യ ആശുപത്രികളോ ആണ്. നാടൻ ചികിത്സാ രീതികൾ സ്വീകരിക്കുന്നവരുടെ എണ്ണവും വിരളമല്ല.

20 കിടക്കകൾ മാത്രമുള്ള ഉപ്പുതറ P.H.C-ൽ അടിസ്ഥാനസൗകര്യങ്ങൾ ഒന്നും തന്നെയില്ല. X'Ray യൂണിറ്റ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ചെറിയ ആവശ്യങ്ങൾക്ക് പോലും കിലോമീറ്ററുകൾ അകലത്തിലുള്ള കട്ടപ്പനയിലോ മറ്റ് സ്വകാര്യ സംരംഭങ്ങളേയോ ആശ്രയിക്കേണ്ടിവരുന്ന ഗതികേടിലാണ് ജനങ്ങൾ.

മെഡിക്കൽ ലബോറട്ടറി സൗകര്യങ്ങൾ പര്യാപ്തമല്ലാത്തതിനാൽ കൂടിയ ചിലവിൽ സ്വകാര്യ സ്ഥാപനങ്ങളെ ശരണം പ്രാപിക്കേണ്ടി വരുന്നു.

P.H.C.ക്ക് പര്യാപ്തമായ അളവിലുള്ളതും സുരക്ഷിതത്വം ഉള്ളതുമായ കെട്ടിടങ്ങൾ ഇല്ല. 3 മെഡിക്കൽ ആഫീസർ തസ്തികകളുള്ള ഈ ആശുപത്രിയിൽ – സൗകര്യപ്രദമായ ഒരു പരിശോധനാ മുറിപോലും ഇല്ല. കെട്ടിടങ്ങൾ എല്ലാം തന്നെ പഴക്കംകൊണ്ട് ജീർണ്ണിച്ചതും, ചോർന്ന് ഒലിക്കുന്നവയുമാണ്.

ഇടയ്ക്ക് ഇടയ്ക്ക് നടക്കുന്ന കുടുംബാസൂത്രണ ക്യാമ്പുകളല്ലാതെ മറ്റ് മെഡിക്കൽ ക്യാമ്പുകളൊന്നുംതന്നെ നടക്കുന്നില്ല.

ഫീൽഡ് സ്റ്റാഫുകളുടെ പ്രവർത്തനം മിക്കവാറും സ്ഥലങ്ങളിൽ നിർജീവമാണ്. ഇവരുടെ ഭവന സന്ദർശന പരിപാടികൾ ഫലപ്രദമായി നടക്കുന്നില്ല എന്ന് 1966-ലെ ജനകീയ സർവ്വേ സൂചിപ്പിക്കുന്നു.

തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതും ദുർഗ്ഗമമായ പ്രദേശങ്ങളിൽ സ്ത്രീകളെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായി നിയമിക്കുന്നതും ഇതിന് കാരണമായി തീരുന്നു.

പഞ്ചായത്തിലെ മരണനിരക്ക് 4.2 ആണ്. ഇത് സംസ്ഥാനത്തിലെ പൊതുമരണ നിരക്കിനെക്കാൾ കുറവാണ്. പഞ്ചായത്തിലെ ജനന നിരക്ക് 3.2 ആണ്. ചാപിള്ള ജനനത്തെ സംബന്ധിക്കുന്ന കണക്ക് ലഭ്യമല്ല.

P.H.C. ഈ പഞ്ചായത്തിന്റെ ഒരു അതിർത്തിയോട് ചേർന്ന് സ്ഥിതിചെയ്യുന്നതിനാൽ പലഭാഗങ്ങളിൽ നിന്നും 10 മുതൽ 17 വരെ കി.മീ സഞ്ചരിച്ചു വേണം ഇവിടെ എത്താൻ.

ജനങ്ങൾ ഭൂരിപക്ഷവും സമീപ പഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്ന സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നതിനാൽ, ഈ പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള വിശദവും വിശ്വാസയോഗ്യവുമായ സ്ഥിതിവിവരക്കണക്കുകൾ സ്വരൂപിക്കുക എളുപ്പമല്ല. പഞ്ചായത്ത് മൊത്തത്തിൽ നടത്തുന്ന ആരോഗ്യ സർവ്വേയിലൂടെയോ P.H.C. ഫീൽഡ് സ്റ്റാഫിന്റെ സജീവമായ പ്രവർത്തനത്തിലൂടെയോ മാത്രമേ ഈ കുറവ് പരിഹരിക്കാൻ കഴിയുകയുള്ളൂ.

പഞ്ചായത്തിലെ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളിൽ 40 മുതൽ 50 വരെശതമാനത്തിന് ഗുരുതരമായ വിളർച്ചയും പോഷണക്കുറവും ബാധിച്ചവരാണ് എന്ന് വിദ്യാലയ ആരോഗ്യ പരിപാടിയുടെ അവലോകനത്തിലൂടെ കണ്ടെത്താൻ കഴിയും.

ഈ പഞ്ചായത്തിലെ 90% അധികം വീടുകളിലും കക്കൂസുകൾ ഇല്ല. തന്മൂലമുള്ള കൊക്കോപ്പുഴുവിന്റെയും വിരയുടെയും ആക്രമണം ഇതിനൊരു പ്രധാന കാരണമാണ്. വിദ്യാലയ ആരോഗ്യ പരിപാടികളുടെ, തുടർപരിപാടികൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

ഈ പഞ്ചായത്തിലെ ആരോഗ്യ സ്ഥിതിയെ സംബന്ധിച്ച് താഴെപറയുന്ന കാര്യങ്ങളിലേക്ക് അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

1. ഉപ്പുതറ P.H.C.-ൽ അടിസ്ഥാന സൗകര്യങ്ങളും X-Ray, ലബോറട്ടറി സൗകര്യങ്ങളും ലഭ്യമാക്കുക.

2. സബ് സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

3. സബ്സെന്ററുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.

4. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും കക്കൂസ് സൗകര്യം ഉണ്ടാക്കി നൽകുക.

5. ആരോഗ്യം, ശുചിത്വ, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കു വേണ്ടവിധത്തിൽ നടത്തി ജനങ്ങളെ ബോധവൽക്കരിക്കുക.

6. പരിസര ശുചീകരണ ബോധവൽക്കരണം നടത്തുക.

7. എസ്റ്റേറ്റുകളിലും, കൃഷി സ്ഥലങ്ങളിലും ഉപയോഗിക്കുന്ന കീടനാശിനികൾ മൂലം മലിനം ആയി തീർന്നിരിക്കുന്ന ജലസ്രോതസുകൾ ശുദ്ധീകരിക്കുക.

8. വേനൽക്കാലത്ത് പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും അനുഭവപ്പെടുന്ന ശുദ്ധജല ക്ഷാമത്തിനു പരിഹാരമുണ്ടാക്കുക.

9. P.H.C. സ്റ്റാഫിന്റെ വീഴ്ച മൂലം ആരോഗ്യപ്രവർത്തനങ്ങളെ സംബന്ധിക്കുന്ന കണക്കുകൾ ലഭ്യമല്ല ഇത് ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനെ ബാധിക്കുന്നു. ഇതിന് പരിഹാരം ഉണ്ടാക്കുക.

10 ലോൺട്രീ കേന്ദ്രീകരിച്ച് ഒരു ആയുർവ്വേദ ആശുപത്രിയും, പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രിയും ആരംഭിക്കുക.

11. വിദ്യാർത്ഥികളുടെ ആരോഗ്യ പരിപാടിയുടെ തുടർപ്രവർത്തനങ്ങൾ നടത്തുക.

12. പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഇറച്ചിവെട്ടുകടകളിൽ വേണ്ട രീതിയിൽ ശുചിത്വം ഉണ്ടെന്ന് ഉറപ്പു വരുത്തുക.

13. വിദ്യാർത്ഥികൾ വ്യക്തിശുചിത്വം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

വിദ്യാഭ്യാസം

മുക്കാൽ നൂറ്റാണ്ടിലേറെ പഴക്കമുള്ള ഉപ്പുതറ വിദ്യാഭ്യാസ രംഗത്ത് ആദ്യം മുതൽ പിന്നോക്കമാണ്. രൂക്ഷമായ ജീവിത പ്രശ്നങ്ങളും, മലമ്പനി, പ്ലേഗ് തുടങ്ങിയ മാരക രോഗങ്ങളോടും മല്ലടിച്ചുകൊണ്ടുള്ള ജീവിതത്തിനിടയിൽ വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര ശ്രദ്ധിക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നതാണു കാരണം. ഔപചാരികമോ – അനൗപചാരികമോ ആയ വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനം ഇവിടെ എത്തിയിരുന്നില്ല.

ഈ സ്ഥിതിക്ക് നേരിയ മാറ്റം വരുത്തിക്കൊണ്ട് നാട്ടുകാരുടെ സംയുക്ത ശ്രമഫലമായി എഴുതി തയ്യാറാക്കിയ ഭരണ ഘടനയുടെ അടിസ്ഥാനത്തിൽ1927 ൽ ഫാദർ ഓണംകുളം മാനേജരായി മലയാളം പ്രൈമറി സ്കൂൾ സ്ഥാപിക്കപ്പെട്ടു.

ഈ വിദ്യാലയം ഇന്ന് കാഞ്ഞിരപ്പള്ളി അതിരൂപതയുടെ കീഴിൽ OMLPS എന്നറിയപ്പെടുന്നു.

1954 ൽ പഞ്ചായത്തിൽ സെന്റ്. ഫിലേമിനാസ് യു. പി. സ്കൂൾ സ്വകാര്യ മേഖലയിലും ഒരു ഹരിജൻ വെൽഫെയർ സ്ക്കൂൾ സർക്കാർ മേഖലയിലും ആയിരുന്നു.

1957–ൽ ഗവൺമെന്റ് ഈ രണ്ടു സ്ക്കൂളുകളും അപ്പ്ഗ്രേഡ് ചെയ്യുകയും വളകോട് ഒരു പട്ടികവർഗ്ഗ എൽ. പി. സ്കൂൾ അനുവദിക്കുകയും ചെയ്തു.

1957 ൽ അപ്പഗ്രേഡ് ചെയ്ത സർക്കാർ വിദ്യാലയം ഹരിജൻ വെൽഫെയർ സ്കൂൾ കാറ്റാടിക്കവല എന്ന പേരിൽ അറിയപ്പെടുന്നു.

ഇപ്പോൾ ഈ പഞ്ചായത്തിൽ 4 ഹൈസ്കൂളുകളും 2 അപ്പർ പ്രൈമറി സ്കൂളുകളും 7 ലോവർ പ്രൈമറി സ്കൂളുകളും പ്രവർത്തിച്ചു വരുന്നു.

(സ്കൂളുകളുടെ അടിസ്ഥാന വിവരങ്ങൾ പട്ടികയിൽ വിവരിക്കുന്നു)

ഈ വിദ്യാലയങ്ങളിൽ പുളിങ്കട്ട സെന്റ് ജോർജ്ജ് ലോവർ പ്രൈമറി സ്ക്കൂളിന് സ്വന്തമായി കെട്ടിടമില്ല.

ഇത്രയും അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമായിട്ടും മൂന്നു കിലോമീറ്റർ പരിധിക്കുള്ളിൽ ഒരു പ്രാഥമിക വിദ്യാലയം ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ ഈ പഞ്ചായത്തിന് സാധിച്ചില്ല.

5 മുതൽ 7 വരെ കിലോ മീറ്റർ കാൽനടയായി യാത്രചെയ്തെങ്കിൽ മാത്രമേ പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ നിന്നും പിഞ്ചു കുട്ടികൾക്ക് വിദ്യാലയത്തിൽ എത്തിച്ചേരുവാൻ കഴിയുകയുള്ളു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ 4 സമാന്തര കോളേജുകൾ (പാരലൽ കോളേജുകൾ) 4 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു തയ്യൽ സ്കൂൾ, 2 കമ്പ്യൂട്ടർ സെന്ററുകൾ, ഒരു നൃത്ത–സംഗീത വിദ്യാലയം എന്നിവയും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

(പഞ്ചായത്തിൽ വിവിധ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പട്ടകയിൽ ചേർത്തിരിക്കുന്നു)

ആകെയുള്ള 4666 വിദ്യാർത്ഥികളിൽ 988 പട്ടകജാതി–പട്ടിക വിദ്യാർത്ഥികളാണ്. 1351 വിദ്യാർത്ഥികൾക്ക് പലയിനങ്ങളിലായി സാമ്പത്തിക ആനുകൂല്യങ്ങൽ ലഭിക്കുന്നു. സാമ്പത്തികമായി ഉയർന്ന കുടുംബങ്ങളിലെ കുട്ടികൾ പലരും ചങ്ങനാശ്ശേരി–കോട്ടയം തുടങ്ങിയ നഗരങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നു.

അക്കാഡമിക്ക് നിലവാരത്തിലെ പ്രകടമായ പിന്നോക്കാവസ്ഥയാണ് ഇതിനു കാരണം. വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്ന കുറവുകാരണം ചീന്തലാർ എൽ.പി. സ്കൂൾ അൺ എക്കണോമിക്കായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

പശുപ്പാറ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ കൊഴിഞ്ഞുപോകൽ തിരക്ക് ഭീതിദമാണ്. ചില മേഖലകളിലെ വിദ്യാർത്ഥികൾക്കും , രക്ഷിതാക്കൾക്കും വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യമില്ലായ്മയും വിദ്യാർത്ഥികളിൽ വന്നുചേർന്നിരിക്കുന്ന ലക്ഷ്യബോധമില്ലായ്മയും ആണ് ഇതിന് കാരണം.

വേണ്ടത്ര പ്രോത്സാഹനം ഇല്ലായ്മയും തോട്ടം മേഖലയിൽ കുട്ടികൾക്കുള്ള താല്ക്കാലിക തൊഴിൽ സാദ്ധ്യതകളും ആണ് ഇതിനു കാരണം.

ഈ കാര്യത്തിൽ കൂടുതൽ വിദഗ്ദ പഠനങ്ങൾ നടക്കേണ്ടതായിട്ടാണിരിക്കുന്നത്. സർക്കാർ വിദ്യാലയങ്ങൾക്ക് ഒന്നിനും തന്നെ മതിയായ അളവിൽ കെട്ടിടങ്ങൾ, ഫർണീച്ചർ, ലൈബ്രറികൾ ലാബറട്ടറി സൗകര്യങ്ങൾ, മൂത്രപ്പുര, കക്കൂസ്, കുടിവെള്ള സംവിധാനം, പാചകപ്പുര, ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾ (ഉപകരണങ്ങൾ) കളിസ്ഥലങ്ങൾ എന്നിവ ഇല്ല. ഫണ്ട് അനുവദിക്കാത്തിനാൽ രണ്ട് സർക്കാർ പ്രൈമറി വിദ്യാലയങ്ങൾക്ക് കെട്ടിമേച്ചിൽ ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ നടത്തുവാൻ സാധിച്ചിട്ടില്ല.

മിക്ക സ്കൂളുകളും അദ്ധ്യാപക ക്ഷാമത്താൽ വീർപ്പു മുട്ടുകയാണ്. ഒഴിവുള്ള തസ്തികകൾ നികത്താത്തതും, ഉള്ളവർ ദീർഘകാല അവധിയിലും പോകുന്നത് ഈ പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്നു.

പഞ്ചായത്തിലെ മൊത്തം സ്കൂളുകളുടെയും അക്കാഡമിക്ക് നിലവാരം ദയനീയമാംവിധം താഴ്ന്ന വരുന്നു എന്ന് മനസ്സിലാക്കുന്നു. 70% ൽ അധികം കുട്ടികളും 30% (മാർക്കിൽ) താഴെ നിലവാരം പുലർത്തുന്നവരാണ്.

60% ൽ മേൽ മാർക്കു നേടുന്നവർ കേവലം 3% ൽതാഴെ വിദ്യാർത്ഥികളാണ്. 80 % മാർക്ക് നേടുന്നവർ അംഗുലി പരിമിതമാണ്.

4 ഹൈസ്കൂളുകൾ ഉള്ള ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളൊന്നും ഇല്ല. പഞ്ചായത്തു കേന്ദ്രത്തിൽ നിന്നും 30 കിലോ മീറ്റർ അകലെ സ്ഥിതിചെയ്യുന്ന കട്ടപ്പന

ഗവൺമെന്റ് കോളജാണ് തൊട്ടടുത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനം. സയൻസ് ഗ്രൂപ്പുകൾ ഒന്നും ഇവിടെ ഇല്ല.

സയൻസ് ഗ്രൂപ്പുകളുള്ള ഏറ്റവും അടുത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനം 60 കിലോമീറ്റർ അകലെയുള്ള നെടുങ്കണ്ടം എം. ഇ. എസ്. കോളേജാണ്.

ഇത്തരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതമൂലം സാമ്പത്തികപിന്നോക്കാവസ്ഥ അനുഭവിക്കുന്ന മഹാഭൂരിപക്ഷം വിദ്യാർത്ഥികളും (പഠന സാമർത്ഥ്യം ഉള്ളവർ ആണെങ്കിൽ പോലും) എസ്. എസ്. എൽ. സി. യോടുകൂടി പഠനം അവസാനിപ്പിക്കുന്ന സ്ഥിതിയിലാണ്.

ഏറ്റവും അടുത്ത സാങ്കേതിക വിദ്യാഭ്യാസ സൗകര്യം 30 കിലോമീറ്റർ അകലെയുള്ള കട്ടപ്പന ഗവൺമെന്റ് ഐ.റ്റി. ഐ. മാത്രമാണ്.

ഇത്രമാത്രം പരിമിതികൾ നിലവിലുണ്ടെങ്കിൽ പോലും സെന്റ് ഫിലോമിനാസ് ഹൈസ്കൂൾ, സെന്റ് :ജോസഫ് ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് കലാ കായികരംഗങ്ങളിൽ ജില്ലാ-സംസ്ഥാന തലങ്ങളിൽ സമ്മാനങ്ങൾ നേടുവാൻ സാധിച്ചിട്ടുണ്ട്. 3 ഹൈസ്കൂളുകളിൽ സ്ക്കൗട്ട്-ഗൈഡ് ട്രൂപ്പുകൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളായ ചീന്തലാർ ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂളിൽ നിന്നും മാനോജ്കുമാർ കെ. എം. എന്ന വിദ്യാർത്ഥിക്ക് സ്കൗട്ടിംഗിനുള്ള കേരളാ ഗവർണ്ണറുടെ "രാജ്യ പുരസ്ക്കാർ" അവാർഡ് നേടുവാൻ കഴിഞ്ഞു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.(പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ എസ്. എസ്. എൽ. സി വിജയശതമാനം ചുവടേ ചേർക്കുന്നു.)

24 അംഗൻ വാടികളും 3 സ്വകാര്യ നഴ്സറിസ്കൂളുകളും 27 ശിശു വിദ്യാലയങ്ങളാണ് പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അംഗൻവാടികളിൽ പകുതിയിലധികവും സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നത്.

ദൂരക്കൂടുതൽ കാരണം പല പ്രദേശങ്ങളിൽ ഉള്ള കൊച്ചു കുട്ടികൾക്ക് അംഗൻവാടിയുടെ പ്രയോജനം ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. അംഗൻവാടികളിൽ ഒന്നുംതന്നെ വേണ്ടത്ര കളിക്കോപ്പുകളോ, മൂത്രപ്പുര, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ല. ഈ പ്രശ്നങ്ങൾക്ക് പരിഹാരം എന്ന നിലയിൽ താഴെപറയുന്ന കാര്യങ്ങൾക്ക് അടിയന്തര പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്.

1. സെന്റ് ഫിലോമിനാസ് ഹൈസ്കൂളിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്ന സ്കൂൾ കോപ്ലക്സിന്റെ പ്രവർത്തനം സജീവമാക്കുക.

2. നിലവിലുള്ള സ്കൂളുകൾക്ക് ആവശ്യമുള്ള കെട്ടിടസൗകര്യങ്ങളും കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കണം.

3. പഞ്ചായത്തിൽ സയൻസ് വിഷയങ്ങൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സൗകര്യത്തിന് കോളേജ് സ്ഥാപിക്കണം. (ഉപ്പുതറ ടൗണിനോട് ചേർന്ന് പത്തേക്കർ ഭാഗത്ത് ആവശ്യത്തിനുള്ള തരിശു ഭൂമി ഉണ്ട്)

4. കലാ - കായിക രംഗങ്ങളിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള പരിശീലനം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കണം.

5. വിദ്യാർത്ഥികളുടെ അക്കാഡമിക് നിലവാരം ഉയർത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

6. മുഴുവൻ അംഗൻ വാടികൾക്കും സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കണം.

7 ഉപ്പുതറ ടൗണിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന രാജീവ് ദശലക്ഷം ഹൗസിംഗ് കോളനിയിൽ ഒരു അംഗൻ വാടിയും, 3-ാം വാർഡിൽ മാമരത്തും മൊട്ട, 27 പുതുവൽ, കാറ്റാടിക്കവല, ആറാം വാർഡിൽ ഒന്നാം വാർഡിൽ എം. സി. കവല എന്നിവിടങ്ങളിൽ മലയാളം അംഗൻ വാടികളും, ലോൺട്രീ എസ്റ്റേറ്റ് നമ്പർ 2 ഡിവിഷൻ ഏഴാം വാർഡിൽ പശുപ്പാറ എന്നിവിടങ്ങളിൽ തമിഴ് അംഗൻ വാടികളും അനുവദിക്കേണ്ടതാണ്.

8. മൂന്ന് കിലോമീറ്ററിനുള്ളിൽ ഒരു എൽ. പി. സ്കൂൾ എന്ന ലക്ഷ്യം പ്രാവർത്തികമാക്കുമാറ് ലോൺ ട്രീ 23 ജംഗ്ഷൻ ആറാം വാർഡിൽ 3-ാം ഡിവിഷൻ പത്താം വാർഡിൽ ഈറ്റക്കാനം എന്നീ സ്ഥലങ്ങളിൽ എൽ. പി. സ്കൂളുകൾ അനുവദിക്കുക.

9. നിലവിലുള്ള സ്കൂളുകളിൽ വേണ്ടപ്പെട്ട അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുക.

10. സെന്റ് ഫിലോമിനാസ് ഹൈസ്കൂളിൽ (+2) പ്ലസ്സ് റ്റൂ സൗകര്യം ഏർപ്പെടുത്തുക.

11. പുതുക്കടയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് എൽ. പി. എസ്. അപ്പ്ഗ്രേഡ് ചെയ്യുക.

12. സ്കൂളുകളുടെ സമീപം അദ്ധ്യാപകർക്ക് താമസസൗകര്യം ഏർപ്പെടുത്തുക.

13. സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ പ്ലസ്സ് റ്റൂ അനുവദിക്കുക.



35-ാമത് S.S.L.C. പരീക്ഷയിൽ ജില്ലാതലത്തിൽ സ്ഥിരം നേടിയ കുമാരി നിഷാമോൾ തോമസ് കെ. പ്രസിഡന്റിൽ നിന്നും ക്യാഷ് അവാർഡ് സ്വീകരിക്കുന്നു

സ്കൂളുകളുടെ-ഭൗതിക സാഹചര്യങ്ങൾ

ക്രമനമ്പർ	സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1	ഗവ:ട്രൈബൽ-ഹൈസ്കൂൾ, ചീന്തിലാർ	608	19	2	ഇല്ല	കിണർ	ഇല്ല
2	സെന്റ് ഫിലോമിനാസ്സ് ഹൈസ്കൂൾ, ഉപ്പുതറ	952	35	2	3	സ്വ.പൈപ്പ്	ഉണ്ട്
3	സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, ചീന്തിലാർ	1129	45	2	1	ഉണ്ട്	ഉണ്ട്
4	സെന്റ് ജോസഫ് ഹൈസ്കൂൾ, ചിന്നാർ	262	10	2	1	ഉണ്ട്	ഉണ്ട്
5	ഗവ. ഹരിജൻ വെൽഫെയർ യു.പി.എസ്, കാറ്റാടിക്കവല	419	13	ഇല്ല	ഇല്ല	ഇല്ല	ഇല്ല
6	ഗവ. യു.പി.എസ്. കരുന്തരുവി	385	17	ഇല്ല	ഇല്ല	ഇല്ല	ഇല്ല
7	പഞ്ചായത്ത് എൽ.പി.എസ്. ലോൺട്രി	284	8	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
8	ഗവ. എൽ.പി.എസ്. ചിന്നാൽ	101	2	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
9	തമിഴ് മീഡിയം സ്കൂൾ, പശുപ്പാറ	50	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല
10	സെന്റ് ജോർജ്ജ് എൽ.പി.എസ്., പുളിങ്കട്ട	78	4	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല
11	സെന്റ് ജോർജ്ജ് എൽ.പി.എസ്. വളകോട്	62	4	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല
12	ഇ.കെ.എം.എൽ.പി.എസ്. പശിപ്പാറ (ആലംപള്ളി)	293	7	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
13	ഒ.എം.എൽ.പി. സ്കൂൾ, ഉപ്പുതറ	344	9	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട

വിദ്യാർത്ഥികൾ – അദ്ധ്യാപകർ

ക്രമനമ്പർ	സ്കൂൾ	മാനേജ്മെന്റ്	L.P./ U.P. /H.S.	വിദ്യാർത്ഥികൾ			എസ്. സി. വിദ്യാർത്ഥികൾ			എസ്. ടി. വിദ്യാർത്ഥികൾ		
				ആൺ	പെൺ	ആകെ.	ആൺ	പെൺ	ആകെ.	ആൺ	പെൺ	ആകെ.
1	ഗവ:ട്രൈബൽ-ഹൈസ്കൂൾ, ചീന്തിലാർ	ഗവൺമെന്റ്	H.S	296	312	608	61	77	138	11	8	19
2	സെന്റ് ഫിലോമിനാസ്സ് ഹൈസ്കൂൾ, ഉപ്പുതറ	ഗവ.എയിഡഡ്	H.S	472	480	952	45	38	83	13	22	35
3	സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, ചീന്തിലാർ	ഗവ.എയിഡഡ്	H.S	545	584	1129	159	166	325	22	23	45
4	സെന്റ് ജോസഫ് ഹൈസ്കൂൾ, ചിന്നാർ	ഗവ.എയിഡഡ്	H.S	137	125	262	11	28	39	3	7	10
5	ഗവ. ഹരിജൻ വെൽഫെയർ യു.പി.എസ്, കാറ്റാടിക്കവല	ഗവൺമെന്റ്	U.P.	197	222	419	67	83	150	6	7	13
6	ഗവ. യു.പി.എസ്. കരുന്തരുവി	ഗവൺമെന്റ്	U.P.	209	176	385	57	55	112	6	11	17
7	പഞ്ചായത്ത് എൽ.പി.എസ്. ലോൺട്രി	ഗവ.എയിഡഡ്	L.P	150	134	284	46	52	98	5	3	8
8	ഗവ. എൽ.പി.എസ്. ചിന്നാർ	ഗവൺമെന്റ്	L.P	61	40	101	16	7	23	2	0	2
9	തമിഴ് മീഡിയം സ്കൂൾ, പശുപ്പാറ	സ്വകാര്യം	L.P	21	50	71	19	42	61	--	--	--
10	സെന്റ് ജോർജ്ജ് എൽ.പി.എസ്., പുളിങ്കട്ട	സ്വകാര്യം	L.P	39	30	78	--	--	--	--	--	--
11	സെന്റ് ജോർജ്ജ് എൽ.പി.എസ്. വളകോട്	സ്വകാര്യം	L.P	144	149	293	26	32	58	2	5	7
12	ഇ.കെ.എം.എൽ.പി.എസ്. പശിപ്പാറ (ആലംപള്ളി)	ഗവ.എയിഡഡ്	L.P	35	26	62	--	11	19	3	6	9
13	ഒ.എം.എൽ.പി. സ്കൂൾ, ഉപ്പുതറ	ഗവ.എയിഡഡ്	L.P	179	165	344	8	11	19	3	6	9
	ആകെ			2494	2473	4967	519	568	1087	76	75	151

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്								
എൽ.പി.			യു.പി.			എച്ച്.എസ്.		
ആകെ.	എസ്.സി/എസ്.ടി	%	ആകെ.	എസ്.സി/എസ്.ടി	%	ആകെ.	എസ്.സി/എസ്.ടി	%
1683	380	22.57	1711	393	22.97	1556	313	19.77

സാമ്പത്തിക ആനുകൂല്യം വിദ്യാർത്ഥികളുടെ എണ്ണം				
മെറിറ്റ് സ്കോളർഷിപ്പ്	വംപ്സം ഗ്രാന്റ്	മുസ്ലിം പെൺകുട്ടികളുടെ എണ്ണം	വികലാംഗ സ്കോളർഷിപ്പ്	നടാർ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്
27	1275	10	24	15

സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ വിവിധ ക്ലാസുകളിലായി പഠനം നിർത്തിയവർ							
സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ	പഠനം നിർത്തിയവർ					
		എസ്.സി/എസ്.ടി കുട്ടികൾ			മറ്റുള്ളവർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
V	165	2	1	3	11	13	24
VI	198	1	2	3	8	6	14
VII	165	3	6	9	10	6	16
VIII	243	8	10	18	20	39	59
IX	191	4	12	16	24	30	54
X	167	4	7	11	13	26	39
ആകെ	1129	22	38	60	86	110	206

സാംസ്കാരികം

കുടിയേറ്റ പ്രദേശമായ ഉപ്പുതറ സംസ്കാരങ്ങളുടെ ഒരു സംഗമ ഭൂമിയാണ്. ക്രിസ്തുമത വിശ്വാസികളും, ഹിന്ദു മതവിശ്വാസികളും അടങ്ങുന്നതാണ് ഈ സംഖ്യയിൽ സിംഹഭാഗവും. ചില പ്രദേശങ്ങളിൽ ഇസ്ലാം വിശ്വാസികൾക്കും മുഖ്യസ്ഥാനമുണ്ട്.

വ്യത്യസ്ത മതവിഭാഗങ്ങളെല്ലാം അവരവരുടെ, ആചാരനുഷ്ഠാനങ്ങൾ നിലനിർത്തിക്കൊണ്ട് സഹിഷ്ണതയോടെ കഴിഞ്ഞുകൂടുന്നു.ആദി ദ്രാവിഡ സംസ്ക്കാരത്തിൽ വിശ്വസിച്ചു പ്രവർത്തിക്കുന്ന പ്രത്യക്ഷരക്ഷ ദൈവസഭ – യുടെ പ്രവർത്തനങ്ങളും ചില പ്രദേശങ്ങളിൽ ഉണ്ട്.

സംഘടിത സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഉപ്പുതറയിൽ ഒരു ഏകീകൃത രൂപം നൽകുന്നതിന് സാധിച്ചിട്ടില്ല. വിവിധ വാർഡുകളിൽ ഒറ്റപ്പെട്ട സാംസ്ക്കാരിക സംഘടനകളും, വായനശാലകളും യുവജന ക്ലബ്ബുകളും പ്രവർത്തിക്കുന്നു.

ഇവയിൽ പലതും റജിസ്ട്രേഷൻ ഇല്ലാത്തവയോ യഥാസമയം പുതുക്കാത്തവയോ ആണ്. ഇവയെ ഏകീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ അതിനാൽതന്നെ കഴിഞ്ഞിട്ടില്ല CYM, Y.M.C.A., യുവദീപ്തി, തുടങ്ങിയ സംഘടനകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. ശാസ്ത്ര സാഹിത്യ പരിഷത്തിനു പഞ്ചായത്തിൽ ഒരു യൂണിറ്റും ഉണ്ട്. അംബേക്കർ യുവജനവേദി 5-ാം വാർഡ് കേന്ദ്രമായി പ്രവർത്തിക്കുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ, ഈ സംഘടന സജീവമായി പ്രവർത്തിച്ചു വരുന്നു.

സെന്റർ ഫോർ ഹൈറേഞ്ച് ഡവലപ്മെന്റ് ആക്ഷൻ (CHDA) എന്ന സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹൈറേഞ്ച് മഹിള സമാജത്തിന്റെ യൂണിറ്റുകൾ എല്ലാവാർഡിലും പ്രവർത്തിച്ചു വരുന്നു. ഇവർ ഏകീകൃത സ്വഭാവത്തോടുകൂടി പ്രവർത്തിച്ചു വരുന്നു.

3-ാം വാർഡ് കേന്ദ്രമാക്കി 1978 – ൽ സ്ഥാപിക്കപ്പെട്ട റജിസ്റ്റേർഡ് ക്ലബ്ബാണ് സൈമ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്. ജില്ലയിൽ ആകമാനം. അറിയപ്പെടുന്ന സൈമാ ബാൻഡ്സെറ്റ് ഈ ക്ലബ്ബിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു. സ്വന്തം കെട്ടിടവും ഉപകരണങ്ങളും ഉള്ള ഈ ക്ലബ്ബിന്റെ പ്രവർത്തനം അടുത്ത കാലം വരെ സജീവമായിരുന്നു.

അറിയപ്പെടുന്ന മറ്റൊരു ക്ലബ്ബ് ഉപ്പുതറ സന്തോഷ് ക്ലബ്ബ് ആണ്. കലാ കായിക രംഗത്ത് നേട്ടങ്ങൾ കൊയ്ത ചരിത്രമുള്ള ഈ ക്ലബ്ബിന്റെ നേതൃത്വത്തിൽ ലൈബ്രറിയും റീഡിംഗ് റൂമും പ്രവർത്തിച്ചു വരുന്നു. പഞ്ചായത്ത് നൽകിയ ഒരു ടെലിവിഷൻ ഈ ക്ലബ്ബിന് ഉണ്ട്. ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ ചെയ്തിട്ടുള്ള ഈ ക്ലബ്ബിന് ഗ്രാന്റ് കിട്ടുന്നുണ്ട്. ഈ ക്ലബ്ബിന്റെ നേതൃത്വത്തിലുള്ള വടംവലി ടീമും, വോളിബോൾ ടീമും ജില്ലയിൽ പ്രസിദ്ധമാണ്.

9, 10, 11 വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്ന ജനസേവാ ഡെവലപ്മെന്റ് പ്രോജക്ടിന്റെ നേതൃത്വത്തിൽ, പത്തോളം ക്ലബ്ബുകൾ വാർഡുകളുടെ പല ഭാഗങ്ങളിലും പ്രവർത്തിച്ചു വരുന്നു. ഇവയിൽ പലതിന്റെയും പ്രവർത്തനം സജീവമാണ്.

എടുത്തുപറയേണ്ട ഒരു സ്ഥാപനമാണ് 'തപസ്യ' കൾച്ചറൽ സൊസൈറ്റി. ഉപകരണ സംഗീതം, ശാസ്ത്രീയ സംഗീതം, ശാസ്ത്രീയ നൃത്തങ്ങൾ, തുടങ്ങിയവ അഭ്യസിപ്പിക്കുന്ന നൃത്തസംഗീത വിദ്യാലയം തപസ്യയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.

ഒന്ന്, പതിനൊന്ന് വാർഡുകൾ കേന്ദ്രീകരിച്ച് 1994-ൽ പ്രവർത്തനം ആരംഭിച്ച നവതാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് പ്രദേശത്തെ സാംസ്കാരിക വികസന രംഗങ്ങളിൽ കർമ്മ നിരതമായി പ്രവർത്തിച്ചു വരുന്നു.

യുവധാര, ആനപ്പള്ളം, ഒമേഗ മത്തായിപ്പാറ, നിമിഷ ലോൺട്രി, തുടങ്ങിയ സജീവമായി പ്രവർത്തിച്ചു വരുന്നു.

ഒൻപതേക്കർ സൂര്യകാന്തിക്കവല റോഡ്, പഞ്ചായത്തിന്റെ സഹായത്തോടുകൂടി ഏറ്റെടുത്ത് നടത്തുന്ന CYC-ടെ പ്രവർത്തനം പ്രത്യേകം പ്രസ്ഥാവ്യമാണ്.

സജീവമായി പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനമാണ് ഉപ്പുതറ പബ്ലിക് ലൈബ്രറി. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന ടി സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി പണികഴിപ്പിച്ച സാംസ്ക്കാരിക നിലയത്തിൽ പഞ്ചായത്താഫീസ് പ്രവർത്തിച്ചു വരുന്നതിനാൽ ഇതിന്റെ പ്രവർത്തനത്തിന് സൗകര്യപ്രദമായ കെട്ടിടം ഇല്ല. പഞ്ചായത്താഫീസിന് പ്രത്യേകം കെട്ടിടം ഉണ്ടാക്കി സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

മിക്കവാറും എല്ലാ പ്രമുഖ മലയാള ദിനപത്രങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും പ്രചാരത്തിൽ ഉണ്ട്. ഇംഗ്ലീഷ് ദിനപത്രങ്ങളും ആനുകാലികങ്ങളും നാമമാത്രമായി പ്രചാരത്തിൽ ഉണ്ട്. തമിഴ് മേഖലകളിൽ തമിഴ് ദിനപത്രങ്ങലും ആനുകാലിക്കങ്ങളും പ്രചാരത്തിൽ ഉണ്ട്.

'മ' പ്രസിദ്ധീകരണങ്ങളും സെക്സ് സിനിമ പോസ്റ്ററുകളും, ഈ പ്രദേശത്തിന്റെ സാംസ്കാരിക മേഖലയെ കടന്നാക്രമിക്കുന്നു.

നാടൻ കലാരൂപങ്ങളും, പാട്ടുകളും വിവിധ പ്രദേശങ്ങളിൽ പ്രചരിച്ചിരുന്നു എങ്കിലും മിക്കതും നഷ്ടമായ നിലയിൽ ആണ്. മുടിയാട്ടം, കുതിര തുള്ളൽ, കച്ചടികളി, പരിചമുട്ട്, തുടങ്ങിയ നാടൻ കലാരൂപങ്ങൾ നാട്ടാഘോഷങ്ങളുടെ ഭാഗമായി നിലനിൽക്കുന്നു. എങ്കിലും ഇവയും തളർച്ച ബാധിച്ച മട്ടിലാണ്. എന്നാൽ ഇവയുടെ സ്മരണ നിലനിർത്തുന്ന ചെറുസംഘങ്ങൾ അങ്ങിങ്ങ് നിലനിൽക്കുന്നു.

ഉപ്പുതറ പഞ്ചായത്തിന് ഒരു പൊതു കളിസ്ഥലം ഇല്ല. വിവിധ സ്കൂളുകളിൽ ഒന്നിനും നല്ല കളിസ്ഥലം ഇല്ല. കലാ കായിക രംഗങ്ങളിൽ മികവ് പുലർത്തുന്നവർക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല. സൈമ ക്ലബ്ബിനോട് ചേർന്നുള്ള സ്ഥലം ഇതിന് ഉപയോഗിക്കാവുന്നതാണ്. ആവശ്യമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ കടന്നു കയറ്റം വലുതായി സ്വാധീനിച്ചിട്ടില്ല എങ്കിലും ഡിഷ് ആന്റിനകളും കേബിൾ ടി. വി. നെറ്റ് വർക്കുകളും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉയർന്നു വരുവാൻ ആരംഭിച്ചുകഴിഞ്ഞു.

വളരെ അടുത്ത കാലത്തായി വ്യാപകമായ വ്യാജചാരായ വാറ്റ്, പണം വച്ചുള്ള ചീട്ടുകളി, തുടങ്ങിയ പ്രവർത്തനങ്ങൾ അടിയന്തര പ്രാധാന്യം നൽകി നിർത്തുന്നതിന് നടപടി സ്വീകരിച്ചില്ലായെങ്കിൽ ഈ പഞ്ചായത്തിന്റെ സാംസ്കാരിക മേഖല തകർന്ന് തരിപ്പണമാകുന്നതാണ്.

സാമൂഹ്യക്ഷേമം

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ദാരിദ്ര രേഖയ്ക്ക് താഴെയുള്ള 1974 കുടുംബങ്ങളാണുള്ളത്. 380 പട്ടിക ജാതി കുടുംബങ്ങളും 57 പട്ടിക വർഗ്ഗ കുടുംബങ്ങളാണുള്ളത്. 97 പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടെ 154 കുടുംബങ്ങൾക്കു മാത്രമേ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളു. ഇതിൽ 105 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്കു മുകളിലെത്തിയതായി കണക്കാക്കപ്പെടുന്നു. 1872 കുടുംബങ്ങൾ ഇപ്പോഴും ദാരിദ്രരേഖയ്ക്ക് താഴെയാണ്.

വിവിധ വിഷയങ്ങളിൽ ട്രൈസം പരിശീലനം നേടിയ 19 പേരിൽ 10 പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. 6 പേർ ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. 3 പേർ തൊഴിൽരഹിതരായി തന്നെ അവശേഷിക്കുന്നു.

ജെ. ആർ. വൈ. പദ്ധതി പ്രകാരം 14 വീടുകളും മില്ല്യൻ വെൽസ്കീമിൽ പെടുത്തി 77 വീടുകളും ഐ. എ. വൈ. പ്രകാരം 61 വീടുകളുമായി ആകെ 152 വീടുകൾ പഞ്ചായത്തിൽ അനുവദിച്ചിട്ടുണ്ട്.

വീടുകളുടെ എണ്ണം ഇനിയും വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ ലക്ഷ്യം നേടുവാൻ സാധിക്കുകയുള്ളു.

ഐ.ആർ.ഡി.പി. സർവ്വേ രേഖകളനുസരിച്ച് 1810 കുടുംബങ്ങൾക്ക് സാനിട്ടറി കക്കൂസുകളില്ല. വിവിധ പദ്ധതികളിലായി 44 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്.

1766 കുടുംബങ്ങൾക്ക് ഇനിയും കക്കൂസുകൾ ലഭ്യമാക്കേണ്ടതുണ്ട്. 300 കക്കൂസുകൾ കൂടി ഉടനടി അനുവദിക്കപ്പെടേണ്ടിയിരിക്കുന്നു.

കക്കൂസുകൾക്ക് അനുവദിച്ചിട്ടുള്ള 2000/- രൂപാ അപര്യാപ്തമായതിനാൽ ദാരിദ്ര രേഖയ്ക്കു താഴെയുള്ള പല കുടുംബങ്ങൾക്കും കക്കൂസുകളുടെ പണികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

93 ഗ്രാമീണ കൈത്തൊഴിലുകാരിൽ 52 പേർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ (R.A.P.) പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

41 പേർക്ക് കൂടി സഹായം ലഭ്യമാക്കേണ്ടതുണ്ട്.

ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ 95% ത്തിലധികം ഇപ്പോഴും അങ്ങിനെതന്നെ തുടരുന്നു.

പദ്ധതികളുടെ അപര്യാപ്തതയെ സൂചിപ്പിക്കുന്നു.

DWCRA പദ്ധതി പ്രകാരം 1994 -ൽ റജിസ്ട്രർ ചെയ്യപ്പെട്ട ഒരു വനിതാ സംഘം പത്ത് അംഗങ്ങളുമായി പ്രവർത്തിക്കുന്നതായി ലഭ്യമായ രേഖകളിൽ നിന്നു മനസ്സിലാക്കുന്നു. എന്നാൽ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങളൊന്നും ലഭ്യമല്ല.

പ്രശ്നങ്ങൾ

1. സാമൂഹിക ക്ഷേമ പദ്ധതികൾക്ക് വകയിരുത്തിയിരിക്കുന്ന തുകകൾ തീർത്തും അപര്യാപ്തമായതിനാൽ പലതും ഉദ്ദേശിച്ച ഫലം ഉളവാക്കിയിട്ടില്ല.

2. ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള സാങ്കേതിക നൂലാമാലകൾ കാരണം പലരും ഇവയ്ക്കു വേണ്ടി ശ്രമിക്കുന്നില്ല.

3. അനർഹരായ പലർക്കും ആനുകൂല്യങ്ങൾ ലഭിക്കുകയും, അർഹരായ പലർക്കും ലഭിക്കാതെ പോവുകയും ചെയ്യുന്നു.

4. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ജനകീയ സ്വഭാവം ഇല്ല.

5. പദ്ധതികളെ സംബന്ധിച്ച ശരിയായ അറിവുകൾ യഥാസമയം ജനങ്ങൾക്ക് ലഭിക്കുന്നില്ല.

6. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ നടക്കുന്നില്ല.

7. DWCRA ട്രൈസം പോലുള്ള പദ്ധതികൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നില്ല.

8. അർഹരായ മുഴുവൻ പേർക്കും പെൻഷനുകളും ധനസഹായങ്ങളും വിതരണം ചെയ്യുവാൻ സാധിക്കുന്നില്ല.

9. അംഗൻവാടികൾക്കും, ബാലവാടികൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുവാനുള്ള നടപടികൾ ഉണ്ടാകുന്നില്ല.

10. കുട്ടികളുടെ (ലോവർ പ്രൈമറി ഉൾപ്പെടെ) പോഷണനിലവാരം ഉയർത്തുന്നതിന് വേണ്ട ക്രിയാത്മക നടപടികൾ സ്വീകരിക്കുക.

11. IRDP സർവ്വേയുടെ കാല ദൈർഘ്യം കുറച്ചുകൊണ്ട് വർഷത്തിലൊരിക്കലെങ്കിലും സർവ്വേ നടത്തുക.

നിർദ്ദേശങ്ങൾ

സാമൂഹ്യക്ഷേമ പദ്ധതികളെ കുറിച്ചുള്ള ശരിയായ ബോധവൽക്കരണത്തിലൂടെയും നടപടികൾ ലഘൂകരിക്കുന്നതിലൂടെയും പരമാവധി പേരെ പദ്ധതികളിലേയ്ക്ക് ആകർഷിക്കണം. ആനുകൂല്യങ്ങൾ തേടുന്ന അനർഹരെ കണ്ടെത്തി ഒഴിവാക്കുകയും അർഹതപ്പെട്ടവർക്കെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് പര്യാപ്തമായ വിഹിതം അനുവദിക്കുക. സാമൂഹ്യക്ഷേമ പദ്ധതികൾ കൂടുതൽ ജനകീയ വൽക്കരിക്കുക.

IRDP സർവ്വേ പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം	ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തികം ലഭിച്ച കുടുംബങ്ങൾ	ഇതിൽ പട്ടികജാതി പട്ടികവർഗ്ഗം	സഹായം ലഭിച്ചതു വഴി ദാരിദ്രരേഖയ്ക്കു മുകളിൽ പോയവർ	ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ സഹായം ലഭിച്ചവരുൾപ്പടെ.
1974	437	154	97	105	1872

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (ഐ.ആർ.ഡി.പി സർവ്വേ പ്രകാരം)	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം 1992 നു ശേഷം	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1810	44	44	1766

പെൻഷനും, ധനസഹായവും സംബന്ധിച്ച വിവരങ്ങൾ

വിധവാ പെൻഷൻ	92
വികലാംഗ പെൻഷൻ	46
വാർദ്ധക്യകാല പെൻഷൻ	13
ക്ഷയരോഗ പെൻഷൻ	7
കാൻസർ പെൻഷൻ	5
കർഷകതൊഴിലാളി പെൻഷൻ	126
അവലംബം : ജനകീയ സർവ്വേ	

കുതിരകളി



ഹൈറേഞ്ച് മഹിളാ സമാജം
എം. സി. കവല
റെജി : നമ്പർ I 127/96

അറിയിപ്പ്

"മിച്ചം വയ്ക്കും നല്ല കുടുംബം
നേടും വീട്ടിന് സൗഭാഗ്യം"

ഒരുമിച്ച് നിൽക്കണം കൂട്ടുകാരെ
ഒരുമയുണ്ടെങ്കിലെ സൊരുമയുള്ളു
ഒരുമിച്ച് പൊരുതണം കൂട്ടുകാരെ
സൊരുമയുണ്ടങ്കിലേ വിജയമുള്ളു.

മിത്രങ്ങളെ,
കുടുംബ ഭദ്രതയും, ലഘുസമ്പാദ്യ ശീലവും വർദ്ധിപ്പിക്കുവാൻ
ക്രെഡിറ്റ് യൂണിയനിലും മഹിളാ സമൃദ്ധിയോജനയിലും
അംഗങ്ങളാകുക.

ക്രെഡിറ്റ് യൂണിയനിൽ അംഗങ്ങളായവർക്കുള്ള
മിതമായ പലിശയ്ക്കുള്ള വായ്പകൾ വിതരണം ചെയ്യുന്നു.
വിശദ വിവരങ്ങൾക്ക് ഹൈറേഞ്ച് മഹിളാ സമാജം ആഫീസുമായി ബന്ധപ്പെടുക.

സെക്രട്ടറി
ഹൈറേഞ്ച് മഹിളാ സമാജം
യൂണിറ്റ് കമ്മിറ്റി
ആനപ്പള്ളം.

വനിതാ ക്ഷേമം

1991 ലെ കാനേഷുമാരി പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തേക്കാൾ കൂടുതലാണ്. പഞ്ചായത്തിലെ ഏറ്റവും പ്രമുഖ തൊഴിൽ മേഖലയായ തോട്ട വ്യവസായത്തിൽ ജോലിചെയ്തു വരുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്.

സ്വകാര്യ കൃഷിയിടങ്ങളിലും, പാറമടകളിലും, മറ്റ് തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് മുൻതൂക്കം ഉണ്ടെങ്കിലും വേതന നിരക്കിൽ പുരുഷന്മാരെക്കാൾ പിന്നിലാണ് . വിദ്യാഭ്യാസ – കുടുംബക്ഷേമ രംഗങ്ങളിൽ സ്ത്രീകൾ പിന്നിലാണ്.

വിവിധ സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് നിരക്ക് പരിശോധിക്കുമ്പോൾ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്കു നിരക്കാണ് കൂടുതൽ

തോട്ടവ്യവസായ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥിനികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് കൂടുതലായി കാണാം.

സാമ്പത്തിക നേട്ടം ലക്ഷ്യമാക്കി അദ്ധ്വാനം വിൽക്കുവാൻ കഴിയാത്ത സ്ത്രീകളിൽ ഭൂരിപക്ഷവും സ്വന്തം കുടുംബാവശ്യങ്ങൾക്കായി പകലന്തിയോളം പണിയെടുക്കുന്നവരാണ്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാൻ കഴിയുന്നില്ല.

സ്വന്തം പുരയിടങ്ങളിലെ കൃഷിപ്പണികൾ കൂടിവെള്ളം ശേഖരിക്കൽ, കന്നുകാലി വളർത്തൽ തുടങ്ങിയ ശ്രമകരമായ ജോലികൾ ഏതാണ്ട് മുഴുമായും സ്ത്രീകളുടെ ചുമതലയിലാണ്.

വനിതകളുടെ സാമൂഹ്യവും – സാമ്പത്തികവും–സാംസ്ക്കാരികവുമായ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പല സംഘടനകൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല. തന്മൂലം സ്ത്രീകളുടെ ഉയർച്ച ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ഒന്നും ഗ്രാമപഞ്ചായത്തിൽ നടക്കുന്നില്ലായെന്നു പറയാം.

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടി നടപ്പാക്കപ്പെടുന്ന പ്രത്യേക പരിചരണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ഭൂരിപക്ഷം പ്രദേശങ്ങളിലും വേണ്ടരീതിയിൽ നടക്കുന്നില്ല.

ഗർഭിണികൾക്കു വേണ്ട പ്രത്യേക പരിചരണ നടപടികൾ (പ്രതിരോധ കുത്തിവയ്പ്പ്,പോഷണ മൂല്യം,മുതലായവ) വേണ്ടതുപോലെ ഭൂരിപക്ഷത്തിനും ലഭിക്കുന്നില്ല.

DWCRA യൂണിറ്റുകൾ ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി കാണുന്നില്ല. 1994 ൽ പുളിങ്കട്ട കേന്ദ്രമാക്കി ആരംഭിച്ചതായി രേഖകളിൽ കാണുന്ന DWCRA യൂണിറ്റിന്റെ പ്രവർത്തന വിവരങ്ങൾ ഒന്നും ലഭ്യമല്ല.

ബഹുജന സംഘടനകളിൽ സ്ത്രീകൾ പ്രവർത്തിക്കുന്നു എങ്കിലും നേതൃത്വപരമായ പങ്കുവഹിക്കുന്ന സ്ത്രീകൾ കുറവാണ്. മിക്ക വിദ്യാലയങ്ങളിലും മാതൃസംഗമം നാമമാത്രമാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്തിച്ചേർന്നിട്ടുള്ള സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള സ്ത്രീകളിൽ കൂടുതലും കുടുംബജീവിതത്തിൽ ഒതുങ്ങി കഴിയുന്നു.

മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും പലതും സജീവമായി പ്രവർത്തിക്കുന്നില്ല. ഒറ്റപ്പെട്ട സംരംഭങ്ങൾ ഇല്ലാതെയും ഇല്ല.

ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റും വൈസ് പ്രസിഡന്റും, രണ്ടു മെമ്പർമാരും ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന ജില്ലാ പഞ്ചായത്ത് വാർഡു മെമ്പറും വനിതകളാണ്.

പഞ്ചായത്ത് രാജ് നിയമത്തിലൂടെ നിലവിൽ വന്ന ഈ സ്ഥിതി ഈ പഞ്ചായത്തിലെ മൊത്ത സ്ത്രീകളിൽ പ്രതിഫലിച്ചു കാണുന്നില്ല.

ആസൂത്രിതവും, ബോധപൂർവ്വകമായ പ്രവർത്തനത്തിലൂടെയും സ്ത്രീകളുടെ സാമൂഹ്യ പിന്നോക്കാവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സാധിക്കും.

പ്രശ്നങ്ങൾ

1. തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നു.

2. സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുവാൻ വേണ്ട പ്രവർത്തനങ്ങൾ നടക്കുന്നില്ല.

3. കൂലി നിരക്കിൽ വലിയ അന്തരം ഉണ്ട്.

4. സ്ത്രീകൾ സാമൂഹ്യമായി ചൂഷണം ചെയ്യപ്പെടുന്നു.

5. വിദ്യാലയങ്ങളിലും പൊതുസ്ഥലങ്ങളിലും, തൊഴിൽ കേന്ദ്രങ്ങളിലും സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ലഭ്യമല്ല.

6. തൊഴിൽ പരിചയവും നേതൃത്വ പരിചയവും കുറവാണ്.

7. DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.

8. സ്ത്രീധനം പോലുള്ള അനാചാരങ്ങൾ കൂടിക്കൂടി വരുന്നു.

9. തൊഴിൽ ചെയ്യുന്ന സ്ത്രീകൾ പലരും പത്തു മുതൽ പതിനാറു മണിക്കൂർ വരെ ജോലി ചെയ്യേണ്ടി വരുന്നു.

10. ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും വേണ്ട പ്രത്യേകവും, അടിയന്തരവുമായ പരിചരണ സൗകര്യം ലഭിക്കുന്നില്ല.

11. വിദ്യാലയങ്ങളിലെ പെൺകുട്ടികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് തടയുവാൻ കഴിയുന്നില്ല.

12. തോട്ട വ്യവസായത്തിലെ സ്ത്രീതൊഴിലാളികൾക്ക് ലൈൻസിൽ വെള്ളം കിട്ടുവാൻ സൗകര്യമില്ല. ആയതിനാൽ ഗാർഹിക ആവശ്യങ്ങൾ മുടങ്ങുന്നു.

സാദ്ധ്യതകൾ

1. സ്ത്രീകൾക്കു മാത്രമായി കൂട്ടായി തൊഴിൽ ചെയ്യുവാൻ സാധിക്കുന്ന മേഖലകളെപ്പറ്റി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, സഹായം എത്തിക്കുകയും ചെയ്യണം.

2. മഹിളാ സമാജങ്ങളുടെ പ്രവർത്തനം ശക്തമാക്കണം.

3. മഹിളാ പ്രസ്ഥാനങ്ങൾക്ക് ഏകീകൃത സ്വഭാവം ഉണ്ടാക്കണം.

4. സ്ത്രീധന നിരോധനം, സ്ത്രീ സംരക്ഷണം, കുടുംബശാന്തി ഇവകൾക്കു വേണ്ട സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കണം.

5. സ്ത്രീകളെ സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുവാനുള്ള നടപടി സ്വീകരിക്കണം.

6. സ്ത്രീകളുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഉപ്പുതറ പോലീസ് സ്റ്റേഷനിൽ കൂടുതൽ വനിതാ കോൺസ്റ്റബിൾമാരെ നിയമിക്കണം.

7. സ്ത്രീകൾക്ക് തൊഴിൽ മേഖലയിൽ കൂടുതൽ പഠനം നടത്തുന്നതിന് ആവശ്യമായ വ്യവസായ ട്രെയിനിംഗ് യൂണിറ്റ് ഉപ്പുതറയിൽ സ്ഥാപിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ പതിനൊന്നു വാർഡുകളാണുള്ളത്. ഏഴു വാർഡുകളിൽ മാത്രമാണ് കോളനികൾ ഉള്ളത്. നാലു വാർഡുകളിൽ കോളനികളില്ല. എസ്റ്റേറ്റു മേഖലയും, കാർഷിക മേഖലയും ഉൾപ്പെട്ടതാണ് ഉപ്പുതറ ഗ്രാമപഞ്ചായത്ത്.

II, V, VI, VII വാർഡുകളിൽ കോളനികൾ ഇല്ല. എന്നാൽ ഈ വാർഡുകളിൽ ധാരാളം പട്ടിക ജാതിക്കാർ സ്ഥിരമായി താമസിക്കുന്നുണ്ട്. ഒറ്റപ്പെട്ട ചില ആനുകൂല്യങ്ങൾ മാത്രമാണ് ഈ കൂട്ടർക്ക് ലഭിക്കുന്നത്. കോളനി നിവാസികൾക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളും ഇവർക്ക് നിഷേധിക്കപ്പെടുകയാണ്.

എന്നാൽ IV -ാം വാർഡിൽ 2-ഉം VII -ാം വാർഡിൽ 3-ഉം, III -ാം വാർഡിൽ 2-ഉം വീതം പട്ടികജാതി കോളനികൾ ഉണ്ട്.

ഗ്രാമപഞ്ചായത്തിൽ IV -ാം വാർഡിൽ ഉള്ള രണ്ട് കോളനികളിൽ ഒന്ന് I.H.D.P. കോളനിയായി പ്രഖ്യാപിച്ചിട്ടുണ്ട്. XI -ാം വാർഡിലെ ആനപ്പള്ളവും I.H.D.P. കോളനിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

I.H.D.P കോളനികൾ ഒഴികെയുള്ള ഒൻപതു കോളനികളിലും നാമമാത്രമായുള്ള ആനുകൂല്യങ്ങളും, സഹായങ്ങളും മാത്രമേ, ലഭ്യമാകുന്നുള്ളു.

കോളനികളെ സംബന്ധിച്ച ലഘു വിവരം ഈ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും പട്ടിക ജാതിക്കാർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വ്യക്തവും, കൃത്യവുമായ യാതൊരു രേഖകളും താലൂക്ക് പട്ടിക ജാതി ആഫീസിൽ ലഭ്യമല്ല. കാരണം ഇതേ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന മറ്റ് ഡിപ്പാർട്ടുമെന്റുകൾ പരസ്പരം ബന്ധമില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്.

പട്ടികജാതിക്കാർക്കായി ഓരോ ആഫീസുകളിൽ നിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് താലൂക്ക് പട്ടിക ജാതി ആഫീസിൽ വിവരങ്ങൾ അറിയിക്കുവാൻ നടപടി ഉണ്ടാകണം.

വരും നാളുകളിലെങ്കിലും ഈ സ്ഥിതിക്ക് ഒരു മാറ്റം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

ആമുഖം എന്ന നിലയിൽ സൂചന നൽകി വിവരശേഖരണ റിപ്പോർട്ടു സമർപ്പിക്കുന്നു.

ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ് I

ഒൻപതേക്കർ പട്ടികജാതി കോളനി (1980)

കോളനിയുടെ അംഗീകൃത ലിസ്റ്റിൽ 16 കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ടി കോളനിയിൽ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടാത്ത 90 ഓളം കുടുംബങ്ങളുണ്ട്. ഉപ്പുതറ ടൗണിൽ നിന്നും ഉദ്ദേശം 2 കിലോമീറ്റർഉള്ളിലാണ് കോളനി സ്ഥിതിചെയ്യുന്നത്. കോളനിയുടെ അതിർത്തിവരെ വൈദ്യുതിയും വാട്ടർസപ്ലൈയും എത്തിയിട്ടുണ്ടെങ്കിലും കോളനിനിവാസികൾക്ക് ഇവ രണ്ടും ഇന്നും അന്യമാണ്.

വീടുകൾ, കക്കൂസുകൾ, വഴി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായും ചെയ്തു കൊടുക്കേണ്ടതാണ്.

കാലി വളർത്തലിന് അനുയോജ്യമായ ഭൂപ്രദേശമാണ്

വാർഡ് III

ഉപ്പുതറ പട്ടിക ജാതി കോളനി

1988ൽ ആണ് അംഗീകാരം ലഭിച്ചത്. കോളനിയുടെ അംഗീകൃത ലിസ്റ്റിൽ 30 കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ലിസ്റ്റിൽ ഉൾപ്പെടാത്ത പത്തോളം കുടുംബങ്ങൾ ഉണ്ട്. ഈ കുടുംബങ്ങളെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുവാനുള്ള നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു. കോളനിയിൽ വൈദ്യുതി എത്തിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ 2/3 ശതമാനം കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. കോളനിയിൽ കുടിവെള്ള ക്ഷാമം വളരെ രൂക്ഷമാണ്.

ഉപ്പുതറ-പൊരികണ്ണി-ചപ്പാത്ത് റോഡ് ഈ കോളനിയിലൂടെയാണ് കടന്നു പോകുന്നത്.

ഗ്രാമപഞ്ചായത്തിന്റെയും, ബ്ലോക്ക് പഞ്ചായത്തിന്റെയും തുച്ഛമായ ഫണ്ടു പയോഗിച്ചും കുറെ പണികൾ ചെയ്തിട്ടുണ്ടെങ്കിലും ഇന്നും ഈ റോഡ് ഗതാഗതയോഗ്യമല്ല.

ഏലപ്പാറയിൽ നിന്നും കോളനി വഴികടന്ന് ഉപ്പുതറയിൽ എത്താൻ കുറഞ്ഞ ദൂരം മാത്രമേ ഉള്ളു. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് 25 ലക്ഷം രൂപയുടെ ഒരു പദ്ധതി വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. ഈ കോളനിയുടെ രണ്ടു ഭാഗങ്ങളിലായി കരിന്തരുവി എസ്റ്റേറ്റും, പീരുമേട് ടീ കമ്പനിയും സ്ഥിതി ചെയ്യുന്നു. പീരുമേട് റ്റീ കമ്പനിയിലൂടെ 400 മീറ്ററോളം സഞ്ചരിച്ചു വേണം കോളനിയിൽ എത്തുവാൻ. ഈ വഴിക്ക് ഉദ്ദേശം അൻപതു വർഷം പഴക്കം ഉണ്ട്. കോളനിയിലേക്ക് വൈദ്യുതി ലൈൻ എത്തിയിട്ടുണ്ട്. കോളനി നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുവാൻ നിലവിലുള്ള റോഡ് ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്.

വൈദ്യുതി, കക്കൂസ്, വീട്, എന്നി അടിസ്ഥാന സൗകര്യങ്ങൾ 75% പേർക്കും ലഭിക്കേണ്ടതുണ്ട്. ടി പ്രദേശത്തെ മണ്ണൊലിപ്പു തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് കൃഷികൾ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാകുന്നു.

ഗ്രാമപഞ്ചായത്ത് വാർഡ് III

പൊരികണ്ണി പട്ടികജാതികോളനി

1988-ൽ ആണ് ഈ കോളനിക്ക് അംഗീകാരം ലഭിച്ചത്. 42 കുടുംബങ്ങളാണ് അംഗീകൃത ലിസ്റ്റിൽ ഉള്ളത്. പാറക്കെട്ടുകൾ നിറഞ്ഞ ഒരു പ്രദേശമാണിത്. ഉയർന്ന കുന്നിൻപ്രദേശമാണ്.

വൈദ്യുതി, ശുദ്ധജലം എന്നിവ പൂർണ്ണമായും ഇല്ല. കോളനിയുടെ സമീപത്തുകൂടി വൈദ്യുതിലൈൻ കടന്നു പോകുന്നുണ്ട്. കോളനിയിലേക്ക് കടന്നു ചെല്ലുവാനുള്ള റോഡുകൾ ഇല്ല. ഒറ്റമരം-പൊരികണ്ണി-ചപ്പാത്ത് റോഡ് (പഞ്ചായത്ത്) ഉണ്ട്. ഈ റോഡ് ഗതാഗതയോഗ്യമല്ല.

ഉപ്പുതറ കോളനിയിൽ നടപ്പിലാക്കാൻ പ്രൊപോസൽ വച്ചിരിക്കുന്ന വാട്ടർ സപ്ലൈസ്കീമിൽ ഈ കോളനിയെക്കൂടി ഉൾപ്പെടുത്തിയാൽ കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയും.

വൻ പാറക്കൂട്ടങ്ങൾ ഉള്ള ഈ പ്രദേശത്ത് കല്ലുപണിചെയ്ത് കാലയാപനം നടത്തുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുവാൻ പര്യാപ്തമായ പദ്ധതി ആവിഷ്ക്കരിക്കുവാൻ വേണ്ടതു ചെയ്യേണ്ടതാണ്.

കക്കൂസ്, വീട്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ തുലോം കുറവാണ്. കോളനിയിൽ വൈദ്യുതി എത്തിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കയ്യാല പദ്ധതി നടന്നിട്ടുണ്ട്. കോളനിയിൽ പി.എച്ച്. സെന്ററിന്റെ കീഴിലുള്ള ഒരു സബ്ബ് സെന്ററിന്റെ പ്രവർത്തനം അനിവാര്യമാണ്.

ഗ്രാമപഞ്ചായത്ത് വാർഡ് IV

അമ്പലപ്പാറ പട്ടികജാതികോളനി

I.H.D.P.

ഈ കോളനിയിൽ 52 കുടുംബങ്ങളെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനിയും പതിനഞ്ചോളം കുടുംബങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാനും ഉണ്ട്.

ഏലപ്പാറ - കട്ടപ്പന, ചീന്തലാർ എസ്റ്റേറ്റ്, കരിന്തരുവി എസ്റ്റേറ്റ് ഇവ കോളനിയുടെ അതിരുകളായി സ്ഥിതിചെയ്യുന്നു. സാമാന്യം ഫലഭൂയിഷ്ഠമായ കാർഷികഭൂമിയാണ്. പീരുമേട് ടീ കമ്പനിയിൽ കൂടിയാണ് കോളനിയിലേയ്ക്കുള്ള പ്രധാനറോഡ് കടന്നു പോകുന്നത്. എസ്റ്റേറ്റ് മാനേജ്മെന്റർ പലപ്പോഴും തടസ്സം സൃഷ്ടിക്കാറുണ്ട്. വൈദ്യുതി ഉണ്ട്, വാട്ടർ സപ്ലൈസ്കീം തയ്യാറാക്കിവരുന്നു. കാർഷികമേഖല മെച്ചപ്പെടുത്തുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്ത് വാർഡ് IV

കൈതപ്പതാൽ പട്ടികജാതികോളനി

42 കുടുംബങ്ങൾ ടി കോളനിയിൽ ഉണ്ട്. പൂർണ്ണമായും കാർഷിക മേഖലയാണ്. വൈദ്യുതി ഉണ്ട്. കട്ടപ്പന ബ്ലോക്കിന്റെ സഹായത്തോടെ ചിന്നാർ 4-ാം മൈലിൽ നിന്ന് കൈതപ്പതാൽ വഴി ഏലപ്പാറ-ഉപ്പുതറ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിച്ചിട്ടുണ്ട്. കോളനിയിൽ ഒരു ഗവൺമെന്റ് എൽ. പി. സ്കൂൾ പ്രവർത്തിക്കുന്നുണ്ട്.

ശുദ്ധജല വിതരണം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടില്ല. കുരുമുളക് സംരക്ഷണ സമിതി പ്രവർത്തിക്കുന്നു.

കോളനി നിവാസികൾക്ക് ഫലപ്രദമായി നാളിതുവരെ ഒന്നും ചെയ്തു കൊടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് വാർഡ് VII

ഇഞ്ചിമലേപ്പുതുവൽ പട്ടികജാതി കോളനി

ഈ കോളനിയിൽ 30 കുടുംബങ്ങളാണ് അംഗീകൃത ലിസ്റ്റിൽ ഉള്ളത്. പൂണ്ണമായും കാർഷിക മേഖലയാണ്. ബ്ലോക്കിന്റെ സഹായത്തോടെ ഒരു റോഡ് തീർത്തിട്ടുണ്ട്. കോളനിയിൽ ശുദ്ധജലക്ഷാമം പരിഹരിക്കപ്പെട്ടിട്ടില്ല. കോളനിയിൽ പൂർണ്ണമായി വൈദ്യുതി ലഭിച്ചിട്ടില്ല. ഉയർന്ന കുന്നിൻപ്രദേശമാണ്, കാലി വളർത്തലിന് അനുയോജ്യമായ പ്രദേശമാണ്.

ഗ്രാമപഞ്ചായത്ത് വാർഡ് VII

കാപ്പിപതാൽ പട്ടിക ജാതി കോളനി

75 കുടുംബങ്ങളെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉപ്പുതറ-ഏലപ്പാറ, ഏലപ്പാറ-പശുപ്പാറ റോഡും കോളനിയുടെ സമീപത്തുകൂടി കടന്നു പോകുന്നു. വൈദ്യുതി എത്തിയിട്ടുണ്ട്. കോളനിയിൽ പട്ടിക വികസന വകുപ്പിൽ നിന്നും ടി.വി. ലഭിച്ചിട്ടുണ്ട്. കുടിവെള്ള ക്ഷാമം കുറവാണ്. ആകെ കുടുംബങ്ങളിൽ 75% കുടുംബങ്ങൾക്കും വീടുകൾ ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്നവർക്കുകൂടി വീടുകൾ വയ്ക്കുവാനുള്ള സഹായം നൽകേണ്ടതാണ്.

വിശാലമായ പുൽമേടുകൾ ഉള്ളതിനാൽ കാലിവളർത്തലിന് അനുയോജ്യമാണ്. ഇവിടെ ഒരു തമിഴ്-മലയാളം ഹൈസ്കൂൾ പ്രവർത്തിക്കുന്നു. (മാനേജ്മെന്റ്)

ഗ്രാമപഞ്ചായത്ത് വാർഡ് VII

മലൈപുതുവൽ പട്ടികജാതി കോളനി

61 കുടുംബങ്ങളെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാപ്പിപ്പതാൽ ഹൈസ്കൂൾ റോഡിനും, പീരുമേട് റ്റീ കമ്പനിയോടും ചേർന്നുള്ള വെസ്റ്റേൺ ഫോറസ്റ്റിനോടും ചേർന്നാണ് ഈ കോളനി സ്ഥിതി ചെയ്യുന്നത്. യാതൊരു വികസന പ്രവർത്തനങ്ങളും എത്തിയിട്ടില്ല. കോളനി നിവാസികൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല.കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്, ഗതാഗതയോഗ്യമായവഴിയില്ല. വീടുകളുടെയും, കക്കൂസുകളുടെയും അപര്യാപ്തത വളരെക്കൂടുതലാണ്.

ഒട്ടേറെ വികസനപ്രവർത്തനങ്ങൾ അടിയന്തരമായി ചെയ്യുവാൻ നടപടിയുണ്ടാകണം.

സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ചാൽ അതിനു തയ്യാറുള്ള വനിതകൾ ധാരാളം ഉണ്ട്.

ഗ്രാമപഞ്ചായത്ത് വാർഡ് IX

ആനപ്പള്ളം കH.D.ജ. കോളനി

78 കുടുംബങ്ങളെയാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തീവ്രയത്ന വികസന പരിപാടിയുടെ ഭാഗമായി വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. വയറിംഗ് പൂർത്തീകരിച്ച എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. വാട്ടർ സപ്ലൈസ്കീമിൽ പെട്ട പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും വികസന വകുപ്പിന്റെ ടി. വി. സെറ്റ് നൽകിയിട്ടുണ്ടെങ്കിലും ഇന്നും ഫലപ്രദമായി ഉപയോഗിക്കുന്നില്ല. നിലവിലുണ്ടായിരുന്ന കോളനി കമ്മിറ്റി കാലാവധി കഴിഞ്ഞിട്ടും പുതിയ കമ്മിറ്റി തിരഞ്ഞെടുത്തിട്ടില്ല. നിലവിൽ കമ്മിറ്റി പ്രവർത്തിക്കുന്നില്ല. 75% കുടുംബങ്ങൾക്ക് വീടു

കൾ ലഭ്യമായിട്ടുണ്ട്. കക്കൂസുകളും നിർമ്മിച്ചിട്ടുണ്ട്.

വളക്കൂറുള്ള മണ്ണാണ്, മണ്ണൊലിപ്പ് തടയുവാനുള്ള കയ്യാല പദ്ധതി പൂർത്തിയാക്കപ്പെട്ടിട്ടില്ല. പണികൾ തുടരുന്നു. ഒരു സബ്ബ് സെന്ററിന്റെ പ്രവർത്തനവും ഉണ്ട്. ഒരു മഹിളാ സംഘടന ഇവിടെ സമീപകാലത്ത് പ്രവർത്തനം ആരംഭിച്ചു. ഗതാഗതസൗകര്യത്തിന്റെ കുറവുമൂലം വികസന പ്രവൃത്തനങ്ങൾ മന്ദീഭവിച്ചു കിടക്കുകയാണ്.

ഗ്രാമപഞ്ചായത്ത് വാർഡ് IX

അർജ്ജുനൻ മല പുതുവൽ

ആകെ കുടുംബങ്ങൾ 58 ആണ്.

ചിന്തീലാർ–പശുപ്പാറ റോഡ്, പശുപ്പാറ എസ്റ്റേറ്റ് കാപ്പിപതാൽ – വാഗമൺ റോഡ് എന്നിവ കോളനിയുടെ ചുറ്റിലുമായി സ്ഥിതിചെയ്യുന്നു.

ഉയരത്തിലുള്ള കുന്നിൻപ്രദേശമാണ്.

വൈദ്യുതിയും കുടിവെള്ളവും എത്തിക്കുവാൻ വളരെയേറെ പ്രയാസം ഉള്ള പ്രദേശമാണ്. കുന്നിൻ അടിവാരത്ത് കുളം നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.

കാലി വളർത്തലിന് അനുയോജ്യമായ പ്രദേശമാണ്. പശുപ്പാറ ലക്ഷംവീട് കോളനി ജംഗ്ഷനിൽ ട്രാൻസ്ഫോർമർ (ത്രീ ഫെയ്സ്) സ്ഥാപിച്ച് കോളനിയിലേക്ക് വൈദ്യുതി എത്തിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്ത് വാർഡ് X

മത്തായിപ്പാറ കോളനി

48 കുടുംബങ്ങൾ അംഗീകൃത ലിസ്റ്റിൽ ഉണ്ട്. പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശമാണ്. കാർഷിക വിളകൾ വളരെ കുറവാണ്.

കാലി വളർത്തലിന് അനുയോജ്യമായ പ്രദേശമാണ്. കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചാൽ വളരെയേറെ പ്രയോജനം ഉണ്ട്.

കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ ഉദ്പാദിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഗ്രാമപഞ്ചായത്ത് വാർഡ് II

ഉപ്പുതറ മത്തായിപ്പാറ ട്രൈബൽ കോളനി (I.H.D.P)

ഗ്രാമപഞ്ചായത്തിന്റെ പതിനൊന്നാം വാർഡ് പ്രദേശമായ മത്തായിപ്പാറയാണ് ട്രൈബൽ കോളനി സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന്റെ മറ്റു വാർഡുകളെ അപേക്ഷിച്ച് ട്രൈബൽ വിഭാഗത്തിൽപ്പെട്ടവർ അധിവസിക്കുന്ന ഒരു പ്രദേശംകൂടിയാണ് പതിനൊന്നാം വാർഡിന്റെ മത്തായിപ്പാറ–വളകോട് പ്രദേശം. 88 കുടുംബങ്ങളെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാനപരമായിട്ടുള്ള വികസന പ്രവർത്തനങ്ങളിൽ 75% എത്തിയിട്ടുണ്ട്. ഈ വിഭാഗം ഇന്നും ഒരു പ്രത്യേക പോർഷനിൽ ഒരുമിച്ചു താമസിച്ചു വരുന്നു. ഈ വിഭാഗത്തെ പൊതുധാരയിൽ എത്തിക്കുന്നതിനുവേണ്ടി ഇവരുടെ ഇടയിൽ പ്രവർത്തിച്ചുവരുന്ന ഒരു മഹിളാ പ്രസ്ഥാനമാണ്. സെന്റർ ഫോർ ഹൈറേഞ്ച് ഡെവലപ്പ്മെന്റ് ആക്ഷൻ (CHDA)

സർക്കാരിന്റെ ഭാഗത്തു നിന്നും ഇനിയും ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

താഴെ പറയുന്ന സ്ഥലങ്ങൾ പട്ടികജാതി കോളനികളായി പ്രഖ്യാപിച്ച് വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

വാർഡ്	സ്ഥലം
1	1. അമ്പലമേട്
	2.കാവേരിമല
	3. എം.സി. കവല
3	1. മാമരത്തുംമൊട്ട
8	1. ബാലകൃഷ്ണൻ കോളനി
	2. ഗംഗൻമൊട്ട കോളനി
9	1. പത്താം നമ്പർ
	2. പാലോലിക്കൽ
	3. കൂവേലറ്റം
10	1. വട്ടപ്പാറമേട്

ഈ പ്രദേശങ്ങളിൽ വളരെയേറെ പട്ടികജാതി കുടുംബങ്ങൾ താമസിച്ചു വരുന്നു എങ്കിലും യാതൊരു വികസനങ്ങളും എത്തിച്ചേർന്നിട്ടില്ല.

ഉപ്പുതറ ഗ്രാമപഞ്ചായത്ത് കോളനികളുടെ എണ്ണം.

1992 – 1994

ക്രമനമ്പർ	കോളനിയുടെ പേര്	വാർഡ്	കുടുംബം		ജനസംഖ്യ
			നിലവിലുള്ളത്	അധികം	
1	ഒൻപതേക്കർ കോളനി	1	16	44	
2	ഉപ്പുതറ കോളനി	3	30	10	
3	പൊരികണ്ണി കോളനി	3	42	--	
4	അമ്പലപ്പാറ കോളനി	4	52	15	
5	കൈതപ്പതാൽ കോളനി	4	49	—	
6	കാപ്പിപ്പതാൽ കോളനി	7	75	--	
7	മലേപ്പുതുവൽ കോളനി	7	61	--	
8	ഇഞ്ചിമലപ്പുതുവൽ കോളനി	7	30	--	
9	അർജ്ജുനൻമല കോളനി	9	58	30	
10	മത്തായിപ്പാറ കോളനി	10	48	--	
11	ആനപ്പള്ളം കോളനി	11	78	--	
12	മത്തായിപ്പാറ ട്രൈബൽ കോളനി	11	88	--	
	ആകെ ജനസംഖ്യ 92-93-94-95-96 വരെ				6262
	പട്ടികജാതി താലൂക്കാഫീസിൽ നിന്നും 91-92, 92-93, 93-94, 94-95, 95-96 വർഷത്തിൽ ഉപ്പുതറ ഗ്രാമപഞ്ചായത്തിന് നൽകിയത്				
91-92	വീടും സ്ഥലവും നൽകിയതും				5
92-93	ഇല്ല				
93-94	ഇല്ല				
94-95	വീടുനൽകിയത്, മേൽക്കൂര ബലപ്പെടുത്താൻ				3
95-96	വീടുനൽകിയത്				1
					2

1991 മുതൽ ഇൻഡസ്ട്രിയൽ ആഫീസിൽ നിന്നും പട്ടികജാതിക്കാർക്ക്
1996 ഒരു ലോൺ പോലും നൽകിയിട്ടില്ല.

റിപ്പോർട്ടർ
വി.കെ. കുഞ്ഞുമോൻ ഡി.ആർ.പി.
സഹായി സി.എസ്. രാജേന്ദ്രൻ എൽ.ആർ.പി.

വൈദഗ്ദ്ധ്യ പോഷണ പരിപാടി

ഈ പഞ്ചായത്തിൽ ഐ. റ്റി. ഐ. കളിലും പോളിടെക്നിക്കുകളിലും വിവിധ ട്രേഡുകളിൽ പരിശീലനം നേടിയ അനേകം ചെറുപ്പക്കാർ, അവരവർക്ക് യോജിച്ച ജോലി ലഭിക്കാത്തതിനാൽ, കൂലിപ്പണി ചെയ്തു ജീവിച്ചു വരുന്നു. അതിനാൽ ഇവരുടെ വൈദഗ്ദ്യം പഞ്ചായത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

ഇവർക്ക് പുനഃപരിശീലന പദ്ധതി ആസൂത്രണം ചെയ്താൽ, ഇവരുടെ വൈദഗ്ദ്യം, പഞ്ചായത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കത്തക്ക രീതിയിൽ ഇവരെ സ്വരൂപിച്ച് റൂറൽ ടെക്നോളജി സെന്റർ (R.T.C) സ്ഥാപിക്കുവാൻ കഴിയും.

വിവിധ സ്കീം കളിൽപ്പെടുത്തിയിട്ടുള്ള ഹൗസ് വയറിംഗ്, കക്കൂസ് നിർമ്മാണം തുടങ്ങിയുള്ള പ്രവർത്തനങ്ങൾക്ക് ഈ R.T.C. കളെ പ്രയോജനപ്പെടുത്താവുന്നതാണ്.

Maintance, Service കളുടെ അഭാവം മൂലം ഉപയോഗശൂന്യമായി കിടക്കുന്ന ബയോഗ്യാസ് പ്ലാന്റുകളും, ദക്ഷത കൂടിയ വിറക് അടുപ്പുകളും പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഉണ്ട്. ഫിറ്റർമാരുടെ ലഭ്യത ഉറപ്പാക്കിയാൽ ഇവ പ്രവർത്തന ക്ഷമതയുള്ളതാക്കാൻ കഴിയും.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും താത്പര്യമുള്ള യുവജനങ്ങളെ ANERT തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നതിന് സൗകര്യം ഉണ്ടാകണം.

സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നഴ്സിംഗ് മെഡിക്കൽ ലബോറട്ടറി ടെക്നീഷൻ എന്നീ മേഖലകളിൽ പാസ്സായി തൊഴിൽ രഹിതരായി നിൽക്കുന്ന അനേകം ചെറുപ്പക്കാർ ഈ പഞ്ചായത്തിൽ ഉണ്ട്. ഇവരെ സംഘടിപ്പിച്ച് സർക്കാർ തലത്തിലോ റെഡ്ക്രോസ് തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിലോ വേണ്ട രീതിയിൽ പരിശീലനം നൽകിയാൽ പകർച്ചവ്യാധികൾ തടയുന്നതിനും അടിസ്ഥാന പ്രാഥമികസൗകര്യങ്ങൾ നൽകുന്നതിനും ഇവരുടെ വൈദഗ്ദ്യം പ്രയോജനപ്പെടുത്താവുന്നതാണ്.

ഒറ്റതിരിഞ്ഞ് ഇലക്ട്രോണിക് റിപ്പയറിംഗ് ചെയ്യുന്ന പ്രായോഗിക പരിജ്ഞാനം മാത്രമുള്ള അനേകം ചെറുപ്പക്കാർ ഈ പഞ്ചായത്തിൽ ജോലിചെയ്തു വരുന്നു. ഇവരെ സമുന്നയിപ്പിച്ചുകൊണ്ട് പരിശീലനം നൽകി കൂടുതൽ ഫലപ്രദമായി അവരുടെ വൈദഗ്ദ്യം ഉപയോഗപ്പെടുത്താൻ കഴിയും.

ഈ കാര്യങ്ങൾ നടത്തുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകേണ്ടതാണ്.

വിഭവസമാഹരണം

പഞ്ചായത്തിന്റെ ധനാഭ്യർത്ഥന അനുസരിച്ച് രൂപാ 7,16,485.85 -ടെ വരവ് ഉള്ളതിൽ രൂപാ 5,97,954.55 പിരിച്ചെടുക്കുകയും ബാക്കി രൂപാ 1,18, 531.30 പിരിഞ്ഞുകിട്ടുന്നതിനും ഉണ്ട്.

ധനാഭ്യർത്ഥന അനുസരിച്ച് കെട്ടിട നികുതി ഇനത്തിൽ 1,77,748.75 ആണ് ഉള്ളത്. നിയമാനുസൃതം കെട്ടിട നികുതി ഈടാക്കിയാൽ ഈ തുക 150% ആക്കി ഉയർത്താവുന്നതാണ്.

വിനോദനികുതി ഇനത്തിൽ രൂപാ 16,813.35 ആണ് കാണിച്ചിരിക്കുന്നത്. കുറേക്കൂടി കാര്യക്ഷമതയോടുകൂടി വിനോദ നികുതി പിരിച്ചെടുത്താൽ ടി തുകയും 150 % കണ്ട് പിരിച്ചെടുക്കാവുന്നതാണ്.

അഡീഷണൽ വിനോദ നികുതി രൂപാ 10104.25 ആണ് ഉള്ളത്. ടി തുകയും 150% വർദ്ധിപ്പിക്കാവുന്നതാണ്.

വസ്തു കൈമാറ്റ നികുതി (75%) രൂപാ 45,423/- ആണ് കിട്ടിയിട്ടുള്ളത്. ടി തുക വളരെ അപര്യാപ്തമാണ്. ഈ പഞ്ചായത്തിലെ വസ്തുവിന്റെ വിലയും കൈമാറ്റങ്ങളുടെ കണക്കും കണക്കാക്കിയാൽ വളരെയേറെ നഷ്ടം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വരുന്നതായി മനസിലാക്കാം. ന്യായമായി സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കാൻ തയ്യാറായാൽ ഈ തുക 300% കണ്ട് വർദ്ധിപ്പിക്കാൻ കഴിയും.

അതുപോലെതന്നെ വസ്തു കൈമാറ്റ നികുതി (25%) രൂപാ 419554/- ആണ് കിട്ടിയിട്ടുള്ളത്. ടി തുകയും 300% കണ്ട് വർദ്ധിപ്പിക്കാൻ കഴിയും.

ന്യായമായിട്ടും സ്റ്റാമ്പ് ഡ്യൂട്ടി ഇടാക്കുന്നതിനായി വസ്തു റജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് പഞ്ചായത്ത് പ്രസിഡന്റിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് വേണ്ട നിയമ നിർമ്മാണം നടത്തി ഇത് പരിഹരിക്കാവുന്നതാണ്.

സംഭാവന ഇനത്തിൽ വരവ് ഒന്നും ഇല്ല. വികസന പ്രവർത്തനങ്ങളിൽ, പൊതുമരാമത്ത് പണികൾ ടെണ്ടർ കൊടുക്കുന്ന നടപടി നിറുത്തി. പ്രാദേശിക, വികസനം സമതികളെ ഏല്പിച്ചാൽ തുകയുടെ 10-20% സംഭാവന ആയി സ്വീകരിക്കാവുന്നതാണ്. അതുകൊണ്ട് ടെണ്ടർ പരിപാടി പൂർണ്ണമായിട്ടും നിറുത്തൽ ചെയ്യണം.

ഇതു പ്രകാരം കണക്കാക്കിയാൽ

കെട്ടിട നികുതി	177748 .75 -	266623-12
വിനോദ നികുതി	16813.35 -	25220 - 02
അസി നികുതി	10104 -25	15156.38
വസ്തു കൈമാറ്റ നികുതി 75%	45423	-136269
" 25%	41954	125862
സംഭാവന (10%Estimate) Rs. 1,95,000/-	-	19000.00
	292043.35	588130.52
വർദ്ധനവ്	- 296087.17	
ധനാഭ്യർത്ഥന അനുസരിച്ച് ആകെ വരവ്	716485.85	
വർദ്ധനവ് വരുത്താറുണ്ട്	296087.17	
" %	41%	


വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)			
ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിട നികുതി	177748.75	111549.65	66199.1
സർവ്വീസ് ചാർജ്ജ്	29711.05	18668.85	11042.2
തൊഴിൽ നികുതി	246905	206415	40490
വാഹന നികുതി	--	--	--
വിനോദ നികുതി	16813.35	16813.35	--
അഡി. വിനോദ നികുതി	10104.25	10104.25	--
പ്രദർശന നികുതി	1304	1304	--
പ്രദർശന നികുതിയി ന്മേലുള്ള സർച്ചാർജ്ജ്	326	326	--
ചന്തവരവ്	800	--	800
ലാന്റ്സെസ്സ്	--	--	--
ലൈസൻസ് ഫീസ്	5880	5880	--
കെട്ടിട നികുതി സർച്ചാർജ്ജ്	--	--	--
വസ്തു കൈമാറ്റ നികുതി 75%	45423	45423	--
വസ്തു കൈമാറ്റ നികുതി 25%	41954	41954	--
സർക്കാർ ഗ്രാന്റുകളും മറ്റുമൊഴികെയുള്ള മറ്റ് വരവുകൾ	61867.5	61867.5	--
സംഭാവന	--	--	--
സെപ്പോസിറ്റ്	72670	72670	--
മറ്റുള്ളവ	4978.95	4978.95	--
ആകെ	716485.85	597954.55	118531.3

1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995-96	
ഇനം	തുക
1	2
ഭരണം	515507.65
പൊരുമരാമത്ത്	175690.55
വിദ്യാഭ്യാസം	21504.4
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	48556
തെരുവു വിളക്കുകൾ കത്തിക്കുന്നത്	16569
മറ്റുള്ളവ	224590
ആകെ	1002417.6

1.25 പൊതു സാമ്പത്തിക നില			
	പൊതുകണക്ക്	മൂലധന കണക്ക്	കടം സംബന്ധിച്ച കണക്ക്
1	2	3	4
വരവ്	1655821.65	187661.02	22170.55
ചെലവ്	804927.6	185615	11875

1.26 പൊതുമാരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ				
പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചെലവ്		
		ഗ്രാന്റ് തുക	പഞ്ചാ. ഫണ്ട്	ആകെ
1	2	3	4	5
റോഡ്	175000/-	50179	107114	157293
തോട്				
കെട്ടിടം	15000/-		10696.55	10696.55
നടപ്പാലം മറ്റുള്ളവ	5000		4448	4448
ആകെ	195000	50179	122258.55	17,2437.55

ജനകീയാസൂത്രണ പ്രസ്ഥാനം
ഉപ്പുതറ ഗ്രാമപഞ്ചായത്ത്



ഈ മഹാത്മാവിന്റെ സ്വപ്നം
സാക്ഷാൽക്കരിക്കട്ടെ